സാഹിത്യമഞ്ജരി

ഒമ്പതാം ഭാഗം

VALLATHOL GRANDHALAYAM
CHERUTHURUTHY

വള്ളത്തോൾ

Digitized By Kerala Sahitya Akademi

മൂന്നാംപതിപ്പ്
കോപ്പി 1000

വില:
1ക. 50ന. പ.

പകർപ്പവകാശം: സി. ഗോവിന്ദക്കുറുപ്പിന്ന്.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

1964 ഒക്ടോബർ

അച്ചടി
വള്ളത്തോൾ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൌസ്,
ചെറുതുരുത്തി.

Digitized By Kerala Sahitya Akademi

വിഷയവിവരം

വിഷയം	വൃത്തം	പേജ്
1. കൈക്കുമ്പിൾ	(ശ്ലോകം)	1
2. നിശ്വാസങ്ങൾ	(കേക)	6
3. ഇതിലേ, ഇതിലേ	(വഞ്ചിപ്പാട്ട്)	11
4. വൃഥാവിവാദം	(കേക)	16
5. പിന്മാറുവിൻ	(മാകന്ദമഞ്ജരി)	21
6. ഇരട്ടിപ്പടി	(കേക)	25
7. തേങ്ങാപ്പൂള്	(അന്നനട)	34
8. ശിപ്പായിലഹള	(കേക)	39
9. തറവാട്ടമ്മ	(മാകന്ദമഞ്ജരി)	45
10. കീർത്തിമുദ്ര	(കേക)	50
11. ചെകിടത്തടി	(കേക)	58
12, വിദ്യാരംഭം	(കാകളി)	62
13 വിവാഹമോചനം	(അന്നനട)	67
14. സ്വാഗതം	(കേക)	72
15. കന്നാലികളല്ല	(ശ്ലോകം)	79
16. മിഥ്യാഭിമാനം	(പാന)	86
17. കേരളം	(കേക)	90

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

(ഒമ്പതാം ഭാഗം)

1. കൈക്കുമ്പിൾ

1. ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളിർവിശറി,മണീ-
കീർണ്ണമാം നീലമേലാ-
പ്പോ,മൽത്തങ്കക്കുളോപ്പീവക വിഭവശതം
ചേർന്ന കേളീഗൃഹം മേ

1094-മേടത്തിൽ എഴുതിയതു്.

1. ശ്യാമപ്പൂമെത്ത—രാത്രിയാകുന്ന കിടക്ക. ചഞ്ചൽക്കുളിർവിശറി=ഇളകിക്കൊണ്ടിരിക്കുന്ന കുളിർവിശറി; കുളിർകാററു്. മണീകീർണ്ണം=മണികൾ (രത്നങ്ങൾ—നക്ഷത്രങ്ങൾ) ചിന്നിച്ചിതറിയ നീലമേലാപ്പു്—ആകാശം. (ആകാശം നീലനിറമാണല്ലോ.) ഓമൽത്തങ്കക്കുളോപ്പു്—ചന്ദ്രൻ. വിഭവശതം=നൂറു നൂറു വിഭവങ്ങൾ. കേളീഗൃഹം=കളിക്കൊട്ടിൽ (വിഹാരസ്ഥലം.) ഈ പ്രപഞ്ചം. പരമോദാരശീലൻ—ഈശ്വരൻ. കാമം=കൊതി. കൊച്ചു.........മലത്തുന്ന—വീണ്ടും വീണ്ടും തുച്ഛമായ അത്ഥനകളുമായി സമീപിക്കുന്ന. ഈ പ്രപഞ്ചത്തിൽ ഈശ്വരൻ, തനിക്കു രാത്രിയാകുന്ന പൂമെത്ത, മന്ദമാരുതൻ, നക്ഷത്രഖചിതമായ നീലാകാശം, ചന്ദ്രൻ—എന്നിങ്ങനെ ആകൃതിയിലും പ്രകൃതിയിലും മികവും മിഴിവും ഉ

Digitized By Kerala Sahitya Akademi

പ്രേമത്താലേ സ്വയം തന്നരുളിയ പരമോ-
ദാരശീലന്റെ മുമ്പിൽ-
ക്കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ,
മലർത്തുന്ന ഞാനെത്ര ഭോഷൻ!

* * * *

2. പാലാഴിപ്പെൺ തലോടും പദമുടയ ഭവാ-
നന്യകാര്യപ്രവാഹ-
ത്താലാവാം ശ്രദ്ധവെയ്ക്കാഞ്ഞതു പരമിതിലെ,-
ന്നാലുമില്ലിങ്ങമാന്തം

ള്ള നൂറു നൂറു മനോഹരവസ്തുക്കൾ സസ്നേഹം കനിഞ്ഞരുളി യിട്ടുണ്ട്. എന്നിട്ടും, ഇതിലൊന്നും മതിവരാതെ, താൻ കേവലം നിസ്സാരങ്ങളായ അഭ്യർത്ഥനകളുമായി അദ്ദേഹത്തിന്റെ മുമ്പിൽ കൈനീട്ടിക്കാണിയ്ക്കുന്നത് എത്ര പരിഹാസ്യമാണ്! കൈക്കുമ്പിൾ__അഭ്യർത്ഥനകളുടെ നിസ്സാരതയെ വ്യഞ്ജിപ്പിയ്ക്കുന്നു.

2. പാലാഴിപ്പെൺതലോടും പദമുടയ=ലക്ഷ്മീഭഗവതി തലോടുന്ന കാലോടുകൂടിയ. അന്യകാര്യപ്രവാഹം=മററു കാര്യങ്ങളുടെ ഒഴുക്ക്. (കാര്യങ്ങളുടെ തിക്കിത്തിരക്കൽ.) ദൂരയാത്രയ്ക്ക്—പരലോകയാത്രയ്ക്കു്. രജതത്തൊപ്പി=വെള്ളിത്തൊപ്പി. കാലാഭിഖ്യൻ=കാലം (കാലൻ) എന്നു പേരായ. കളാദാഗ്രണി=തട്ടാൻ. (പൊൻപണിക്കാരൻ) പ്രാപഞ്ചികകാര്യങ്ങളുടെ തിക്കിത്തിരക്കലിൽ ഐശ്വര്യപൂർണ്ണനായ മനുഷ്യൻ കാലം പോവുന്നതും പ്രായമാവുന്നതും മററും ശ്രദ്ധിയ്ക്കാറില്ല. എന്നാൽ അതുകൊണ്ടു കാലമെന്ന തട്ടാൻ തന്റെ പണിയിൽ യാതൊരു അമാന്തവും വരുത്താറില്ല. കാലം

Digitized By Kerala Sahitya Akademi

ചേലാന്ദ്ദൂരയാത്രയ്ക്കായി,തവ രജത-
ത്തൊപ്പി നിർമ്മിപ്പതിന്നായ്-
ക്കാലാഭിഖ്യൻ കളാദാഗ്രണി കറ കലരാ-
ക്കമ്പി നീട്ടിത്തുടങ്ങീ!

*　*　*　*

3. പ്രായം കണ്ടെത്തുമേതിൻ നഖരശിഖകളോ,
നീളവേ പോററൽ ചേർത്തൻ-
കായത്തെ,പ്പൂച്ച മാന്തീടിന പുതുപിശിത-
പ്പായ്പ്പൊതിയ്ക്കൊപ്പമാക്കി;

ചെല്ലുംതോറും, പ്രായമാവുംതോറും തല നരയ്ക്കാൻ തുടങ്ങുമല്ലോ. ഇതിനെ ദൂരയാത്രയ്ക്കുള്ള (പരലോകയാത്രയ്ക്കുള്ള) വെള്ളിത്തൊപ്പിയായി കല്പിച്ചിരിക്കുന്നു. പ്രായമായവർ ദൂരയാത്രക്കു തൊപ്പിയും മററും കരുതുക പതിവുള്ളത് ഇവിടെ സ്മരിക്കുക. കറകലരാക്കമ്പി=ഒരൊററ കറുത്ത രോമവും ബാക്കിവെക്കാതെ, സകല രോമവും നരപ്പിച്ചിരിക്കുന്നു! ഇത് ആ തട്ടാന്റെ പണിയുടെ മികവാണല്ലോ! അതുകൊണ്ടാണ് കളാദാഗ്രണി എന്നു പറഞ്ഞത്. ഐഹികസുഖങ്ങളിൽ മുങ്ങിത്താഴുന്ന ധനികന്മാർ മരണത്തെക്കുറിച്ചു തീരെ മറന്നുപോകാറുണ്ട്.

3. നഖരശിഖകൾ=കൂർത്ത നഖങ്ങൾ. പുതുപിശിതപ്പായ്പ്പൊതി=പുതിയ മാംസം പൊതിഞ്ഞിട്ടുള്ള പായക്കെട്ട്. വാർദ്ധക്യത്തിൽ ദേഹത്തിലുണ്ടാവുന്ന ചുക്കിച്ചുളിവുകൾ, മരണമാകുന്ന പിശാച് കൂർത്ത നഖങ്ങൾകൊണ്ട് മാന്തിപ്പൊളിച്ചപോലെതോന്നും—അതത്രയും നിർജ്ജീവമായിരിക്കുന്നു! ആയതിക്കും=അങ്ങനെ നിരന്തരം പണിയെടുത്തുകൊ

Digitized By Kerala Sahitya Akademi

ആ യതിയ്ക്കും പിശാചിന്നുടനിവനിരയായ്-
 പ്പോകിലാകട്ടെ തൃഷ്ണ-
ക്കായത്തൻ ഞാനൊരാൾക്കെങ്കിലുമുപകൃതിയെ-
ച്ചെയ്യുവെന്നാകുമല്ലോ.

* * * *

4. 'ഇന്നാടെല്ലാം വിളപ്പിച്ചിട്ടമുതുവിതു പോയ്
വല്ലപാട്ടും വസന്തം
വന്നാൽ, ഞാനിങ്ങു മാനത്തൊരു മണിരുചിര-
പ്പച്ചമേലാപ്പു കെട്ടും'

ണ്ടിരിയ്ക്കുന്ന പിശാച്—മരണം. ഞാൻ മരണത്തിന്നു, അടി പെട്ടുപോവുകയാണെങ്കിൽ ആവട്ടെ. തൃഷ്ണക്കായത്തൻ=സ്വാത്ഥി. ഉപകൃതി= ഉപകാരം. സ്വാത്ഥിയായ ഞാൻ ഒരാൾക്കെങ്കിലും ഉപകാരം ചെയ്യുവെന്നു് എനിയ്ക്കു കൃതാത്ഥനാകാമല്ലോ!

4. ഇന്നാടെല്ലാം വിളപ്പിച്ചിട്ടമുതു—ശിശിരം (ഇല കൊഴിയും കാലം) മണിരുചിരപ്പച്ചമേലാപ്പ്=ഇന്ദ്രനീലം പോലെ മനോഹരമായ പച്ചമേലാപ്പ്. കൂലവൃക്ഷം=ആററിൻ കരയ്ക്കുള്ള വൃക്ഷം. സരിത്ത്=പുഴ. മൂലമണ്ണു്=വേർമണ്ണു്. ശിശിരം കഴിഞ്ഞ് വല്ല വിധവും വസന്തകാലം വന്നാൽ, ജീർണ്ണതയും മുരടിപ്പുമൊക്കെക്കളഞ്ഞ് പുതുതായി കിളിർത്ത ഇലകളാൽ ഞാൻ ആകാശത്ത് ഒരു പച്ചമേലാപ്പുകെട്ടും എന്നു മനോരാജ്യംകൊള്ളുന്ന ആററിൻകരയ്ക്കുള്ള വൃക്ഷം വെള്ളത്തിന്റെ ഒഴുക്കിൽ തന്റെ വേരിന്നടിയിൽനിന്നു് മണ്ണ് ഒലിച്ചുപോകുന്നതു് അറിയുന്നുണ്ടോ, ആവോ! മനുഷ്യന്റെ വിചാരവും അങ്ങനെതന്നെയാണല്ലോ. ഈ ചീത്ത കാല

Digitized By Kerala Sahitya Akademi

എന്നാവാം കൂലവൃക്ഷത്തിനു നിനവു; സരി-
ത്തിൻെറ വൻനീരൊഴുക്ക-
ന്നന്നായ്ത്തന്മൂലമണ്ണാസകലമപഹരി-
യ്ക്കുന്നതാരെന്തറിഞ്ഞു?

മൊക്കെ ഒന്നു നീങ്ങിയാൽ, കാലമൊന്നു തെളിയും, അപ്പോൾ ഞാൻ കേമനാവും—ഈ മനോരാജ്യത്തിന്നിടയിൽ, വീണ്ടും വരാനിരിയ്ക്കുന്ന ദൌർഭാഗ്യത്തെപ്പററി, ഒടുവിൽ മരണംതന്നെ വിഴുങ്ങാൻ പോകുന്നതിനെപ്പററി മനുഷ്യൻ എന്തറിഞ്ഞു?

—*—

Digitized By Kerala Sahitya Akademi

2. നിശ്വാസങ്ങൾ

(കേക)

1. പ്രാണനായക, ഭവാ-
 നേതൊരു ദിക്കിൽഗ്ഗൂഢം
വാണരുളുന്നൂ തന്റെ
 ദാസിയെ സ്മരിക്കാതേ?
എൻകണ്ണിൽനിന്നീവണ്ണ,-
 മെന്റെ ലോകത്തിൻ വാർപ്പൂ-
ന്തിങ്കളെ മറയ്ക്കുന്ന
 കാർമുകിൽനിശയേതോ?

2. അനിശമനേകം പേ-
 രങ്ങയെപ്പൂജിപ്പാനു-
ണ്ടെ,നിക്കോ പരദൈവ-
 മവിടുന്നൊരാൾ മാത്രം.

1096-കന്നിയിൽ എഴുതിയത്.

1. വാർപൂന്തിങ്കൾ=പൂർണ്ണചന്ദ്രൻ. കാർമുകിൽനിശ= കാർമേഘത്താൽ മൂടിയ രാത്രി. തന്റെ പ്രിയതമന്റെ മുഖം ദർശിക്കുന്നത്, പൂർണ്ണചന്ദ്രനെ കാണുന്നതുപോലെ അത്ര മേൽ ആഹ്ലാദകരവും നിർവൃതിപ്രദവുമാണ്. ആ സൌഖ്യം, അദ്ദേഹത്തെ കാണാത്തതുനിമിത്തം തനിക്കു നഷ്ടപ്പെട്ടിരിക്കുന്നു.

2. അനിശം=എല്ലായ്പോഴും. അങ്ങയെ നിരന്തരം പൂജിക്കാൻ അനേകം ആളുകളുണ്ട്; എന്നാൽ എനിക്ക് അങ്ങൊരാൾ മാത്രമേയുള്ളു. അതുകൊണ്ട്, അങ്ങ് എന്നെ കാണാത്ത

Digitized By Kerala Sahitya Akademi

മെച്ചത്തിലവിടെയ്ക്കായ്-
ത്തന്നെയിങ്ങൊരുക്കിയ
പിച്ചകപ്പൂച്ചെണ്ടിതാ,
നിന്നംഗസംഗാലാഭാൽ,
ചന്ദനദ്രവം കൂടെ-
ക്കൂടെ ഞാൻ തളിയ്ക്കിലും
മന്ദിച്ചുവാടീടുന്നു
മന്മനസ്സിനോടൊപ്പം.

2. ക്ഷിപ്രമെൻ കേശം ചീകി-
ക്കെട്ടുമ്പോൾ, വെറുതെയ-
ല്ലല്പാല്പം കരഞ്ഞതെൻ
കൈവളകളേ, നിങ്ങൾ:

തിലുള്ള ദുഃഖം അനുഭവിയ്ക്കുന്നുണ്ടാവില്ല; ഞാൻ അങ്ങയെ കാണാതെ ദുഃഖമനുഭവിയ്ക്കുന്നത് അങ്ങെയ്ക്ക് മനസ്സിലാവുകയില്ല! മെച്ചത്തിൽ=വൈദഗ്ദ്ധ്യത്തോടേ. അവിടെയ്ക്കായ്ത്തന്നെയിങ്ങൊരുക്കിയ—എനിയ്ക്ക്, അങ്ങയെ ഒരാളെച്ചൊല്ലി മാത്രമേ പൂച്ചെണ്ടു നിർമ്മിയ്ക്കാനുള്ളു! നിന്നംഗസംഗാലാഭാൽ= അങ്ങയുടെ ഗാത്രമായുള്ള ചേർച്ച ലഭിയ്ക്കാത്തതുനിമിത്തം. ചന്ദനദ്രവം=ചന്ദനച്ചാർ. പൂച്ചെണ്ടു വാടാതിരിയ്ക്കാൻ ഇടയ്ക്കിടയ്ക്കു വെള്ളം തളിയ്ക്കുമല്ലോ. എന്നാൽ കുളിർത്ത ചന്ദനച്ചാർ തളിച്ചിട്ടും, ഈ പൂച്ചെണ്ടു വാടിപ്പോകുന്നു! അങ്ങയുടെ ഗാത്രസംശ്ലേഷം കൊണ്ടു പുളകപ്പൂച്ചെണ്ടണിയാൻ കൊതിയ്ക്കുന്ന എന്റെ മനസ്സിനെപ്പോലെ ഇതും ഉന്മേഷമററു വാടിപ്പോകുന്നു! എന്നിട്ടും അങ്ങ് അരികത്തണയുന്നില്ലല്ലോ.

2. ക്ഷിപ്രം=വേഗത്തിൽ. കേശം=തലമുടി. തലമുടി (പ്രിയതമൻ ഉടനെ വരുമെന്നും കരുതി) ബദ്ധപ്പെട്ട് ചീകിക്കെട്ടു

Digitized By Kerala Sahitya Akademi

ഇപ്പനിനീർപ്പൂവിതിൽ-
ക്കനിഞ്ഞു ചൂടിയ്ക്കുവാ-
നിപ്പൊഴമെഴുന്നള്ളി-
ലപ്പൊന്നുതൃക്കയ്യല്ലോ!

3. തെന്നലേ, മന്ത്രിയ്ക്കുന്ന-
തെന്തു നീ 'ലീലോദ്യാനം
തന്നിലെത്തളിർച്ചെടി-
പ്പടപ്പിലോരോന്നിലും,
തേൻകുളിരലർവള്ളി-
ക്കെട്ടുകളിലും മദി-
ച്ചാൺകുയിലുകൾ പാടും
മാകന്ദവനത്തിലും,

മ്പോൾ കൈവളകൾ ശബ്ദിച്ചതിനെ കരച്ചിലായി അധ്യവസായം ചെയ്തിരിയ്ക്കുന്നു. ആ കരച്ചിലിന്നുള്ള കാരണം ഇപ്പോൾ മനസ്സിലായി എന്ന്: ഈ പനിനീർപ്പൂവ് ഇതിൽ (തന്റെ വാർകുന്തളത്തിൽ) സസ്നേഹം ചൂടിയ്ക്കാൻ പ്രിയതമന്റെ ആ പൊന്നുതൃക്കയ്യ് ഇപ്പോഴും എത്തിച്ചേർന്നില്ലല്ലോ! പിന്നെ എങ്ങനെ കരയാതിരിയ്ക്കും?

3. തെന്നൽ=കാററ്. ചെറുകാററു വീശുന്നതിനെ തന്നോടുള്ള മന്ത്രിയ്ക്കലായി കരുതി അതിനോടു ചോദിയ്ക്കുന്നു: ലീലോദ്യാനം=കളിത്തോട്ടം. കളിത്തോട്ടത്തിലെ തളിരണിഞ്ഞ ഓരോ ചെടിപ്പടപ്പിലും, തേൻ കിനിഞ്ഞു കുളിർത്ത പൂക്കളുള്ള വള്ളിക്കെട്ടുകളിലും, ആൺകുയിലുകൾ മദിച്ചാർത്തു പാടുന്ന മാന്തോപ്പുക(മാകന്ദവനങ്ങ)ളിലും, പൊയ്കകൾക്കു പൊന്നിൻപോളയാകുന്ന ആഭരണങ്ങളണിയിയ്ക്കുന്ന ചമ്പക

Digitized By Kerala Sahitya Akademi

പൊമ്പോളയണി നല്ലി-
പ്പൊയ്കയെച്ചമയിക്കും
ചമ്പകത്തോപ്പിങ്കലും
തേടിനേൻ, കണ്ടീലെ'ന്നോ?
വ്യർത്ഥമെൻ നിനവയ്യോ,
നിൻപക്കലേല്പിച്ചിട്ടു-
മെത്തേണ്ടുമിടത്തെത്തീ-
ലെന്നുടെ നിശ്വാസങ്ങൾ!

4. കാണ്മതെപ്പോഴെൻ കണ്ണാൽ
കാന്ത, നിൻമൃദുഹാസം,
പ്രേമമാം വാടാപ്പൂവിൻ
പേലവസമുല്ലാസം

ത്തോപ്പുകളിലും അദ്ദേഹത്തെ അന്വേഷിച്ചു—ഈ അഴകൊഴുകുന്ന പ്രദേശങ്ങളിലാണ് ആ സുഭഗനെ കണ്ടെത്തുക—അവിടെയെങ്ങും കണ്ടില്ലെന്നോ? വ്യർത്ഥമെൻനിനവയ്യോ—കഷ്ടം, എന്റെ വിചാരം പാഴായിപ്പോയി: നിന്റെ (കാററിന്റെ) പക്കൽ ഏല്പിച്ചാലെങ്കിലും എന്റെ നിശ്വാസങ്ങൾ (സന്താപനിർഭരമായ നെടുവീർപ്പുകൾ) എത്തേണ്ട ദിക്കിൽ (പ്രിയതമന്റെ അടുക്കൽ)എത്തുമെന്നുകരുതി—കഷ്ടം, എന്നിട്ടും അവിടെ എത്തിയില്ലല്ലോ! തന്റെ ഉൽക്കണ്ഠാദുഃഖങ്ങൾ അറിയേണ്ടുന്ന ആൾ അറിഞ്ഞില്ലല്ലോ!

4. അല്ലയോ കാന്ത, അങ്ങയുടെ കളിർപുഞ്ചിരി—പ്രേമമാകുന്ന വാടാപ്പൂവിന്റെ സ്നിഗ്ദ്ധമായ പൊട്ടിവിരിയൽ—മനോഹരവും പരിശുദ്ധവുമായ സത്ത്വഗുണസമൃദ്ധിയുടെ നേത്ത കതിർ—എപ്പോഴാണ് എന്റെ കണ്ണിന്നു കാണാറാവു

Digitized By Kerala Sahitya Akademi

സുന്ദരവിശുദ്ധമാം
　　സത്വസമ്പത്തിൻ ചെറു-
കന്ദളം? അതൊന്നത്രേ,
　　മജ്ജീവിതത്തിൽപ്പാടേ
തൂവെള്ളി പൂശീടുന്നു—
　　ഹാ ശാന്തം,മിതോ വെറും
ധാവള്യക്രിയ? സാക്ഷാ-
　　ലമൃതേ നിറയ്ക്കുന്നു!!

കീ? അതൊന്നാണ് എന്റെ ജീവിതത്തെ പാടേ വെണ്മപൂശുന്നതു്—സമ്പന്നമാക്കുന്നത്. ഹാ ശാന്തം!—ഇതോ വെറും ധാവള്യക്രിയ?—ഇതു വെറും വെണ്മപൂശൽ മാത്രമാണെന്ന ചിന്ത എത്ര പാപമാണ്!—വാസ്തവത്തിൽ അത് എന്റെ ജീവിതത്തിൽ സാക്ഷാൽ അമൃതു നിറയ്ക്കുകയത്രേ ചെയ്യുന്നതു്. എന്റെ ജീവിതത്തെ ദിവ്യമാക്കുകയാണ്. ഐഹികമായ ഐശ്വര്യം മാത്രമല്ല, പാരത്രികമായ ഐശ്വര്യത്തിന്നുകൂടി നിദാനമത്രേ അങ്ങയുടെ പ്രേമം! ജീവിതസാഫല്യം അതിലന്തർഭവിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

3. ഇതിലേ, ഇതിലേ

(വഞ്ചിപ്പാട്ട്)

1. സോദരരേ നാം പോകേണ്ടും
സാധുമാർഗ്ഗമിതാണിതാ-
ണാ,തുരരാകാർക്കു വീണ്ടു-
മന്ധാളിത്തത്താൽ.
ദ്യോവിൽമുട്ടിത്തിളങ്ങട്ടേ
ദുർന്നയത്തിൻ പ്രാസാദ,മി-
പ്പാവങ്ങൾക്കോ നീതിയുടെ
പാഴ്കുടിൽ പോരും!

2. ആററിലല കലമ്പട്ടേ,
കാററു ചീററിയടിക്കട്ടേ
കുററമ്മഴ ചൊരിയട്ടേ,
കൂസലെന്തിന്നോ?
ഹാ, കരൾ കരളിനോടും
ചുമൽ ചുമലിനോടും ചേ-
ർത്തേകരക്തമുൾപ്പായുന്ന
കൈകളാൽ നമ്മൾ

1096-മകരത്തിൽ എഴുതിയത്.

1. സാധുമാർഗ്ഗം=നല്ല മാർഗ്ഗം. ആതുരർ=ദുഃഖിതർ. ദ്യോവ്=ആകാശം. പ്രാസാദം=മണിമാളിക.

2. എന്തെന്താപത്തുകൾ പൊട്ടിവീണാലും കൂസൽ വേണ്ട. നാം ഏകമനസ്സായി, തോളോടുതോൾചേർന്നു, ഒററക്കയ്യായി ഒത്തുപിടിച്ചു തുഴഞ്ഞാൽ ഈ പെരുവഞ്ചി (നമ്മുടെ ഭാരതഭൂമി) ഉദ്ദിഷ്ടമായ കരയ്ക്ക്(ലക്ഷ്യത്തിൽ) എത്തിച്ചേരും.

Digitized By Kerala Sahitya Akademi

ഒത്തുപിടിച്ചേതാണ്ടേട്ട
പത്തു തൂഴ തുഴഞ്ഞെച്ചാ-
ലെത്തുമൂദ്ദിഷ്ടമാം കര-
യ്ക്കിപ്പെരുവഞ്ചി.
ആർ മനശ്ശമം വ്യാപിപ്പി-
ച്ചാടാക്കുന്നു സിംഹത്തെയു-
മാ മഹാത്മാവല്ലോ നമു-
ക്കമരക്കാരൻ.

3. നമ്മെയനുഗ്രഹിക്കട്ടേ
നമ്മളുടെയേകമാതാ-
വമ്മേ, തൊഴാമമ്മേ, തൊഴാ-
മക്ഷീണപുണ്യേ!
ഏറെനാളായ് ശ്ശോകവ്രീളാ-
ഭാരംകൊണ്ടു കുനിഞ്ഞ നിൻ
ധീരശാന്തോത്തമാംഗമൊ-
ന്നുയർത്തേണമേ:

മനശ്ശമം=മനസ്സിനെ നിയന്ത്രിക്കൽ. ആടാക്കുന്നു സിംഹത്തെയും=ഹിംസസ്വഭാവികളെയും സൌമ്യപ്രകൃതികളാക്കുന്നു. ആ മഹാത്മാവ്-ഗാന്ധിജി. അമരക്കാരൻ—നമ്മുടെ മാർഗ്ഗദർശിയായ നേതാവ്.

3. അക്ഷീണപുണ്യ=ക്ഷയിക്കാത്ത പുണ്യത്തോടു കൂടിയവൾ. ശോകവ്രീളാഭാരം=ദുഃഖത്തിന്റെയും ലജ്ജയുടെയും ചുമട്. അവയുടെ ദുർവഹതകൊണ്ടാണ് കുനിഞ്ഞിരിക്കുന്നതു്. ധീരശാന്തോത്തമാംഗം=ധീരവും ശാന്തവുമായ തല. കുനിഞ്ഞ ശിരസ്സ് ലജ്ജാദുഃഖങ്ങൾ കൈവെടിഞ്ഞ് അഭിമാനത്തോടെ

Digitized By Kerala Sahitya Akademi

പേർത്തിതിങ്കൽ വഴിപോലേ
ചാർത്തിടേണ്ടും മുടിയിതാ,
തീർത്ഥപാദനസ്മൽഗുരു
തീർണ്ണസംഭ്രമൻ,
ഉൽക്കൃഷ്ടമാം തപസ്സിനാ-
ലൊക്കെച്ചൂക്കിച്ചുളിഞ്ഞുള്ള
തൃക്കൈകളാലുദ്വഹിച്ചു
നില്ക്കുന്നു മുന്നിൽ.
പേപ്പിശാചുക്കൾക്കു ദാഹം
തീർപ്പാൻ തവ നെഞ്ചിൽനിന്നും
വായ്പിലുറന്നൊഴുകിന
വന്ദ്യരക്തം താൻ
ശിഷ്ടയാകും ഭവതിയ്ക്കു,
ചെങ്കുങ്കുമം കലർത്തിയ
പട്ടാഭിഷേകാംഭസ്സായി-
പ്പരിണമിച്ചു!

ഉയർത്തിപ്പിടിയ്ക്കുമാറാകട്ടെ. ചാർത്തിടേണ്ടും മുടി=കിരീടം. അസ്മൽഗുരു=നമ്മുടെ ഗുരുനാഥനായ ഗാന്ധിജി. തീർണ്ണസംഭ്രമൻ=സംഭ്രമങ്ങളിൽനിന്നു വിമുക്തൻ. ഭാരതഭൂമിയെ ചാർത്താനുള്ള മുടി—സ്വാതന്ത്ര്യമാകുന്ന കിരീടം—വഹിച്ചുകൊണ്ടു മുന്നിൽ നില്ക്കുന്നു. പേപ്പിശാചുക്കൾ—ഭ്രാന്തുപിടിച്ച സാമ്രാജ്യദ്വേഷ്പ്രഭുക്കൾ. അവർ അങ്ങയുടെ നെഞ്ചിൽനിന്നു ചാടിച്ച വന്ദ്യമായ രക്തം വിശിഷ്ടയായ ഭവതിയ്ക്കു കുങ്കുമം കലർത്തിയ പട്ടാഭിഷേകാംഭസ്സ് (ജലം)ആയി പരിണമിച്ചു! ആദിയിൽ=തുടക്കത്തിൽ. പൂർവ്വദിഗ്ഭാഗം=കിഴ

Digitized By Kerala Sahitya Akademi

ആദിയിൽപ്പൂർവദിഗ്ഭാഗ-
മാരക്തമായ്ച്ചമയുന്നു
ദേദീപ്യമാനമാം ജ്യോതി-
സ്സുദിപ്പു പിന്നെ.

4. ജൈത്രമുഹൂർത്തമിതതി-
മാത്രരമ്യമഹോത്സവം:
ശ്രോത്രം കുളിക്കുന്നു സിദ്ധ-
സ്തോത്രഘോഷത്താൽ;
മാന്തളിരിനൊപ്പം ബഹു-
മാർദ്ദവമാ കരത്താലേ
ശാന്തിദേവി തിരുവീണ-
യേന്തി മീട്ടുന്നു;

ക്കുദിക്കു്. ആരക്തം=ചുവന്നതു്. ദേദീപ്യമാനം=പ്രകാശമാനമാക്കുന്നതു്. ജ്യോതിസ്സ്=തേജസ്സ്. ലോകത്തെ മുഴുവൻ പ്രകാശമാനമാക്കുന്ന തേജസ്സ് (സൂര്യൻ) പിന്നീടാണല്ലോ ഉദിച്ചുയരുക പതിവു്. അതുപോലെതന്നെ രക്തം ചിന്തിയും കുറെ കഷ്ടപ്പെട്ടുകയും ചെയ്തതിന്നുമേലാണീ സ്വാതന്ത്ര്യവും ഉദിച്ചുയരുന്നതു്. ഇന്ത്യൻസ്വാതന്ത്ര്യോദയം ലോകത്തെ മുഴുവൻ ശോഭായമാനമാക്കാൻ പര്യാപ്തമാണെന്നഭിപ്രായം.

4. ജൈത്രമുഹൂർത്തം=ജയത്തിന്റേതായ മംഗളസമയം. അതിമാത്രരമ്യമഹോത്സവം=അത്യധികം മനോഹരമായ മഹോത്സവം. ശ്രോത്രം=കർണ്ണം. സിദ്ധസ്തോത്രഘോഷ

Digitized By Kerala Sahitya Akademi

സത്യം തിരശ്ശീല നീക്കി
    നൃത്യരംഗമണയുന്നു;
ഹൃദ്യവാദ്യധ്വാനം വാനിൽ-
    സ്സഞ്ചരിക്കുന്നു!
ലോകമഹാറാണി, തവ
    ശ്രീകരാബ്ജച്ചെങ്കോലെങ്ങും
പാകീടട്ടെ ബാലസൂര്യ-
    ഭാനുകന്ദളം!!

ത്താൽ=ദിവ്യരുടെ (വിശിഷ്ടരുടെ) സ്തുതിഘോഷങ്ങളാൽ. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നു് ലോകത്തിലെ വന്ദ്യാത്മാക്കൾ സ്തുതി മുഴക്കുന്നതിനെ അനുസ്മരിക്കുക.

Digitized By Kerala Sahitya Akademi

4. വൃഥാവിവാദം

(കേകം)

ഉദ്യാനേ നിരക്ഷരം
ചോദിച്ചു പനിനീർപ്പൂ–
വുൽഫുല്ലമല്ലപ്പൂവോ–
ടെ,'ന്തു നീ ചിരിയ്ക്കുന്നു?'
'തചൽക്കാവിയുടുപ്പിതു
കാണ്കെയാലെ'ന്നാൻ മല്ലു:
മുൾക്കലപ്പാർപ്പിൻ നോവോ
സന്യസിപ്പിച്ചു നിന്നെ?'
'മുൾച്ചെടിയുടെ പശ്ചാ–
ത്താപസൌഭാഗ്യം ഞാനെ'–
ന്നച്ചൊല്ലു കേട്ടിട്ടില്ലേ?'
പനിനീരലർ പാടി.

1122-കന്നിയിൽ എഴുതിയത്.

1. ഉദ്യാനേ=ഉദ്യാന(പൂന്തോട്ട)ത്തിൽ. നിരക്ഷരം= അക്ഷരംകൂടാതെ. ഉൽഫുല്ലം=വിടന്നത്. മല്ലപ്പൂ വിടന്നതു കണ്ടാൽ ചിരിയ്ക്കുന്നതായി തോന്നുമല്ലോ. തചൽക്കാവിയുടുപ്പിത്—പനിനീർപ്പൂവിന്റെ ഇളംചോപ്പുനിറത്തെ കാവിയുടുപ്പിന്റെ നിറമായി കല്പിച്ചിരിയ്ക്കുന്നു. മുൾക്കലപ്പാർപ്പ്= മുൾക്കൂട്ടത്തിലുള്ള വാസം. മുൾപ്പടപ്പിലുള്ള പാർപ്പിന്റെ ക്ലേശംകൊണ്ടാണോ പനിനീർപ്പൂ സന്യസിച്ചതെന്നു മല്ലപ്പൂ ചോദിയ്ക്കുന്നു. 'മുൾച്ചെടി തന്റെ ദുർവ്വിധിയെപ്പററി പശ്ചാത്തപിച്ചു; അതിന്റെ സൌഭാഗ്യമാണ് പനനീർപ്പൂവ്' എന്ന് ഓസ്കാർ വൈൽഡ് പറഞ്ഞതിനെ അനുസ്മരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

'നില്ല നീയൊരു ചെമ്മൺ-
ചുക്കിരിയല്ലീ? ഞാനോ,
വെള്ളിക്കൊച്ചുള്ളക്കെന്നു
മുല്ല,തൻചന്തം കാട്ടീ.
'നന്നു, നന്ന,ലർത്തോപ്പി-
ലൊരു വെണ്പതിരു നീ'-
യെന്നത്രേ, പനിനീർപ്പൂ-
വുത്തരമതിന്നേകീ.
'ആകൃതിയ്ക്കല്ലാ വേണ്ടു
ഗൌരവം, പ്രകൃതിയ്ക്കാ-
ണാ,കുലേതരം മുല്ല
പ്പൂവഭിപ്രായപ്പെട്ടു.

അലർത്തോപ്പ്=പൂന്തോട്ടം. വെണ്പതിര്—മുല്ലപ്പൂവിന്റെ നിസ്സാരതയെ—കനംകുറവിനെ—സൂചിപ്പിയ്ക്കുന്നു. ആകൃതി..........പ്രകൃതിയ്ക്കാണ്—ബാഹ്യമായ ഗൌരവമല്ല, ആഭ്യന്തരമായ ഗൌരവമാണ് ആവശ്യമെന്ന്. ആകുലേതരം=അസ്വാസ്ഥ്യം കൂടാതെ. പുലർ..........വാതം—പനിനീർപ്പൂവിന്റെ അഭിമാനത്തെ വ്യഞ്ജിപ്പിയ്ക്കുന്നു: അത്ര ഉന്നതസ്ഥിതിയിലുള്ള ആകാശംപോലും തന്റെ നിറം തേടുന്നു! മഞ്ഞുതുള്ളി ....കണ്ടിട്ടുണ്ടായിരിയ്ക്കില്ല—മഞ്ഞുതുള്ളിയെ വെൺമുത്താക്കിക്കല്പിച്ചിരിയ്ക്കുന്നു. കൊണ്ടാടുന്നതുകൊണ്ടാണ് വെൺമുത്തണിയിയ്ക്കുന്നത്. മുത്തുമണികളണിയിയ്ക്കൽ ബഹുമാനത്തിന്റെ അടയാളമാണല്ലോ. ഉറക്കംതൂങ്ങുന്ന നീ—

Digitized By Kerala Sahitya Akademi

എന്നതിന്നോതി പനി-
നീർപ്പൂവും:—'പുലർകാല-
ത്തെൻനിറം തേട്ടം വാനം
മഞ്ഞുതുള്ളിയാലെന്നെ
കൊണ്ടാടിത്തനിവെണ്മ-
ത്തണിയിപ്പതു കണ്ടി-
ട്ടുണ്ടാകില്ല,തു നേര-
ത്തുറക്കം തുണ്ടുന്ന നീ!'
'ഉന്നതസ്ഥാനത്തിൻെറ-
യൌദാര്യകണങ്ങളിൽ-
നിന്നല്ല,' മുല്ലപ്പൂവിൻ
'വെൺപുകളുദയം'പോൽ!
ഉല്ലാസം ഭവാദൃശ-
ക്കില്ലിലാണെ;-നിങ്ങോ,പാ-
രെല്ലാമേ വെളിച്ചത്തെ-
യുൾക്കൊള്ളുമുഷസ്സിലാം!'

മുല്ലപ്പു. അപ്പോൾ ഉണൎന്നിരിയ്ക്കയില്ല—മുല്ല വിടരുക അന്തി നേരത്താണല്ലോ. ഉന്നത......പുകളുദയം—ഉന്നതപദവിയി ലുള്ളവരുടെ ഔദാൎയ്യം ഇററുവീഴുന്നതിൽനിന്നല്ല തൻെറ കീ ൎത്തി ഉദയംകൊള്ളുന്നതെന്ന്: മററുള്ളവരെ ആശ്രയിയ്ക്കാതെ യാണ് എനിയ്ക്കു കീൎത്തി കൈവരുന്നത്. ഉല്ലാസമല്ലിലാം— നിങ്ങളെപ്പോലുള്ളവൎക്കൊക്കെ ഉല്ലാസം ഇരുട്ടത്താണ്. അ തിൽ ഒരു ചൊട്ടുവെച്ചുകൊടുത്തിരിയ്ക്കുന്നു! പനിനീർപ്പൂവി ൻെറ വികാസോല്ലാസങ്ങൾ നല്ല പകൽവെളിച്ചത്താണ്.

Digitized By Kerala Sahitya Akademi

'രാവറുതിതൻ ചോര-
ത്തുള്ളി നീ, ഞാനാകട്ടെ,
പാൽവെണ്ണിലാവിൻസത്തെ'-
ന്നെതിർത്തു മല്ലീപുഷ്പം.

അച്ചിരിപ്പെട്ടത്തി വെൺ-
പൂവിനെച്ചെംപൂവപ്പോൾ:
'പച്ചിലപ്പടപ്പിന്റെ
പാണ്ടെന്നു ചൊല്ലാം നിന്നെ!'

'ഈ യാഷ്ട്രവിൻ സത്വ-
ഗുണമാണെൻ വർണ്ണത്തിൽ;
നീയെന്തോ രജോഗുണ-
ത്തുടപ്പൻ, മറുനാടൻ.'

അതിൽ ആൎക്കും സംശയത്തിന്നൊന്നും അവകാശമില്ല! രാവറുതി=പുലർകാലം. മല്ലിപുഷ്പം=മുല്ലപ്പൂവ്. അച്ചിരിപ്പെട്ടത്തി=പരിഹസിച്ചു. പച്ചിലപ്പടപ്പിന്റെ പാണ്ട്—പാണ്ടിന്റെ നിറംവെളുത്തതാണല്ലോ രജോഗുണം—രജോഗുണത്തിന്റെ നിറം ചുവപ്പത്രെ. തുടപ്പൻ, മറുനാടൻ—വിദേശീയരായ യൂറോപ്യൻമാരുടേയും മററും നിറം ചുവന്നിട്ടാണല്ലോ. പനിനീർപൂവ്വ് മറുനാട്ടിൽനിന്നു ഇങ്ങോട്ട ഇറക്കുമതി ചെയ്യപ്പെട്ടതാണെന്നു് ഓൎക്കുക. അന്തിക്കാററാൽ ഞെളിഞ്ഞ—അന്തിയ്ക്കു കാററു വീശിയപ്പോൾ മുല്ല ആഞ്ഞുലഞ്ഞതിനെ ഢീക്കുകൊണ്ടു് ഞെളിഞ്ഞതായി കല്പിച്ചിരിക്കുന്നു. അതു കടംവാങ്ങിയ ഢീക്കാണെന്നും സൂചന. ചെഞ്ചൊടി=ചുവന്ന ചുണ്ടു് മറുനാടർ പള്ളിവേട്ടക്കളാട്ടം—വിദേശീയരുടെ സേ്വച്ഛാവി

Digitized By Kerala Sahitya Akademi

ഢീക്കരച്ചന്തിക്കാററാൽ
　　ഞെളിഞ്ഞ മുല്ലപൂവിൻ
നേക്ക ചെഞ്ചൊടി കോട്ടീ
　　പനിനീർ:—'കൊള്ളാം, കൊള്ളാം:
തള്ളുന്നൂ മറുനാട-
　　നെന്നെന്നെ, മറുനാടർ
പള്ളിവേട്ടകളാടും
　　നാടിൻെറ വിളർപ്പാം നീ!'

ഹാരങ്ങൾക്ക വിധേയമായ നാടിൻേറ—ഇന്ത്യയുടെ. വിളൎപ്പ്—ചോരവററി വെളുത്ത നിറമായ. മുല്ലപ്പൂവിൻെറ നിറം രക്തരഹിതമായ ഇന്ത്യയുടെ വിളർപ്പാണെന്നു്.

— * —

Digitized By Kerala Sahitya Akademi

5. പിന്മാറുവിൻ

(മാകന്ദമഞ്ജരി)

1. ഇംഗ്ലണ്ടേ, നിൻപ്രജാതന്ത്രവേഷത്തിന്നു
രംഗമിന്നീജിപ്റ്റായ്—നാളെയേതോ?
ഫ്രാൻസിൻ 'സമത്വ'പ്പൊൻപൂച്ചമിതാ, കുതി-
ന്നാശ്ശുപൊഴിഞ്ഞുപോയ്, തോട്ടനീരിൽ!
ഇംഗ്ലണ്ടും ഫ്രാൻസുമമത്തെഴുതുന്നുണ്ടി,-
'ത്തെങ്ങൾതൻതോടെന്നു' തോക്കിൻ തുമ്പാൽ
ഈയെഴുത്തായ്വരേ, പാഴ്ജലരേഖതാൻ;
സൂയസ്സീജിപ്റ്റിൻേറതന്നുമിന്നും.
അന്യരെക്കാരണംകൂടാതെതിർപ്പതോ,
ധന്യമാം യൂറോപ്പിൻ ധർമ്മാദർശം:
അന്യായം ന്യായമായ്ത്തീരില്ലാർ ചെയ്താലും:
വെണ്ണിലാവാകുമോ വേനൽവെയിൽ?

1132-വൃശ്ചികത്തിൽ എഴുതിയത്.

സാമ്രാജ്യക്കോയ്മകൾ സൂയസ്സിനെ ആക്രമിച്ച അവസരത്തിൽ എഴുതിയത്. പ്രജാതന്ത്രവേഷത്തിന്നു രംഗം—വേഷം കെട്ടിയാട്ടുക രംഗത്താണല്ലോ. ഫ്രാൻസിൻ സമത്വ...... തോട്ടനീരിൽ=വളരെക്കാലംമുമ്പ് സമത്വത്തിൻേറ കാഹളമൂതിയ ഫ്രാൻസിൻേറ പൊൻപൂച്ച്, സൂയസ്സ്ത്തോട്ടിൽ കലങ്ങിച്ചേന്നു—ചായം പുറത്തായി: പാഴ്ജലരേഖ—തോക്കിൻ ഇരുമ്പുകൊണ്ടാണെങ്കിലും, എഴുതുന്നത് തോട്ടിലെ വെള്ളത്തിലായതുകൊണ്ട് ഇതിന്നു് വെറും ജലരേഖ എന്നു് പറയുന്നതിൽ ഔചിത്യം കൂട്ടമല്ലോ.

Digitized By Kerala Sahitya Akademi

2. തീ, വെള്ളം, ഭൂമി, കാററാകാശമൊക്കയു
മീ വെള്ളക്കാർക്കേ കീഴ്നില്ക്കേണം പോൽ;
ആവട്ടേ: മററാരുമല്ലുടമസ്ഥന്മാർ
ദ്യോവിൽത്തിളങ്ങും പൊൻനാണ്യങ്ങൾക്കും!
ഭീമയാം ഹിംസയെസ്സംപ്രീതിയാക്കി,ത്തൻ–
കോയ്മ പരത്താൻ മുതിർന്ന വീരർ
പഞ്ചഭൂതാധിപത്യത്താലുമൾത്തൃപ്തി
തഞ്ചാത്ത ലോഭത്തിൻ ദാസരായ്പ്പോയ്!
ചൂടും വെളിച്ചവുമല്ലല്ലോ നല്കുന്നു
നാടിന്നീ നിങ്ങൾതൻ തീയുണ്ടകൾ.

2. തീ..........പോൽ—ഈ ലോകത്തിൽ മററാക്കും അവ കീഴ്പെട്ടുകൂടാ. ആവട്ടെ—അതു സഹിയ്ക്കാം. മററാ.... ......ങ്ങൾക്കും. ആകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളും ഈ വെള്ളക്കാരുടെ സമ്പത്താണെന്നാണ് വിചാരം! ഭീമ— ഘോരരൂപ. ഹിംസയെസ്സംപ്രീതയാക്കി—കോളനികളിലും സ്വന്തം രാജ്യങ്ങളിൽത്തന്നെയും സമ്പല്ലോഭം നിമിത്തം കൊള്ളയും കൊലയും നടത്തി ഘോരരൂപയായ ഹിംസയെ തർപ്പണംചെയ്തു് പ്രസാദിപ്പിച്ചുകൊണ്ടു്. അത്തരം വീരന്മാർ പഞ്ചഭൂതങ്ങളുടെ മേലുള്ള തങ്ങളുടെ ആധിപത്യംകൊണ്ടും തൃപ്തിപ്പെടാത്ത കനത്ത ദുരയ്ക്കു് ഭൃത്യരായിത്തീൎന്നു. അങ്ങിനെ ലോഭംമൂലം അവർ ലോകത്തിലെ രാജ്യങ്ങൾ വെട്ടിപ്പിടിയ്ക്കാൻ വെടിയുണ്ട ഉതിൎത്തുപോരുന്നു. ആ തീയുണ്ടകൾ നാടിനു ചൂടും വെളിച്ചവുമല്ല നല്കുന്നതെന്നു് ഗൂഢമായ (അറിയാൻ ഞെരുക്കമുള്ള) ശാസ്ത്രംകൊണ്ടുള്ള നേട്ടങ്ങൾ മനുഷ്യരെ ഹിംസിയ്ക്കാൻ ഉപയോഗിയ്ക്കുന്ന കാടരായിത്തീൎന്നുവല്ലോ കല്യരായ (ശ്രേഷ്ഠരായ) നിങ്ങൾ!

Digitized By Kerala Sahitya Akademi

ഗ്ഗൂഢശാസ്ത്രങ്ങൾ പഠിച്ച പഠിച്ചു,റു
കാടരായ്ത്തീൎന്നിതോ, കല്യർ നിങ്ങൾ!

3. സ്വാതന്ത്ര്യം നിങ്ങൾക്കു വേണമെന്നാ,ലതിൻ
സ്വാദറിയേണ്ടയോ, സാധുക്കൾക്കും:
പൈതൃകസ്വത്തല്ലി, പ്പാരൊരു കൂട്ടൎക്കും
നീതിപ്രമാണമെടുത്തു നോക്കു!
മറെറാരു രാജ്യത്തിൻ സേനയ്ക്കു കാൽവെപ്പാൻ
പററിയ മണ്ണില്ല, ഹംഗറിയിൽ—
തെറെറന്താണി, ത്തീർപ്പിൽ? മാനുഷരക്തമൊ–
രിററുവീണാലതു തീക്കടലാം!
പട്ടിയ്ക്കും പക്ഷിയ്ക്കും തിന്നാനായ് മൎത്ത്യരെ–
പ്പൊട്ടിത്തെറിയ്ക്കുന്ന ബോമ്പിൻ തിയ്യിൽ

3. വെള്ളക്കാൎക്കുമാത്രം മതി സ്വാതന്ത്ര്യം, മററുള്ളവൎക്ക് എന്നും അവരുടെ ദാസ്യവേല മതി എന്ന നീതിശാസ്ത്രം ശരിയല്ലെന്നു്. സ്വാതന്ത്ര്യത്തിൻെറ സ്വാദ്‌ എല്ലാവൎക്കും അറിയണം. അതാരുടേയും (പൈതൃക) തറവാട്ടുസ്വത്തല്ല. ഒരു രാജ്യത്തും മറെറാരു രാജ്യത്തിലെ പട്ടാളത്തിന്നു്ഒരു കാരണത്താലും കാൽ വെച്ചുകൂടെന്നു്. മനുഷ്യൻെറ ഒരു തുള്ളി ചോരവീണാൽ മതി, അതു തീക്കടലായി മാറും! പട്ടിയ്ക്കും............വിജ്ഞാനികൾ. അറിവുള്ളവരും പരിഷ്കൃതരുമാണെന്നു നടിയ്ക്കുന്നവർ, മനുഷ്യരെബോമ്പിൻ തിയ്യിൽ ചുട്ടു പട്ടിയ്ക്കും പക്ഷിയ്ക്കും തിന്നാൻ കൊടുക്കുന്ന പ്രാകൃതവേല.

Digitized By Kerala Sahitya Akademi

ചുട്ടുകൊട്ടക്കലൊാം വേലയ്ക്കു നില്ക്കുന്ന
വിഡ്ഢികളാകമോ, വിജ്ഞാനികൾ?
ധീയും വിവേകവുമേറിയ നിങ്ങളെ-
ബ്ഭീയും ദുശ്ശങ്കയും തീണ്ടികൂടാ:
ശ്രേയസ്സിൻ കപ്പൽ നിർബാധമായോടിപ്പാൻ
സൂയസ്സിൽനിന്നിന്നേ പിന്മാറുവിൻ!

കാട്ടുന്ന വിഡ്ഢികളാകാമോ- ധീ=ബുദ്ധി. ഭീ=ഭയം. ബു ദ്ധിയും വിവേകവുമുള്ള വെള്ളക്കാരെ ഭയവും ദുശ്ശങ്കയും പി ടികൂടരുത്. ശ്രേയസ്സിന്റെ കപ്പൽ നിർബ്ബാധമായി ഓ ടാൻ സൂയസ്സ് തോട്ടിൽ നിന്നു വെള്ളസാമ്രാജ്യവാദികൾ പിൻവാങ്ങട്ടെ. ശ്രേയസ്സിന്റെ കപ്പൽ—രാജ്യങ്ങൾ ത മ്മിൽത്തമ്മിലുള്ള വാണിജ്യംകൊണ്ടാണല്ലോ, ലോകത്തി ന്നു് അനുദിനം അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാവുന്നതു്. അതിന്നു തടസ്സം വലിച്ചിടുകയാണ് ബ്രിട്ടൻ ഈജിപ്തിന്റെ സ്വത്തും രാജ്യാന്തരവാണിജ്യത്തിന്നുള്ള മാർഗ്ഗവുമായ സൂയ സ്സിനെ കയ്യേറിയതുകൊണ്ടു് ചെയ്തതു്. അതുകൊണ്ടു്, ലോകശ്രേയസ്സിനെ തടസ്സപ്പെടുത്തുന്ന ഈ കയ്യേററത്തിൽ നിന്നു് ബ്രിട്ടിഷ് സാമ്രാജ്യവാദികൾ പിന്മാറിയാലേ ലോ കത്തിന്നു രക്ഷയുള്ളു എന്നു് അഭിപ്രായം.

Digitized By Kerala Sahitya Akademi

6. ഇരട്ടിപ്പടി

(കേക)

1. നെടുതാമൊരു ഭിത്തി-
പ്പഴുതില്ലൂടെ കേറി-
ക്കടന്നു, സുകൃത്രിമ-
പ്പാറമേൽത്തല്ലിച്ചിന്നി,
വെണ്ണക്കൽവിരിതോട്ടി-
ലൊഴുകും യമുനതൻ
തണ്ണീർ ഞെറികളെ-
ച്ചമച്ച ചെറുകാററാൽ
ദൂരിതോഷ്മാവാമാഗ്രാ-
രാജധാനിയിലൊരു
ചാരുവാം മണിമച്ചിൽ
ബ്ഭാസുരാസനസ്ഥനായ്

1121-മിഥുനത്തിൽ എഴുതിയത്.

1. നെടുതാ..................ക്കടന്നു—ചുമരിന്നിടയിൽ വെച്ച ഒരു പൈപ്പിൻപഴുതില്ലൂടെ യമുനയുടെ വെള്ളം അകത്തേയ്ക്കുകൊണ്ടുവന്നിരുന്നു. സുകൃത്രിമപ്പാറ=അലങ്കാരപ്പണികളുള്ള പാറ. വെള്ളം അതിന്മേൽ തല്ലിച്ചിന്നി കൊട്ടാരത്തിന്നുള്ളിൽ പല ഭാഗത്തും കൊത്തിച്ചുണ്ടാക്കിയ ചിത്രപ്പണികളിലൂടെ ചിതറിയൊഴുകിയിരുന്നു. അതിൽ കാററു തട്ടുമ്പോൾ, ഞെറികളെപ്പോലെതോന്നി. ദൂരിതോഷ്മാവ്=ഉഷ്ണമകററിയതു്. യമുനാജലത്തിൽ തട്ടിവരുന്ന കുളിർകാററ് ഉഷ്ണത്തെ അകററുമല്ലോ. ചാരു=മനോഹരം. ഭാസുരാസനസ്ഥൻ=മിന്നുന്ന

Digitized By Kerala Sahitya Akademi

സാമോദം ചതുരംഗ-
    ക്കളിയിലേർപ്പെട്ടാൻ പ
ണ്ടൊ, മുകൾസാമ്രാട്ടായ
    ഷാജഹാനൊരു നാളിൽ;
ഖണ്ഡിതസപത്നനാ-
    മവിടെയ്ക്കന്നിപ്പോരിൽ,-
പ്പണ്ഡിതജഗന്നാഥ-
    കവിയാണെതിരാളി.

2. തുല്യമാം ചതുരത്തിൽ
    മാണിക്യമരതക-
ക്കള്ളികളറുപത്തി-
    നാലൊത്ത പലകമേൽ

ഇരിപ്പിടത്തിൽ ഇരിക്കുന്നവൻ. സാമോദം=സന്തോഷത്തോടേ. ഷാജഹാൻ വലിയ ചതുരംഗകമ്പക്കാരനായിരുന്നുവത്രേ. ഖണ്ഡിതസപത്നൻ=ശത്രുക്കളെ മുടിച്ചവൻ. ജഗന്നാഥപണ്ഡിതനെന്ന സുപ്രസിദ്ധ കവിയായിരുന്നു അദ്ദേഹത്തിന്നു ചതുരംഗത്തിൽ എതിരാളിയായി കളിച്ചിരുന്നത്!

2. തുല്യമാം ചതുരത്തിൽ—അതിൽ അല്പമായവ്യത്യാസംപോലുമില്ല. മാണിക്യമരകതക്കള്ളി=മാണിക്യം മരകതം മുതലായ വിലമതിയ്ക്കാൻ വയ്യാത്ത രത്നങ്ങൾകൊണ്ടാണ് ചതുരംഗപ്പലകകളിന്മേൽ കള്ളി ഉണ്ടാക്കിയിട്ടുള്ളത്. ചൂതുകൾ ചേരിതിരിഞ്ഞ്—ഓരോ ചേരിയ്ക്കും വെള്ളികൊണ്ടും പൊന്നുകൊണ്ടും ഉള്ള ചൂതുകളായിരുന്നു; വേർതിരിച്ചറിയാൻ രണ്ടു തരത്തിലാവണമല്ലോ. യോദ്ധൃയുഗ്മം=രണ്ടു പോരാളിമാർ. രണ്ടുകൂട്ടർക്കും സൈന്യക്കോപ്പ്

വെള്ളി-പൊന്നുകളായ
ച്ചുതുകൾ ചേരിതിരി-
ഞ്ഞുല്ലസിച്ചിതീ, യോദ്ധൃ-
യുഗ്മത്തിൻ നടുവിലായ്:
തേരാനവാജിദപന്ദച-
മീരണ്ടു കാലാളെട്ടെ-
ട്ടോ,രോന്നേ നൃപാമാത്യർ—
കോപ്പു രണ്ടാൾക്കും സമം;
പോരു കൂട്ടതല്ലുള്ളാൾ-
ക്കൊടുവിൽജ്ജയം നേടാം;
പോരിതിലിടമില്ല
ചതിക്കോ കളവിന്നോ.
ഭാരതവർഷച്ചെങ്കോ-
ലേന്തിയ തൃക്കയ്യോടു
നാരായം വഹിച്ച കൈ
പൊരുതുന്നതു കാണ്മാൻ

സമമാണ്—രണ്ടു തേര്, രണ്ടാന, രണ്ടു കുതിര, എട്ടു കാലാൾ, ഒരു ദേവൻ, ഒരു മന്ത്രി എന്നിവവീതം. ഇതിൽ ആർക്കാണോ പോരു കൂട്ടതല്ലുള്ളത് അയാൾക്ക് ഒടുവിൽ ജയം നേടാം. ഈ പോരിൽ കളവിനും ചതിക്കും നിവൃത്തിയില്ല. ഭാരതവർഷച്ചെങ്കോൽ—ഭാരതവർഷത്തിൻെറ ചക്രവർത്തിയുടെ ചെങ്കോൽ. ഷാജഹാൻ ഭാരതചക്രവർത്തിയായിരുന്നുവല്ലൊ. നാരായം വഹിച്ച കൈ—ആ കയ്യിൻെറ എളിമയെ വെളിപ്പെടുത്തുന്നു. അരമനയാളുകൾ—കൊട്ടാരസിൽബന്തികൾ. നാരദവ്രതം പൂണ്ടു—രണ്ടു കൂട്ടരിലും കലഹവും വാശിയും വളർത്തി.

Digitized By Kerala Sahitya Akademi

ചാരത്തുണ്ട, രമന-
യാളുകളേതാനും പേർ
നാരദവ്രതം പൂണ്ട
നില്ക്കുന്നു നിഭൃതമായ്.

3. ചിന്തിച്ചു, പാർത്താനോരോ
കരുവും നീക്കുന്നതു,
മുന്തിയ ജിഗീഷയാൽ-
സ്സാമ്രാട്ടും സദസ്യനും,
ഇന്ത്യയിലേ, താദൃശ-
ക്രീഡകളിലേ മുസ്ലീം-
ഹിന്തുമത്സരമെന്ന-
തന്നുണ്ടായിരുന്നുള്ളൂ.
പള്ളിയിൽ മഹേശനും
ക്ഷേത്രത്തിലല്ലാഹും ഹാ,
പള്ളികൊണ്ടിരുന്നതു
പാഴ്പഴം കഥയായ്പ്പോയ്;

യിട്ട്. നിഭൃതം=നിശബ്ദമായി. ചക്രവർത്തി സമീപത്തിൽ ഒച്ചയും ബഹളവും പാടില്ലല്ലോ.

3. ചിന്തിച്ചുപാർത്താൻ—ആലോചിച്ചേ ഒരോ കരുവും നീക്കിയിരുന്നുള്ളു! ജിഗീഷ=ജയേച്ഛ. സമ്രാട്ട്=ചക്രവർത്തി. സദസ്യൻ—ചക്രവർത്തിയുടെ ആസ്ഥാനകവിയായിരുന്ന ജഗന്നാഥപണ്ഡിതൻ. ഇന്ത്യ................ ....നുള്ളഹിന്തുക്കളും മുസ്ലീംകളും തമ്മിൽ ഇത്തരം കളികളിൽ മാത്രമെ അന്നു മത്സരം ഉണ്ടായിരു

Digitized By Kerala Sahitya Akademi

ഗീതയിൽക്കറാൻ വായി-
ച്ചവർതൻ മക്കളിതാ,
ദ്വൈതഭാഷ്യത്തെത്തിർപ്പു
മതമേ, മദമോ നീ!
കൊണ്ടാട്ടം കളിയ്ക്കിട-
യ്ക്കി,ടം കൈവിരലുകൾ
കൊണ്ടു വാർനെററിത്തട്ടോ-
നുഴിഞ്ഞ വസുധേശൻ
തണ്ടലർത്തൂക്കൺചൂതിൽ-
നിന്നെട്ടക്കാതെ, 'വെള്ളം
കൊണ്ടുവാ കുടിപ്പാനെ'-
ന്നരുൾ ചെയ്യതോടൊപ്പം,
കാർമുടിനിരചോളം പിൻ-
ഞാന്ന മൌലിയിലൊന്നും
തുമാറിടത്തോ രണ്ടു-
മീ മൂന്നു പൊൻകുംഭത്താൽ

നുള്ളു. ഇന്നത്തെപോലെ ഹിന്ദു-മുസ്ലീംമാത്സര്യം ഭാരതത്തെ മലിനപ്പെടുത്തിയിരുന്നില്ല എന്നഭിപ്രായം. പള്ളിയിൽ മഹേശൻ—മുസ്ലീംകളുടെ പള്ളിയിൽ ഹിന്ദുക്കളുടെ ഈശ്വരൻ—ക്ഷേത്രത്തിൽ അല്ലാഹ്=ഹിന്ദുക്കളുടെ ക്ഷേത്രത്തിൽ മുസ്ലീംകളുടെ പ്രവാചകൻ. ഇങ്ങനെ ഒരു മൈത്രി അന്നു പുലൎന്നുവന്നു. ഇന്നു് അതു കേവലം പാഴ്പഴംകഥയായിപ്പോയി—അതിലുള്ള ദുഃഖമാണ് ഹാ എന്ന പദം കൊണ്ടു സൂചിപ്പിയ്ക്കുന്നതു്. ഗീതയിൽ ഖുറാൻ വായിച്ചവർ—ഗീതയിലേയും വിശുദ്ധമായ ഖുറാനിലേയും പൊ

Digitized By Kerala Sahitya Akademi

കാമനെ ത്രിലോകാഭി-
ഷിക്തനാക്കവോൾ പോലൊ,-
രോമലാം മുസ്ലീംവേല-
ക്കാരി വന്നെത്തിശ്ശീഘ്രം
ഉത്തങ്കചഷകത്തിൽ-
പ്പകൻറു കൊടുക്കയായ്
നൽത്തണ്ണീർ, തലയിൽനി-
ന്നെടുത്തു കലശത്താൽ,
പൊൽത്തെളിയുടലിനാൽ
സ്വാമിതൻ സഖാവിൻെറ-
യുദ്ദൃപ്തിമിഴികളി-
ലഴകിൻ പീയൂഷവും!

തൽ ഒന്നാണെന്നു കണ്ടവർ. മക്കൾ—അവരുടെ മക്കളാണ ല്ലൊ ഇന്നത്തെ ഹിന്തുക്കളും മുസ്ളീങ്ങളും. ദ്വൈതഭാഷ്യത്തെത്തീർപ്പ—ഇന്നു് അതിനെല്ലാം ദ്വൈതത്തിൻെറ (രണ്ടെന്ന ഭാവത്തിൻെറ—ഭിന്നതയുടെ) വ്യാഖ്യാനം കൊടുത്തു പോരികയാണ്—അങ്ങിനെയായാൽ മതം 'മദ'മാണെന്നു വേണമല്ലൊ കരുതുവാൻ. കൊണ്ടാട്ടം—കാണികൾ കളിയുടെ മേന്മയെ കൊണ്ടാടിയിരുന്നു. കൈവിരലുകൾ.......... ....ഉഴിഞ്ഞു=ആലോചനയെ വെളിപ്പെടുത്തുന്നു. വസുധേശൻ=രാജാവ് (ചക്രവത്തി) തണ്ടലർ.........ക്കാ...... തേ=കളിയിലുള്ള ഏകാഗ്രത വ്യഞ്ജിയ്ക്കുന്നു. കാർമുടിനിചോളം=കറുത്തതലമുടി മറച്ചിരുന്ന ശീല. പിൻഞൊന്ന—

Digitized By Kerala Sahitya Akademi

4. പൊൽക്കുടം പേർത്തും മൂർദ്ധ്നി
വെച്ചവൾ തിരിയുവേ,
തൽക്കാന്തിസരഃകള
ഹംസമായ്ത്തീൎന്നു കവി

ഉപമമോടൊത്ത പദ്യം
തീൎത്തു കൂകിനാനേവം
തമ്പുരാൻെറയോ താര-
വൻെറയോ നിയോഗത്താൽ:

തട്ടം, പിന്നിൽ തൂങ്ങിക്കിടന്നിരുന്നു. മൌലിയിൽ=ശിരസിൽ. തലയിൽ ഒരു പൊൻകുടം വെച്ചിരുന്നു. തുമാറിടത്തോ രണ്ടും—മാറിൽ രണ്ടു പൊൻകുടങ്ങളും (സ്തനങ്ങൾ) ഈ മൂന്നു പൊൻകുടങ്ങളുള്ളതുകൊണ്ടാണ് കാമനെ ത്രിലോകാഭിഷിക്ത (മൂന്നു ലോകത്തിലും അഭിഷേചിയ്ക്കുന്നവൾ) എന്നുപറഞ്ഞത്. അത്രയും സൌന്ദൎയ്യവതിയായിരുന്നുവെന്നു വ്യംഗ്യം. തുത്തങ്കചഷകം=സ്വൎണ്ണപ്പാത്രം—(തു-ബഹുമാനസൂചകം). കണ്ണുകളിൽ തൻെറ ശരീരസൌന്ദൎയ്യമാകുന്ന അമൃതു പകൎന്നുകൊടുത്തു.

4. മൂർദ്ധ്നി=(തലയിൽ) തൽക്കാന്തിസരഃകളഹംസമായ്ത്തീൎന്നു കവി—അവളുടെ സൌന്ദൎയ്യസരസ്സിലെ അരയന്നമായിത്തീൎന്നു ജഗന്നാഥകവി. അവളുടെ സൌന്ദൎയ്യസരസ്സിൽ നീന്തിക്കളിച്ചതിലുണ്ടായ ആ അനുഭൂതിവിശേഷംനിമിത്തം കവി തമ്പുരാൻെറ(ചക്രവൎത്തിയുടെ)യൊ താരമ്പൻെറ(കാമദേവൻെറ)യൊ (രണ്ടായാലും തട്ടിനീക്കാവുന്നതല്ലല്ലൊ) നിൎദ്ദേശത്താൽ ഒരു ശ്ലോകം ഉണ്ടാക്കിച്ചൊല്ലി.

Digitized By Kerala Sahitya Akademi

* 'ഇയം സുസ്തനീ മസ്തകന്യസ്തകുംഭാ
കുസുംഭാരുണം ചാരു ചേലം വസാനാ
സമസ്തസ്യ ലോകസ്യ ചേതഃപ്രവൃത്തിം
ഗൃഹീത്വാ ഘടേ ന്യസ്യ യാതീവ ഭാതി.'

ശ്ലോകാർത്ഥമുടൻ പേഷ്യൻ-
ഭാഷയിൽക്കഥിച്ചതു
പോകുന്നപോക്കിൽക്കേട്ടി-
ട്ടക്കലാരസികത്തി.

* തലയിലൊരു കുടം ചുമന്ന ചാരു-
സ്തനിയിവൾ, ചെന്നിറമാന്ന പട്ടുടത്തോൾ
സകലരുടെയുമുൾക്കരുന്നു നുള്ളി-
ക്കുടമിതിലിട്ടു ഗമിപ്പിതെന്നുതോന്നും.

മസ്തകന്യസ്തകുംഭാ(തലയിൽ കുടംവെച്ച) കുസുംഭാരുണം ചാരുചേലം വസാനാ (കുസുംഭമദ്യംപോലെ ചെമന്ന മനോഹരമായ ചേല ധരിക്കുന്ന) ഇയം (ഈ) സുസ്തനീ (നല്ല വടിവൊത്ത സ്തനങ്ങളോടുകൂടിയവൾ) സമസ്തസ്യ ലോകസ്യ (എല്ലാ ലോകത്തിൻെറയും) ചേതഃപ്രവൃത്തിം (മനോവൃത്തിയെ) ഗൃഹീത്വാ (പിടിച്ചെടുത്തു) ഘടേന്യസ്യ (കുടത്തിൽ ഇട്ടുകൊണ്ടു) യാതീവഭാതി (പോകുന്നതുപോലെ തോന്നും) അവൾ പോയതോടേ തൻെറ മനസ്സ് അവളെ അനുഗമിക്കുന്നതായി കവിക്കനുഭവപ്പെട്ടു! ചക്രവത്തിക്കു സംസ്കൃതം അറിഞ്ഞുകൂടാത്തതിനാൽ, ശ്ലോകം ഉടൻ തന്നെ പേഷ്യൻഭാഷയിൽ തജ്ജമചെയ്തുകൊടുത്തത് ആ കലാരസികത്തിയായ

Digitized By Kerala Sahitya Akademi

പാടലമുഖം തിരി-
ച്ചോ,രു നീൾക്കൺകോണിട്ടു
ഗൂഢമായ്ക്കൃതജ്ഞത
കാട്ടിനാൾ കവീന്ദ്രങ്കൽ—
ഓരാതെയെങ്ങോനിന്നു
വീണുകിട്ടിയ ശൗനാ-
സീരരത്നമായ്ത്തീന്നു
കവിഹൃത്തിന്നാ നോട്ടം;
പാരിൻെറ നാഥൻ പ്രീത്യാ
നല്കിയമഹാഗ്ഘമാം
പാരിതോഷികം പുന
രിരട്ടിപ്പടിയായി!

ട്ടതു പോകുന്ന പോക്കിൽ കേട്ടു. അപ്പോൾ അവൾ തൻെറ മെല്ലെ ചെമന്ന മുഖം (വികാരാവേശംകൊണ്ടു തുടുത്തതാണെന്നു സ്പഷ്ടം.) തിരിച്ചു ഒരു കടാക്ഷത്താൽ കവിയുടെ അഭിനന്ദനത്തിന്നു രഹസ്യമായി കൃതജ്ഞത പറഞ്ഞു. (ചക്രവത്തിസമക്ഷത്തിൽ പരസ്യമായി നന്ദി കാണിച്ചുകൂടാൻ പാടില്ലല്ലോ) അങ്ങനെ കവീന്ദ്രന്നു ഓക്കാതിരിക്കെ, അനഘമായ ഒരു ഇന്ദ്രനീലക്കല്ലു വീണുകിട്ടി. കടാക്ഷത്തിന്നും ഇന്ദ്രനീലക്കല്ലിന്നും തമ്മിലുള്ളതു സാമ്യത പ്രസിദ്ധം. അതുകൊണ്ടു ചതുരംഗത്തിന്നിടയിലെ ദ്രുതകവിതാനിമ്മിതിയ്ക്കു ചക്രവത്തി കനിഞ്ഞരുളിയ പാരിതോഷികം ഇരട്ടിപ്പടിയായി! അധികപ്പറ്റായി! വാസ്തവത്തിൽ ജഗന്നാഥകവിയെസ്സംബന്ധിച്ചിടത്തോളം ആദ്യപാരിതോഷികംകൊണ്ടുതന്നേ സംതൃപ്തനായിരുന്നു അദ്ദേഹം.

Digitized By Kerala Sahitya Akademi

7. തേങ്ങാപ്പൂള്

(അന്നനട)

1\. നിരത്തിൽ മൂന്നു നാലിടത്തുണ്ടു നില്പൂ
ചെറിയൊരാൾക്കൂട്ടം, പടിഞ്ഞാട്ടുനോക്കി:
മരിച്ച സൂര്യനെയനുശോചിപ്പാനോ,
വരുമിരവിനെയെതിരേല്ക്കുവാനോ?
ശരി: രവിവാരേ ശിശുവായ ശീത-
കിരണനെക്കണ്ടാൽസ്സുഖം കിട്ടുമത്രേ.
പ്രഥമയിന്നലെ പ്രസവിച്ചില്ലയോ,
സിതതക്ഷാപ്തിയാലൊരു പൈതലിനെ;
ദ്വിതീയയാം തിഥേ, കിടത്തുകൊ,ന്നെട-
ത്തതിനെ നീയന്തിത്തുടുവിരിപ്പിതിൽ!

1129-തുലാമാസത്തിൽ എഴുതിയതു്.

ദ്വിതീയാദിവസത്തിൽ ചന്ദ്രനെ കാണാൻവേണ്ടി കുറേ ആളുകൾ കൂടിനില്ക്കുന്നതു് ഒഴിഞ്ഞുൽ കണ്ടതിനെപ്പററി:

1\. പടിഞ്ഞാട്ടുനോക്കി—ചന്ദ്രൻ ഉദിച്ചിട്ടുണ്ടോ എന്നറിയാൻ, മരിച്ച—അസ്തമിച്ച, രവിവാരേ—ഞായറാഴ്ചയിൽ. ശീതകിരണൻ=ചന്ദ്രൻ. ശിശു, അപ്പോൾ പ്രസവിച്ചതെന്നു് ധ്വനിക്കുന്നു. ഞായറാഴ്ച ചന്ദ്രനെ ദർശിക്കുന്നതു് ഭാവിസുഖമുളവാക്കുന്നതാണത്രേ. 'സുഖജളമൃതിഭീതിർവ്വിത്തകാന്താപ്തിരോഗാഃ' എന്നു പ്രമാണം. സിതപക്ഷാപ്തി=ശുക്ലപക്ഷപ്രാപ്തി. ദ്വിതീയയാം തിഥേ—സ്ത്രീലിംഗപ്രയോഗംകൊണ്ടു് വയററാട്ടിയുടെ പദവിയെ സൂചിപ്പിക്കുന്നു. വയററാട്ടിയാണല്ലോ പുതുതായിപ്പെററ കുട്ടിയെ വേറെ എടുത്തു കിടത്തുക.

Digitized By Kerala Sahitya Akademi

പരസ്പരമൊന്നുമുരിയാടാതവർ
മരുൽപഥാന്തത്തിൽപ്പതിച്ച കൺകളിൽ
ഒരുൽക്കണ്ഠ പുരണ്ടിരുന്നു: മേക്കിന്നു
തുറക്കില്ലേ, സൂതി ഗൃഹക്കതകിന്നെ!

2 ഇരിപ്പിടത്തെയ്ക്കു പറക്കും പക്ഷികൾ
വിരിവാനിലങ്ങിങ്ങലയിളക്കിനാർ;
പുറം നനഞ്ഞ പയ്യെരുമകാളകൾ
പുഴച്ചാലിൽനിന്നു കരയ്ക്കേറുകയായ്
സരിത്തിങ്കലൊന്നു കളിച്ചു കുലിക്കാ-
രറിഞ്ഞിരിക്കില്ലി, സ്സുഖാഞ്ജനോപായം!

അന്തിത്തുടുവിരിപ്പ്—സന്ധ്യാസമയത്തെ ആകാശം. അവർ—പെററകുട്ടിയെ കാണാൻ ഉൽക്കണ്ഠയോടെ കാത്തുനിന്നിരുന്ന ബന്ധുക്കൾ. മരുൽപഥാന്തം=ചക്രവാളം. മേക്ക്=പടിഞ്ഞാറ്. സൂതിഗൃഹക്കതക്=ഈററില്ലത്തിന്റെ വാതിൽ. അതു തുറന്നാലല്ലേ കുട്ടിയെ കാണാൻ നിവൃത്തിയുള്ളൂ? മേഘം മറച്ചിരിക്കാം. കുട്ടിച്ചന്ദ്രനെ കാണാൻ തരപ്പെടില്ലായിരിക്കുമോ എന്ന ഒരുൽക്കണ്ഠയുണ്ടായിരുന്നു. പടിഞ്ഞാട്ടു നോക്കിയിരുന്ന അവരുടെ കൺകളിൽ.

2. അലയിളക്കിനാർ—പറന്നുപോകുമ്പോഴുള്ള ചിറകടി അന്തരീക്ഷത്തിൽ അലയുളവാക്കുന്നതായി തോന്നുമല്ലോ. പക്ഷികളും മൃഗങ്ങളുമൊന്നും ഇതു ശ്രദ്ധിച്ചില്ല. സുഖാഞ്ജനോപായം=സുഖം സമ്പാദിക്കാനുള്ള ഉപായം. പണിയെടുത്തു കഴിയുന്ന കൂലിക്കാർക്ക് ഈ മെനങ്ങാസുഖത്തെപ്പററി അത്രക്കേ അറിയൂ! പണിയെടുക്കുന്നവക്ക് ഇത്തരം

Digitized By Kerala Sahitya Akademi

പുരശ്ശലേശ്ശാശ്രു കുതിശ്ശയാണവർ;
എരിപശിവിട്ടാലിവർ കൃതാർത്ഥരായ്!

3 ഒട്ടവിലസ്സന്ധ്യയുടെ ചെംപട്ടണി-
മടിത്തട്ടിൽക്കാണായ്, മണിക്കഞ്ഞാം ചന്ദ്രൻ
കിടാവിനെക്കാട്ടിത്തരുന്നവൾക്കോണ-
പ്പുടവ നല്ലകെന്നതു സാധിപ്പാനോ,
സരസമെല്ലാരും വസനത്തുമ്പിൽ നി-
ന്നൊരു നൂലിൻകഷ്ണം പറിച്ചെടുത്തുടൻ
എറികയായ് മേല്പോട്ടു:-തോരോന്നും പാറീ,
ചെറുകാററിൽത്തുമ്പപ്പൂമലർ പോലെ.
നരരന്നന്നേവം തൊഴുതപ്പിരിശ്ശന്ന
ചെറു ചെറു നൂൽത്തുണ്ടുകൾകൊണ്ടോ, ക്രമാൽ

അന്ധവിശ്വാസങ്ങളോടു മമത പോരായിരിശ്ശം! അവക്കതിന്നു സമയമില്ലല്ലോ, വിശപ്പു മാറിയാൽത്തന്നേ അവർ കൃതാർത്ഥരായി. എരിപശി കത്തിക്കാളുന്ന വിശപ്പ്.

3. ചെംപട്ടിണിമടിത്തട്ട്=ചെമ്പട്ടു വിരിച്ച മടിത്തട്ട്. പുതുതായി പെററ കുട്ടിയെ മാർദ്ദവമുള്ള വിരിയിൽ കിടത്തണമല്ലോ. പുതുതായി പെററുവീണ കുട്ടിയെ കാണുമ്പോൾ ഓണപ്പുടവയും കൈനീട്ടവും മററും കൊടുക്കുക പതിവുണ്ട്. സരസം.........മേല്പോട്ട്—പുതുചന്ദ്രനെ കാണുമ്പോൾ ഉടുവസ്ത്രത്തിൽനിന്നു് നൂൽപോട്ടിച്ച് മേല്പോട്ടെറിയുക എന്നൊരു നാട്ടനടപ്പുണ്ട്, ചില ദിക്കിൽ. അതു കാററത്തു പാറിയപ്പോൾ തുമ്പപ്പൂപോലെ തോന്നി: അത്രയും നേർത്തതാണ

Digitized By Kerala Sahitya Akademi

പെരും വെൺപട്ട നെയ്ത്തു,രിയ രാത്രിയെ-
യുരിപ്പിപ്പു, സുധാകരൻ യുവത്വത്തിൽ!

4. 'പതുങ്ങലോട്ട നീ പ്രദോഷതാരകേ,
തിരയുന്നതെന്താണൊരീതു കവി ചൊന്നാൻ;
'വരുമ്പോഴെമ്മട്ടോ മുറിഞ്ഞുവീണ നിൻ
തിരുവെള്ളിത്തളയുടെ പാതിയിതാ,
ചരമാദ്രിയുടെ നെട്ടംതാഴ്വരയിൽ-
പ്പരിലസിയ്ക്കും ചെമ്പരുത്തിപ്പൂങ്കാവിൽ!'

ശ്ലോ. സുധാകരൻ=ചന്ദ്രൻ. യുവത്വത്തിൽ=യൌവനത്തിൽ. പൂൎണ്ണവളൎച്ചയെത്തുമ്പോൾ. ആളുകൾ അന്നന്നു തൊഴുതു (ചന്ദ്രനെ കാണുമ്പോൾ തൊഴാറുണ്ടു്.) ഭക്തിപൂൎവ്വം അൎപ്പിയ്ക്കുന്ന ചെറിയ ചെറിയ നൂൽക്കഷ്ണങ്ങൾ ഏച്ചുകൂട്ടിയാണോ ചന്ദ്രൻ പൌൎണ്ണമിനാളിൽ രാത്രിയെ വലിയ വെൺപട്ടുചേല ഉടുപ്പിയ്ക്കുന്നതു്? യുവത്വത്തിൽ എന്നു പറഞ്ഞതിനാൽ, വിവാഹവേളയിൽ പുടവസമ്മാനിയ്ക്കുന്നതിനെയും സൂചിപ്പിയ്ക്കുന്നു. രാത്രി ചന്ദ്രന്റെ ഭാൎയ്യയാണെന്നു സങ്കല്പം.

4. പ്രദോഷതാരക=സന്ധ്യനക്ഷത്രം. സന്ധ്യനക്ഷത്രം പതുങ്ങലോടെ തിരയുന്നതെന്താണെന്നു, ചോദിച്ചുകൊണ്ടു് കവി സാന്ത്വനിപ്പിയ്ക്കുന്നു. വരുന്നവഴിയ്ക്കു വീണുപോയ കാൽത്തളയാണു് അന്വേഷണവിഷയമായിരിയ്ക്കുന്നതെങ്കിൽ അസ്തമയപൎവ്വതത്തിലെ വലിയ താഴ്വാരത്തിലുള്ള ചെമ്പരുത്തിപ്പൂന്തോട്ടത്തിലുണ്ടു് അതിന്റെ ഒരു കഷ്ണം കിടക്കുന്നു. (ചന്ദ്രക്കലയെ വെള്ളിത്തളികയുടെ പകുതിയായും അന്തിച്ചുകപ്പിനെ ചെമ്പരുത്തിപ്പൂന്തോട്ടമായും കല്പിച്ചിരിയ്ക്കുന്നു.) ഒരു

Digitized By Kerala Sahitya Akademi

തുടമൊന്നാരു മുസ്ലീംസുഹൃത്താഹ്ലാദിച്ചാൻ:-
പടിഞ്ഞാറെ, നിൻെറ കടൽത്തിരക്കൈകൾ
പിടിയ്ക്കട്ടെ, പൊക്കിപ്പിടിയ്ക്കട്ടെ, തിങ്കൾ-
ക്കിടാവിനെപ്പുല്കും തുടുപതാകയെ!'
നിരത്ഥമാം ചന്ദ്രാച്ചനമിതു കണ്ടി-
ട്ടൊരു ഖഗോളജ്ഞൻ മൃദുഹാസം തൂകീ:—
'ഇരുലക്ഷവുമൊമ്പതൊത്ത മുപ്പതാ-
യിരവും നാഴികയകലത്തു വാനിൽ
മരുവുന്ന മഹത്തരലോകമിന്നി-
ദ്ധരണിതൻ ദൃഷ്ടിയ്ക്കൊരു തേങ്ങാപ്പൂളായു്'!

മുസ്ലിംസുഹൃത്തു് ഇങ്ങിനെ ആഹ്ലാദിച്ചു: ചന്ദ്രക്കലയുള്ള കൊടിയെ അറബിക്കടൽ തൻെറ തിരക്കൈകൾകൊണ്ടു് ഉത്തരോത്തരം ഉയർത്തിപ്പിടിയ്ക്കട്ടെ! മുസ്ലീംകൊടിയിൽ ചന്ദ്രക്കലയാണു് അടയാളം. ഖഗോളജ്ഞൻ=നക്ഷത്രശാസ്ത്രജ്ഞൻ. നക്ഷത്രശാസ്ത്രജ്ഞൻ ഈ നിരത്ഥകമായ ചന്ദ്രാരാധന കണ്ടു് പുഞ്ചിരി പൊഴിച്ചു. രണ്ടു ലക്ഷത്തി തൊണ്ണൂററി മുവ്വായിരം നാഴിക ദൂരത്ത്, ആകാശത്തു് വിലസുന്ന ഒരു വലിയ ലോകം ഈ ഭൂമി (ധരണി)യിലെ മനുഷ്യരുടെ ദൃഷ്ടിയ്ക്കു ഒരു തേങ്ങാപ്പൂളായി തോന്നുകയാണു് എന്ന വാസ്തവം ഭൂമിയിൽ എത്ര പേക്കറിയാം! മനുഷ്യരുടെ അജ്ഞതയെയും അന്ധവിശ്വാസത്തെയും കുറിച്ചുള്ള അനുകമ്പയാണു് ആ മന്ദഹാസത്തിലടങ്ങിയിരുന്നതു് എന്നു് അഭിപ്രായം.

Digitized By Kerala Sahitya Akademi

8. 'ശിപ്പായിലഹള'

(കേക)

1. ആയിരത്തെണ്ണൂററമ്പ-
      ത്തേഴായ ക്രിസ്തീയാബ്ദം
മായാത്ത മനശ്ചിത്ര
      മാണു, നമ്മൾക്കെന്നെന്നും;
ആയാണ്ടിൽ മേയ്മാസത്തിൻ
      തുവെളിച്ചത്താലത്രേ,
സ്വീയമാം കാല്ച്ചങ്ങലക്കെട്ടിനെ-
      ക്കണ്ടു, ഭാരതവർഷം.
മുപ്പതുകോടിയുടെ
      കയ്യാമം മുറിയ്ക്കുവാ-
നബ്ദരു,സ്മൽപൂർവ-
      രായുധമെടുത്തപ്പോൾ,

1132-മിഥുനത്തിൽ എഴുതിയത്.

1857-ൽ ഒന്നാമതായി ബ്രിട്ടീഷ് സാമ്രാജ്യവാദികൾക്ക് എതിരായി ഇന്ത്യ സ്വാതന്ത്ര്യയുദ്ധം പ്രഖ്യാപിച്ചതിനെ അനുസ്മരിച്ചുകൊണ്ട്. 1857 മേയ്മാസത്തിലാണ് ആ യുദ്ധം തുടങ്ങിവെച്ചതു്. തുവെളിച്ചത്താൽ — അതേവരെ ഇരുട്ടായിരുന്നു. ഈ വിമോചനയുദ്ധം ആരംഭിച്ചപ്പോൾ ഒരു തുവെളിച്ചം മിന്നി. അപ്പോഴേ ഭാരതീയർക്ക് സ്വീയമായ (തങ്ങളുടെ) കാല്ച്ചങ്ങലക്കെട്ടിനെ (ചങ്ങലക്കെട്ടിനെ) കാണാൻ കഴിഞ്ഞുള്ളു. അസ്മൽപൂർവർ=നമ്മുടെ കാരണവന്മാർ. അവർ യുദ്ധം ചെയ്യാൻ ആയുധമെടുത്തപ്പോൾ, അതിന്റെ തിളക്കം

Digitized By Kerala Sahitya Akademi

തൽപ്രഭാപൂരാൽക്കണ്ണു
 മഞ്ഞളിച്ചധീശന്മാർ
കല്പിച്ചു നല്കി നാമം
 'ശിപ്പായിലഹള'പോൽ!
പാരതന്ത്ര്യോൽപന്നമാം
 പട്ടിണിച്ചെന്തീ സ്വന്തം
ചോരയാൽക്കെടുപ്പാന-
 സ്സൈനികർ തുനിഞ്ഞപ്പോൾ,
നേരിനെന്നണയാക്ക-
 മിംഗ്ലണ്ടു കമ്പനിക്കാർ
പേരിതിന്നിട്ടാ,-രതു
 'ശിപ്പായിലഹള'പോൽ!
മംഗള പ്രഭാതമൊ-
 ന്നുദിക്കെയുണർന്നേററു
സിംഗു, മുസ്ലീമും, ചെട്ടി,
 നായരും, നസ്രാണിയും

ത്തിൽ അധീശന്മാരുടെ (സാമ്രാജ്യവാദികളുടെ) കണ്ണു മഞ്ഞളിച്ചു. കണ്ണു മഞ്ഞളിച്ചതോടെ, തലയും തകരാറിലായി. എന്നിട്ട്, ആ സ്വാതന്ത്ര്യപ്പോരിന്ന് അവർ 'ശിപായിലഹള' എന്നു പേരിട്ടു! പാരതന്ത്ര്യോൽപ്പന്നം=അസ്വാതന്ത്ര്യത്തിൽനിന്നുണ്ടായത്. അസ്വാതന്ത്ര്യത്തിൽനിന്നുണ്ടായ പട്ടിണിച്ചെന്തിയ്യിനെ സ്വന്തം മെച്ചോരകൊണ്ട് കെടുക്കാൻ ആ പോരാളികൾ ഒരുങ്ങിയപ്പോൾ, ഇംഗ്ലണ്ടിലെ ഈസ്റ്റിന്ത്യാക്കമ്പനിക്കാർ അതിന്നു ശിപായിലഹളയെന്നു പേർ വിളിച്ചു! നോക്കണേ, ധിക്കാരം! മംഗളപ്രഭാതം—അന്ന് ഒരു

Digitized By Kerala Sahitya Akademi

അങ്ങിങ്ങുമേളിച്ചൈകൃം-
　　പൂണ്ടുമുക്തിയ്ക്കായ്‌ച്ചെയ്ക
സംഗരം സായിപ്പിന്നു
　　'ശിപ്പായിലഹള'പോൽ!

2. ലഹളക്കാരല്ല,ന്നു-
　　മിന്നുമിന്ത്യക്കാരെ;ന്നാൽ-
സ്സഹിയ്ക്കില്ലോത നാളും
　　പരർതൻ കയ്യേററത്തെ:
ബൃഹദംഗന്മാർ നിങ്ങൾ
　　കണ്ടില്ലേ പ്രിയാംഗ്ലേയ-
സഹജന്മാരേ ദാസ്യ-
　　ദീനർതൻ പോരും വീറും?
കണ്ണുടച്ചപൃഷിമന്നിൻ
　　മാതരെയട്ടക്കളെ-
പ്പെണ്ണുങ്ങളെന്നെണ്ണുന്ന
　　പാശ്ചാത്യശ്ശൂരന്മാരെ

സുദിനമായിതന്നു. രാവിലെയാണ്‌ യുദ്ധമാരംഭിച്ചത്‌. സംഗരം=യുദ്ധം.

2. 'ശിപ്പായിലഹള' എന്നുപറഞ്ഞതിന്നു മറുപടി. ഇന്ത്യക്കാർ അന്നും ഇന്നും ലഹളക്കാരല്ല. എന്നാൽ മററുള്ളവരുടെ കയ്യേററത്തെ അവർ സഹിയ്ക്കില്ല. ബൃഹദംഗന്മാർ=കൂററൻശരീരത്തോടുകൂടിയവർ. പ്രിയാംഗ്ലേയസഹജന്മാർ=പ്രിയപ്പെട്ട ഇംഗ്ലീഷ്‌ സഹോദരന്മാർ. ഇന്ത്യക്കാർ=ഇംഗ്ലീഷ്‌കാരെ സഹോദരന്മാരായിട്ടാണ്‌ ഗണിയ്ക്കുന്നതെന്നു ധ്വനിയ്ക്കുന്നു. ദാസ്യദീനർ=അസ്വാതന്ത്ര്യംകൊണ്ടു ദീനന്മാരായവർ ഋഷിമന്ന്‌=ആർഷഭാരതം. മാതർ=അമ്മമാർ. ഭാരത

Digitized By Kerala Sahitya Akademi

മണ്ണുകപ്പിച്ചാർ, തോക്കിൻ-
തേട്ടലുള്ളപ്പോരിൽക്കൈ-
പ്പുണ്യമേറിയ ഝാൻസി-
റാണിയും സഖിമാരും!
ബ്രിട്ടൻെറ കൊടിയാട-
സ്സിംഹത്തെ വിറപ്പിച്ചാൾ
പട്ടമെയ്യാളാമൊരു
പേടമാനെന്നേ വേണ്ടൂ:
ചട്ടയും തലപ്പാവും
വാൾ പരിചയും ഹാഹാ,
ധൃഷ്ടപൌരുഷലക്ഷ്മി
തന്നെ,യിത്തയ്യാം ലക്ഷ്മി!

സ്ത്രീകളൊക്കെ അടുക്കളപ്പെണ്ണുങ്ങളാണെന്നാണ് പാശ്ചാത്യധീരന്മാർ കരുതിയിരുന്നത്. മുനിമാരുടെ രാജ്യത്തെ സ്ത്രീകൾ അറുപാവങ്ങളായ അടുക്കളപ്പെണ്ണുങ്ങളല്ലാതെ മറെറന്താവാനാണ്! പക്ഷേ, തെററിപ്പോയി! അങ്ങനെ കരുതിയ പാശ്ചാത്യശൂരന്മാരെ, ഝാൻസിറാണിയും സഖിമാരും തോക്കുകൊണ്ടു മണ്ണുകപ്പിച്ചുകളഞ്ഞു! ബ്രിട്ടൻെറ കൊടിയാടസ്സിംഹത്തെ—ബ്രിട്ടൻെറ കൊടിയടയാളം സിംഹമാണെന്നു പ്രസിദ്ധം—ആ സിംഹത്തെ ഝാൻസിറാണിയാകുന്ന പേടമാൻ വിറപ്പിച്ചുകളഞ്ഞു! ബ്രിട്ടീഷ് ഭരണം കുലുങ്ങി. ചട്ടയും തലപ്പാവും വാൾപരിചയും ധരിച്ച ഝാൻസിറാണിയുടെ ചിത്രത്തെ അനുസ്മരിക്കുക. ധൃഷ്ടപൌരുഷലക്ഷ്മി—സാഹസികമായ പൌരുഷത്തിൻെറ (ലക്ഷ്മി) ശോഭ. തയ്യ്=പെൺകിടാവ്. അന്ന് ഝാൻസിറാണിക്കു പതിനെട്ടുവയസ്സുമാത്രമേ പ്രായമായിരുന്നുള്ളൂ.

Digitized By Kerala Sahitya Akademi

3. അസ്സൈന്യക്കുറുമ്പന്മാർ
ചാട്ടകുന്തത്താൽക്കിള-
ച്ചസ്സൽ മോചനവിത്തു
പാകിനാർ പലേടത്തും;
സ്വാസൃക്കത്താൽ നന-
യ്ക്കുകയും ചെയ്താരന്നു;
തത്സ്വാദ്വഫലമിതാ,
നേടി, നൂററാണ്ടാൽ നമ്മൾ.
ധർമ്മയോധരേ, നിങ്ങ-
ളന്ത്യമായ്ത്തലചായ്ച്ച
ചെമ്മണ്ണിലുദ്രോമാഞ്ചം
വീണുരുളാവൂ ഞങ്ങൾ.

3. സൈന്യക്കുറുമ്പന്മാർ=കറുത്ത പോരാളികൾ. അവർ ചാട്ടകുന്തംകൊണ്ടു് കിളച്ചു് അന്നു് പലേടത്തും ഒന്നാന്തരം സ്വാതന്ത്ര്യവിത്തു പാകി. അതിനെ സ്വന്തം ചോരകൊണ്ടു നനച്ചു. (കൃഷിക്കു വെള്ളം വേണമല്ലോ.) തത്സ്വാദ്വഫലം—അതിന്റെ സ്വാദുള്ള ഫലം. അതു വിളഞ്ഞു. ആ ഫലം ഇതാ ഒരു നൂററാണ്ടുകൊണ്ടു നമുക്കനുഭവിക്കാറായിരിക്കുന്നു. ധർമ്മയോധർ—അന്നത്തെ യുദ്ധം ധർമ്മയുദ്ധമായിരുന്നു എന്നു ധ്വനി. കാരണം, പോയ്പ്പോയ സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ളതായിരുന്നു അതു്. അന്ത്യമായ്ത്തലചായ്ച്ച= അവസാനമായി ദീർഘനിദ്രകൊള്ളുന്ന. ഉദ്രോമാഞ്ചം=കോൾമയിരോടേ. വീണുരുളാവൂ—അതിൽ ഉരുളുന്നതുതന്നെ ആവേശകരമാണു്. കർമ്മയോഗത്തിന്നില്ല........കർമ്മം ചെയ്താൽ,

Digitized By Kerala Sahitya Akademi

കർമ്മയോഗത്തിന്നില്ല
കാലദൈർഘ്യത്താൽബ്ഭംഗം—
അമ്മയ്ക്കു മാനം വാങ്ങാ-
നുയിർ വിററോരേ വെൽവിൻ!

ഞ്ഞിട്ടായാലും വേണ്ടില്ല, അതിന്നു ഫലമുണ്ടാവും. അമ്മയ്ക്കു മാനം വാങ്ങാൻ ഉയിർവിററവർ—സ്വാതന്ത്ര്യം സമ്പാദിക്കാൻ ആത്മാർപ്പണം ചെയ്യുവർ.

Digitized By Kerala Sahitya Akademi

൯. തറവാട്ടമ്മ

(മാകന്ദമഞ്ജരി)

"അമ്മിഞ്ഞപ്പാലോലും ചോരിവാകൊണ്ടാദ്യ-
മമ്മയെത്തന്നേ വിളിച്ച കുഞ്ഞേ,
മറെറാരു മാതാവു കൂടിയുണ്ടെന്മക-
ന്നു,ററ വാത്സല്യമോടോമനിപ്പാൻ."
തന്മടിത്തട്ടിലിരിയ്ക്കും കിടാവിൻെറ
കമ്രമാം കുന്തലിൽക്കൈ നടത്തി
ചെമ്മലർച്ചുണ്ടത്തും പിഞ്ചുകവിളത്തു-
മുമ്മവെച്ചച്ഛൻ തുടൎന്നുചൊല്ലീ:

"ഈയമ്മ നാൾതോറും ലാളിച്ചു, നിന്മണി-
വായിലൊഴുക്കുന്നു പാലും തേനും;
ആ നിജഭാഷയാമമ്മയോ, മാധുൎയ്യ-
മാൎന്ന സൂക്തങ്ങളെത്തുകിടുന്നു.

11 1-തുലാമാസത്തിൽ എഴുതിയതു്.

മറുനാട്ടിൽ വസിയ്ക്കുന്ന മലയാളിയായ ഒരച്ഛൻ തൻെറ കുഞ്ഞിനോടു പറയുന്നതു്: മറെറാരു മാതാവു്=മാതൃഭാഷ. കമ്രം=മനോഹരം. കുന്തൽ=തലമുടി. ചെമ്മലർച്ചുണ്ടു്=ചുവന്നപൂപോലുള്ള ചുണ്ടു്. രണ്ടമ്മമാരുംതമ്മിലുള്ള വ്യത്യാസം ഇത്രമാത്രമാണെന്നു്: ആദ്യത്തെ അമ്മ മകനെ ലാളിച്ചു പാലും തേനും ഒക്കെ വായിൽ പകൎന്നുകൊടുക്കുന്നു; മാതൃഭാഷയാ

Digitized By Kerala Sahitya Akademi

എത്രതാനും ദൂരത്തു കാണുന്നതില്ലയോ
നൂതനശാലയൊന്നാക്കോവിലിൽ
ഭൂതികാമന്മാർ പ്രതിഷ്ഠിച്ചിട്ടുണ്ടാ,നിൻ-
മാതാവാം കൈരളീദേവതയെ.

അങ്ങു ചെന്നനഹം സേവിക്ക തന്നിളം-
ചങ്ങാതിമാരൊത്ത, ദ്ദേവിയെ നീ;
നിങ്ങൾക്കേവൎക്കും ക്രമത്താലേ കൈവരും
മംഗളഹേതുവാം തൽപ്രസാദം.

ആയായ്, മടിക്കുന്നതെന്തിനു പേടി? നിൻ
തായാട്ടും തായയെത്തോഷിപ്പിക്കും;

കുന്ന മറേറ അമ്മയാകട്ടെ കുഞ്ഞിൻെറ മണിവായിൽ മാധുര്യമുള്ള സൂക്തങ്ങളെ പകൎന്നുകൊടുക്കുന്നു. ഒന്നു ദേഹപോഷകവും; മറേറതു് ആത്മപോഷകവും. രണ്ടും അത്യാവശ്യമാണെന്നും.

നൂതനശാല=പുതുതായി നിൎമ്മിച്ച വിദ്യാലയം. ഭൂതികാമന്മാർ=ഐശ്വര്യത്തെ ആഗ്രഹിക്കുന്നവർ; പ്രതിഷ്ഠിച്ചിട്ടുണ്ടു്—ക്ഷേത്രത്തിൻെറ പ്രതീതി ജനിക്കുന്നു. അതുകൊണ്ടു് അതൊരു പുണ്യസ്ഥലമാണെന്നു്. അവിടത്തെ പ്രതിഷ്ഠ കൈരളീദേവി—മലയാളഭാഷ—യാണെന്നുമാത്രം. അനഹം=എല്ലാപ്പോഴും. അവിടെപ്പോയി ആ ദേവതയെ സേവിച്ചാൽ അതിൻെറ ഐശ്വര്യദായകമായ പ്രസാദം (അനുഗ്രഹം)ലഭിക്കും. ആയായ്................കുട്ടികളെ സ്കൂളിലേക്കു് ഒന്നാമതായി അയക്കുമ്പോൾ, അവർ മടിച്ചുനില്ക്കുന്നതു സ്വാഭാവികമായി കാണാറുണ്ടല്ലോ. അതു ഭാവനയിൽക്കണ്ടു കവി കുട്ടികളെ ഉത്സാഹിപ്പിക്കുകയാണു്. തായാട്ടു്=വികൃ

Digitized By Kerala Sahitya Akademi

തപ്പിയും തെററിയുമുച്ചരിച്ചാലതു—
മർഭകവത്സലയ്ക്കിഷ്ടഗീതം;
കൈക്കല്ലുലകമേലക്ഷരം'കാക്കിരി
പൂക്കിരി'യായ്നീവരച്ചുകൊള്ളു—
ന്നേക്കതിൽക്കാണാം,മാ പ്രേമസാന്ദ്രപതൻ
പാല്ക്കുളിർപ്പുഞ്ചിരിത്തുള്ളികളെ,
നീ വെൺകടലാസ്സു ചീന്തിയിടുന്നതും
ദേവിയ്ക്കുതാമരപ്പൂവിതളാം!''

2\. ബാലൻ ധരിയ്ക്കുമോ ചൊൽവതിൻ സാരമെ-
ന്നാലോചിച്ചീലച്ഛനാവേശത്താൽ:

തി. തോഷിപ്പിയ്ക്കുക=സന്തോഷിപ്പിയ്ക്കുക. അർഭകവത്സല =ബാലരിൽ വാത്സല്യമുള്ളവൾ. ഇഷ്ടഗീതം=ഇമ്പമുള്ളപാട്ട്. കുട്ടികൾ തപ്പിയും തെററിയും വായിച്ചാലും, അതു ശൂവത്സലയായ കൈരളീദേവിയ്ക്കു കാതിന്നിമ്പം വളർത്തുന്നതാണെന്നു്. കൈക്കല്ലുലകമേൽ—അടുത്തുള്ള ബോർഡിൽ 'കാക്കിരി പൂക്കിരി'—കുട്ടികൾ അവ്യക്തമായി എഴുതുന്നതു്. ചോക്കുകൊണ്ടാണല്ലൊ ബോർഡിന്മേൽ എഴുതുക. അതു പ്രേമം മൂർത്തീകരിച്ച കൈരളീദേവിയുടെ കുളിർ പുഞ്ചിരിയായി കല്പിച്ചിരിയ്ക്കുന്നു. കുട്ടികളുടെ അവ്യക്തമധുരമായ എന്തും വാത്സല്യനിധികളായ അമ്മമാരെ പുഞ്ചിരികൊള്ളിയ്ക്കുമല്ലോ. വെൺകടലാ.........വിതളാം—കുട്ടികളുടെ കൈത്തുടപ്പു് വെള്ളക്കടലാസ്സിൽ പതിയുമ്പോൾ അതിന്നു താമരപ്പൂവിതളിന്റെ ചന്തം കൈവരുന്നു!

2\. അച്ഛൻമാതൃഭാഷാവേശത്താൽ നിർത്താതെ പ്രസംഗിച്ചു. മകനു് അതിന്റെ അർത്ഥം മനസ്സിലായോ എന്നു് അച്ഛൻ ആലോചിച്ചില്ല. എന്നിട്ടു സംഗതി പറയാൻ തുടങ്ങുകയാണ്: ഊർജ്ജസ്വിയായൊരു വെണ്മഴ—പരശുരാമൻ

Digitized By Kerala Sahitya Akademi

നമ്മുടെ നാടിതല്ല,ജ്ജസപിയാമൊത്ത
വെണ്മഴ നിർമ്മിച്ച ദേശമത്രെ;
നമ്മുടെയോരോരൊ വീർപ്പിലുമുൾക്കൊൾവ—
തമ്മന്നിൻ നിർമ്മലവായുതന്നേ.!
അമ്മയുമച്ഛനുമഷ്ടികിടയ്ക്കുവാ—
നിമ്മറുനാട്ടിൽ വസിയ്ക്കുകയും
ദ്വീപാന്തരത്തിലെബ്ഭാഷയിൽ നാവിനെ
വ്യാപരിപ്പിയ്ക്കയും വേണ്ടിവന്നു.
എത്ര വിദേശഭാഷാഭിജ്ഞനാകിലും
മർത്ത്യനു തൻഭാഷയൊന്നുകൊണ്ടേ
ശക്തിയുണ്ടായ്വത്രൂ, ശക്തിമത്താകിയ
ഹൃദ്വികാരത്തെ വെളിപ്പെടുത്താൻ.
നേരോത്താലിപ്പരഭാഷാവ്യവഹാരം,
ചോറുവില്ലുന്നിടത്തുണ്ണലത്രെ;

വെണ്മഴവെറിഞ്ഞു നിർമ്മിച്ചതാണ് കേരളരാജ്യം എന്നാണ ല്ലോ ഐതിഹ്യം. നമ്മുടെ നാട് അവിടെ, കേരളത്തിലാ ണെന്നു് മറുനാട്ടിൽ വസിയ്ക്കുന്ന അച്ഛൻ കുട്ടിയോടു പറയു ന്നു. നമ്മുടെ.........തന്നെ ദേഹം അന്യരാജ്യത്താണെങ്കി ലും ആത്മാവ് കേരളത്തിൽ തന്നെയാണ്. ദ്വീപാന്തര ത്തിലെബ്ഭാഷ=ഇംഗ്ലീഷ്. കഴിഞ്ഞുകൂടാൻ നിവൃത്തിയി ല്ലാതെ അന്യനാട്ടിൽ വന്നു് അന്യഭാഷ സംസാരിച്ചു ജീ വിയ്ക്കാൻ നിർബ്ബദ്ധരായിത്തീന്നു. നേരോ............... ഉണ്ണലത്രെ—ഹോട്ടലിൽപ്പോയി ഭക്ഷണംകഴിയ്ക്കുന്നപോലെ

Digitized By Kerala Sahitya Akademi

ചെമ്മേ സ്വഭാഷയിൽസ്സംസാരിയ്ക്കുന്നതാ-
ണമ്മ വിളമ്പിത്തരുന്ന ഭോജ്യം!
എന്മകനേതു വിദേശത്തു വാഴ്കിലും,
നിന്മനക്കാമ്പിലീയോർമ്മവേണം:
എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ;-
യന്യയാം ഭാഷ വിരുന്നുകാരി.''

അരുചികരമാണെന്ന്. സ്വന്തം ഭാഷയിൽ സംസാരിച്ചാലെ സ്വന്തം വീട്ടിൽനിന്നു ഭക്ഷണം കഴിച്ചതുപോലുള്ള സംതൃപ്തി ഉണ്ടാവൂ. എന്മക..............യോർമ്മവേണം— ഈ വസ്തുത തന്റെ മകൻ എല്ലായ്പ്പോഴും ഓർമ്മിയ്ക്കണമെന്ന്. എന്റെ ഭാഷയാണ്—യഥാർത്ഥത്തിൽ തറവാട്ടമ്മ; അന്യഭാഷ വെറും വിരുന്നുകാരിമാത്രമാണ്.

Digitized By Kerala Sahitya Akademi

10 കീർത്തിമുദ്ര

(കേക)

1. 'അയ്യയ്യ, പാറുക്കുട്ടി:
പുഴയിൽക്കുളിച്ചുപോം
നിയ്യിന്നു തനിച്ചായ-
തെൻ ഭാഗ്യമെന്നേ വേണ്ടൂ!
വായിലെ വീടി വലി-
ച്ചെറിഞ്ഞു പാഞ്ഞെത്തി,യാ-
സ്സായിപ്പിൻ പടികാവ-
ല്ക്കാരനിപ്പടി ചൊല്ലെ,
'എൻേറയും ഭാഗ്യം തന്നെ'-
യെന്നു പുഞ്ചിരിതൂകി-
ത്തൻേറടമോടും നേരെ
നടന്നാൾ നില്ക്കാതവൾ.

1120-കർക്കിടകമാസത്തിൽ എഴുതിയതു്.

1. ഒരു പട്ടാളശിപായി പുഴയിൽക്കുളിച്ചുപോകുന്ന യുവതിയായ പാറുകുട്ടിയെ അനുഗമിച്ചു തൻെറ ഇംഗിതം അറിയിക്കുന്നു; അയാൾ പറഞ്ഞ അതേ വാക്കുകളിൽത്തന്നേ മറുപടിപറഞ്ഞു അവൾ നില്ക്കാതെ നടന്നു.

Digitized By Kerala Sahitya Akademi

2. കാവലാൾ മിഴിച്ചുപോയ്
ഭാഗ്യ'ത്തെയെടുക്കാതെ
പോവതെന്തൊ,രു കൂലി
ക്കാരിയാമിവളയ്യോ!
നിയയവ്യായാമശ്രീ
പുഷ്ടയാമപ്പെൺതയ്യിൻ
നിതംബത്തോളം ഞാന്ന
നിബിഡക്കളിർകേശം
അഞ്ഞൊരു കനം കൂട്ടി,
പട്ടാളശ്ശിപായിത-
ന്നങ്ഗജതമസ്സിന്നും
മൂവന്തിയിരുട്ടിന്നും.
ചെറുതുനേരത്തിൻ
മുമ്പാദിത്യൻ മറഞ്ഞതീ-

2. കൂലിക്കാരി—അവളുടെ ധിക്കാരംതന്നെ എന്നാശയം. നിയതവ്യായാമശ്രീപുഷ്ട=പതിവായി പണിയെടുക്കുന്നതുകൊണ്ടുള്ള സൌഭാഗ്യത്താൻ തടിച്ചുകൊഴുത്തവൾ. നിതംബം=അരക്കെട്ട്. നിബിഡക്കളിർകേശം—ഇടതിങ്ങിയ ഈറൻതലമുടി. ധാരാളം തലമുടിയുണ്ടെന്നത് സൌന്ദര്യമുണ്ടെന്നു കാണിയ്ക്കുന്നു. അംഗജതമസ്സ്=കാമവികാരത്തിൻേറതായ ഇരുട്ട്. (കാമത്തിന്നു കണ്ണില്ലെന്നു പറയാറുണ്ടല്ലോ.) അന്തിനേരത്തെ ഇരുട്ടിന്നും കാമവികാരത്തിൻേറതായ ഇരുട്ടിന്നും ആ തലമുടിക്കറുപ്പ് കനം കൂട്ടി. അവളുടെ തലമുടിയുടെ ചന്തം അയാളുടെ കാമവികാരത്തെ വർദ്ധിപ്പിച്ചു. അയാൾക്കു കാമംകൊണ്ടു കണ്ണുകാണാതായി എന്നും വ്യഞ്ജിയ്ക്കുന്നു. ആദിത്യൻ=സൂര്യൻ. സൂര്യൻ മറഞ്ഞത് ഈ ഇരുകാൽ മൃഗത്തിൻേറ വിക്രി

Digitized By Kerala Sahitya Akademi

യിതുകാൽ മൃഗത്തിന്റെ
ചേഷ്ട കാണാമ്പാനാവാം!

3, ഒന്നുരണ്ടടി നീട്ടി-
നീട്ടിവെച്ചവൻ മുന്നിൽ-
ച്ചെന്നുനിന്നപേക്ഷിച്ചാൻ:-
'ചെല്ലമേ നില്ക്കു,നില്ക്കു:
ബംഗ്ലാവിൽ മററില്ലാരും,
ചായറൊട്ടികളുണ്ടു
നിൻകിളിച്ചുണ്ടു തൊടാ-
നങ്ങുകാത്തിരിക്കുന്നു.'
പാറുവിൻ മുഖത്തൊരു
പുഞ്ചിരി പാറി പേർത്തും
പാറാവുകാരൻ വെച്ച
ചായക്കു പാലാംവണ്ണം.
'നേരമില്ലിന്നങ്ങുന്നേ:
വൈകിച്ചു വീട്ടിൽച്ചെന്നാ-

യ കാണാതിരിക്കാനാവാമെന്നു കവി വിചാരിക്കുന്നു.

3. കാമാധീനനായ അയാൾ അവളെ ബംഗ്ലാവിലേക്കു ക്ഷണിക്കുന്നു. ചെല്ലം=ഓമന. ചായ..............കാത്തിരിക്കുന്നു—നിന്റെ ചുംബനം തേടിയാൽ അവക്കു കൃതാൎത്ഥത കൈവന്നു. തന്റെ മനോവികാരത്തെ അവളുടെ മുന്നിൽ സമൎപ്പിക്കുന്നു. ഇതു കേട്ടപ്പോൾ അവളുടെ മുഖത്തു പാറിയ പുഞ്ചിരിയെ (അതത്ര ലഘുവായിരുന്നുവെന്നൎത്ഥം) പാറാവുകാരൻ

Digitized By Kerala Sahitya Akademi

ലിറപൂണ്ടച്ഛൻ തല്ലും
        നാളെ ഞാൻ കാലെ വരാം.'
എന്നൊരു വശത്തേയ്ക്കു
        മാറിനാൾ പോകാനവൾ;
മന്ദാത്മാവുടൾ ധൈര്യ-
        പ്പെട്ടത്തി മാങ്കണ്ണാളെ:
'ഒട്ടു വൈകിയാലെന്തു,
        വീട്ടിൽ ഞാൻ കൊണ്ടാക്കില്ലേ
കട്ടപ്പൊങ്കടമെ, നാ
        മിത്തക്കം കളഞ്ഞാലോ!
പട്ടിണിപ്പാടിൽച്ചാകാൻ
        പോകവേ നാഴിക്കഞ്ഞി
കിട്ടിയാലതാരാനും
        നാളെയ്ക്കു വെച്ചീടുമോ?'
പിഞ്ഞിയ കാക്കിക്കുപ്പാ-
        യത്തിനാലൊളിഞ്ഞ തൻ-
നെഞ്ഞിൽനിന്നെടുത്ത കൈ-
        കൊണ്ടുമിച്ചോദ്യം ചെയ്താൻ.

നീട്ടിയ ചായയ്ക്കു പാലാണിതെന്നാശിച്ചു. പുഞ്ചിരിയുടേയും പാലിന്റെ നിറം ഒന്നുതന്നെയാണല്ലോ. മന്ദാത്മാവ്=ബുദ്ധിശൂന്യൻ. കൈകൊണ്ടുമിച്ചോദ്യം ചെയ്താൻ—കാക്കിക്കുപ്പായത്തിൽനിന്നെടുത്ത കൈകൊണ്ട് ചോദ്യത്തിന്നനുസരിച്ചുള്ള അംഗചേഷ്ടയെ കാണിക്കുന്നു.

Digitized By Kerala Sahitya Akademi

4. ആനുകൂല്യമേ നടി-
ച്ചായാളെ മിരട്ടിത്തൻ
മാനത്തെ രക്ഷിയ്ക്കാമെ-
ന്നാണോർത്തിരുന്നതവൾ.
എന്നാലീ വിദഗ്ദ്ധതൻ
സുസ്മിതഭസ്മക്ഷേപ-
മൊന്നടക്കുകയല്ല
ചെയ്തത ച്ചെകുത്താനെ.
ആററിലപ്പൊഴേ തിരു-
ത്തീടിന റവുക്കപോ
ലായാൾതൻ മധുവീര്യ-
ക്ലിന്നമാ പുകക്കണ്ണും
ആവോളമൊട്ടിച്ചേർന്നി,-
തത്തൊഴില്ക്കാരിയുടെ
യൌവനോന്നതിമാത്ര-
ഭൂഷമാം വിരിമാറിൽ.

4. ആദ്യം നാളെ വരാമെന്ന് പറഞ്ഞൊഴിഞ്ഞുകളയാമെന്നാണ് അവൾ കരുതിയത്. എന്നാൽ അവളുടെ സുസ്മിതഭസ്മക്ഷേപം (പുഞ്ചിരിയാകുന്ന ഭസ്മം വിതറൽ=ആനുകൂല്യം നടിയ്ക്കൽ) ആ ചെകുത്താനെ അടക്കിനിർത്തുകയല്ല ചെയ്തത്. പിശാച്ചുബാധയെ ഒഴിയ്ക്കാൻ ഭസ്മംവിതറി മന്ത്രം ജപിയ്ക്കാറുള്ളതിനെ സൂചിപ്പിയ്ക്കുന്നു. മധുവീര്യക്ലിന്നം=മദ്യത്തിന്റെ വീര്യംകൊണ്ട് ഇടങ്ങിയതു്. പുകക്കണ്ണ്=കണ്ണുചുവന്നിരുന്ന യൌവനോന്നതിമാത്രഭൂഷം=യൌവനോന്നതി (യൌവനത്തിന്റെ ഔന്നത്യമാകുന്ന (സ്തനങ്ങൾ) മാത്രമാകുന്ന ആഭരണത്തോടുകൂടിയതു്. ഇതു മാത്രമേ സൌന്ദര്യ

Digitized By Kerala Sahitya Akademi

മുന്നോട്ടു വെച്ചാൾ വീണ്ടും
കാലവള,ത്തു കണ്ട-
ക്കണ്ണന്റെ കട്ടംകാമം
ക്രോധമായ്ക്കത്തി കണ്ണിൽ.
'പെണ്ണു ഞാൻ പറഞ്ഞതു
കേൾക്കയെ തവ നല്ലൂ;
കണ്ണപ്പനോടോ നിന്റെ
കള്ളവും കളിപ്പേച്ചും!'
'പെണ്ണി'നും ഭാവം മാറി:
'മാറിനില്ലെടാ; നാടി-
പ്പിണ്ണാക്കുമാടന്മാക്ക
പേക്കത്തിന്നുള്ളൊന്നായോ!'
'എന്തെടീ, തീർത്തുള്ളാം
നിൻ നാക്കുറ്റമൊട്ടുക്കിന്നെ'-
ന്നന്തരാചീറിക്കൊണ്ട-
പ്പട്ടാളവേതാളത്താൻ

വർദ്ധകമായി അവളുടെ മാറിൽ ആഭരണമായിട്ടുണ്ടായിരുന്നുള്ളൂ. മററു യാതൊരാഭരണങ്ങളുമുണ്ടായിരുന്നില്ലെന്നർത്ഥം.

അവൾ നടക്കാൻ തുടങ്ങി. കട്ടംകാമം.....കണ്ണിൽ—കാമം ക്രോധമായി മാറി. ഇഷ്ടം നിറവേറാഞ്ഞാൽ, കാമത്തിന്റെ ഫലം അതാണല്ലോ. പട്ടാളവേതാളത്താൻ=പട്ടാളപ്പിശാചു താൻ. മൂന്നാമതൊരാൾക്കായ് 'റ്റോപ്പ്'—ഇടയിൽക്കേററൊരു പട്ടാളക്കാരൻ ചാടിവീണു, അവളെ കത്തിക്കുത്തിൽനിന്നു രക്ഷിച്ചു. ധർമ്മത്താൽ നിയുക്തൻ—പെട്ടെന്നു പ്രത്യക്ഷീഭവിച്ചതുകൊണ്ടാണ് ധർമ്മത്താൽ അയയ്ക്കപ്പെട്ടവ

Digitized By Kerala Sahitya Akademi

കത്തിയൊന്നരപ്പട്ട-
ക്കെട്ടിൽനിന്നെടുത്താഞ്ഞു
കുത്തിനാ,നു,-തേററതോ,
മൂന്നാമതൊരാൾക്കായ്പ്പോയ്!
ധൎമ്മത്താൽ നിയുക്തനാം
ദൂതനായെ,ങ്ങോ നിന്നി-
ദ്ദുൎമ്മദനുടെ മുമ്പിൽ-
ച്ചാടിവീണപ്പോരാളി,
'അമ്മ-പെങ്ങന്മാർതൻ
നേൎക്കായുധമെടുക്കാനോ
നമ്മൾക്കീയുടുപ്പെ'ന്നാൻ,
കത്തി ചെംകണ്ണീർ വാൎത്തു.
രക്ഷിതാവിങ്കലൊരു
നന്ദിവക്കപ്പിക്കാനു-
മക്ഷതചാരിത്രയാം
പാറുവങ്ങാളായീലാ;

നാണെന്നു് പറഞ്ഞതു്. ദുൎമ്മദൻ=ധിക്കാരി. അവളെ രക്ഷിച്ച പട്ടാളക്കാരൻ കുത്തേററക്കാരനോടു ചോദിച്ചു. അമ്മപെങ്ങന്മാരെ ദ്രോഹിക്കാനുള്ളതാണോ...........കാക്കിയുടുപ്പ്, ആതോ അവരെ രക്ഷിക്കാനോ? കത്തി............ വാൎത്തു— കത്തിയിൽനിന്നു ചോരയൊഴുകിയതു് ചെംകണ്ണീർ ഒഴുകിയതായിക്കല്പിച്ചിരിക്കുന്നു. കത്തികൂടി ചെംകണ്ണീർവാൎക്കത്തക്കവണ്ണം ആ അധൎമ്മം അത്രയും ക്രൂരമായിരുന്നു എന്നു് വ്യംഗ്യം. അക്ഷതചാരിത്ര=ചാരിത്രത്തിനു പരിക്ക പററാ

Digitized By Kerala Sahitya Akademi

ആമൌലിപാദം വിറ-
ക്കൊൾകയായിരുന്നു ഹാ,
പേമഴക്കാറേററേറാരു
പൂച്ചെടി കണക്കവൾ!
നിസ്സഹായയാമൊരു
സാധുവെസ്സംരക്ഷിപ്പാ-
നുത്സാഹിച്ചനുഷ്ഠിച്ചു
സ്വകൃത്യം യോദ്ധാവേ നീ;
ശോണിതമോലും മുറി-
പ്പാടല്ല, ദൈവം തന്ന
മാണിക്യപ്പതക്കമുദ്ര-
യാണു നിൻ കൈത്തണ്ടമേൽ!

ത്തവൾ. ആ മൌലിപാദം=അടിമുതൽമുടിവരെ. അവൾ അടിമുടി വിറയ്ക്കുകയായിരുന്നതിനാൽ, തന്റെ രക്ഷിതാവിനോട് ഒരു നന്ദിവാക്കു പറയാൻ പോലും അവൾക്കു കഴിഞ്ഞില്ല. ശോണിതം=ചോര. മാണിക്യപ്പതക്കമുദ്ര=മാണിക്യകല്ലുപതിച്ച മെഡൽ. മാണിക്യം ചുവന്നിട്ടാണല്ലൊ. കയ്യിന്മേൽ ചോരപാറിയ മുറിപ്പാടിനെ മാണിക്യംകൊണ്ടുള്ള മെഡലായിക്കല്പിച്ചിരിക്കുന്നു. നിസ്സഹായരെ രക്ഷിക്കാനുള്ളതാണ് പട്ടാളം. ഈ പട്ടാളക്കാരൻ അങ്ങനെ തന്റെ കർത്തവ്യം ധീരമായി നിർവഹിച്ചു. ധീരകൃത്യങ്ങൾക്കു പട്ടാളക്കാർക്ക് വീരചക്രവും മററും സമ്മാനിക്കാറുള്ളതിനെ സ്മരിക്കുക.

Digitized By Kerala Sahitya Akademi

11. ചെകിടത്തടി

(കേക)

1\. ഉറച്ചു ലോഭാൽത്താതൻ
പുത്രിയെ വൃദ്ധന്നേകാൻ;
കുറിച്ചു സുമുഹൂർത്തം
കവിടിസ്സഞ്ചിക്കാരൻ!
ദുരുപക്രമമിതു
വാനവർ കാണായ്വാനോ,
പുരതൻ മുററത്തൊരു
പന്തലും തീർക്കപ്പെട്ടു!
പന്തലിലൊരു വൃത്താ-
കാരമണ്ഡപ,മതിൻ
ചിന്തുരത്തിലകമായ്
വിളങ്ങീ ബഹു ഭംഗ്യാ.

1126-മീനത്തിൽ എഴുതിയത്.

1\. ലോഭാൽ=കൊതിനിമിത്തം. ദുരുപക്രമം=ചീത്തയായ ആരംഭം. വാനവർ=ദേവകൾ. കല്യാണത്തിന്ന് പന്തലിട്ടു. അതുകണ്ടാൽ, ഒരുവൃദ്ധന്നു യൌവനയുക്തയായ പുത്രിയെ വേളികഴിച്ചുകൊടുക്കുന്നതു ദേവകൾ കാണാതിരിക്കാനാണെന്നു തോന്നും! ദുഷ്ടവൃത്തികൾ ഉന്നതന്മാരുടെ ദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കേണ്ടതാണല്ലൊ! പന്തലിലുണ്ടാക്കിയ വൃത്താകാരമണ്ഡപം (വട്ടത്തിലുള്ള മണ്ഡപം) അതിന്റെ സിന്ദൂരപ്പൊട്ടായിത്തോന്നി. പൊട്ട് വട്ടത്തിലാണല്ലൊ. അതു സൌന്ദര്യവർദ്ധകമാണെതാനും.

Digitized By Kerala Sahitya Akademi

2. അഷ്ടമംഗല-ദീപ-
　　മാലികാദികൾ വെക്ക-
പ്പെട്ട മണ്ഡപത്തിൻെറ
　　വലത്തുമിടത്തുമായ്
മെത്തപ്പായ് വിരിച്ചതി
　　ലിരുന്നാർ, ക്ഷണിക്കപ്പെ-
ട്ടെത്തിയ പുമാന്മാരും
　　സ്ത്രീകളും യഥായോഗ്യം.
പില്ലാടങ്ങുപാനീത-
　　യായ കന്യയിൽനിന്നു
പുഷ്പമംഗലമാല്യം
　　കണ്ണാൽ ഗ്രഹിപ്പാനായ്,
ഇവമോടവളുടെ
　　യൌവനശ്രീതൻ മുമ്പിൽ-
ക്കമ്പിട്ടുനിന്നാൻ, ഷഷ്ടി-
　　പൂർത്തിയെത്തിയ വരൻ.
പൊന്തില്ലിഡനികൻെറ
　　നരച്ച തലമേലി-
ലംഗജജചരിതന്നും
　　ലജ്ജയുണ്ടാകാമെങ്കിൽ;

2. പുമാന്മാർ=പുരുഷന്മാർ. പില്ലാട്=പിന്നീട്. ഉപനീത=കൊണ്ടുവരപ്പെട്ടവൾ. യൌവന.........നിന്നാൻ—അവളിൽ [illegible] ബിംബൊഴാഴിതകളെല്ലാം അവളുടെ സൌന്ദര്യലക്ഷ്മി അത്രയും വർധിപ്പിച്ചതായിരുന്നു എന്നഭിപ്രായം. അംഗജജചരിതൻ=കാമപ്പനി പിടിച്ചവൻ. ലജ്ജയുണ്ടാവാമെ

Digitized By Kerala Sahitya Akademi

മററൊരു തോളത്തല്ലോ—
　　മണ്ഡപപാർശ്വത്തിലൊ-
രററത്തു കാണപ്പെട്ട
　　യുവാവിൻ തോളത്തല്ലോ—
പതിഞ്ഞു വരണസ്ര-
　　ക്കതിൻെറ ധൈര്യം കണ്ടു
മുദിതർ ചെറുപ്പക്കാർ
　　കൈകൊട്ടിയാർക്കുംമാറായ്!
സ്വമനോരഥങ്ങളാൽ-
　　ക്കോർത്ത മാലികയിവ-
ളമലപ്രണയനാ-
　　മാരിലോ ചാർത്തീ മുന്നേ
അവനിൽത്തന്നേ ചേർന്ന-
　　തി,വൾതൻ പൂമാലയും;
വിവരമറിയാത്ത
　　സഭ്യരത്ഭുതപ്പെട്ടു.

ങ്കിൽ—കാമജ്വരമുള്ളവർക്കു ലജ്ജയുണ്ടാവുക പതിവില്ലല്ലോ: ആ കന്യക മണ്ഡപത്തിൻെറ ഒരു ഭാഗത്തിരിക്കുന്ന ഒരു യുവാവിൽ വരണസ്രക്ക് (വിവാഹമാല്യം) അർപ്പിച്ചു. മുദിതർ=സന്തോഷിച്ചവർ. ചെറുപ്പക്കാർ ആഹ്ലാദത്തോടെ കൈകൊട്ടിയാർത്തു. അവർക്ക് ഈ സ്വയംവരം ആവേശകരമായിത്തോന്നി. സ്വമനോരഥങ്ങ.........മാലിക=അവൾ ഈ ചെറുപ്പക്കാരനെ വളരെ മുമ്പുതന്നേ തൻെറ മനോരാജ്യ പുഷ്പങ്ങളാൽ കോർത്ത മാലയിട്ടു വരിച്ചിരിക്കുന്നു. വിവാഹമാല്യം ഇപ്പോൾമാ

Digitized By Kerala Sahitya Akademi

3 പന്തലിലൊരേടത്തു-
നിന്നുടൻ രണ്ടീരടി
പൊന്തി,യാ വൃദ്ധാഢ്യന്നു
ചെകിടത്തടിയായി:-
"സ്നേഹിക്ക വേണ്ടാതാങ്കൾ
സമുദായത്തെ പ്രഭോ,
ദ്രോഹിക്കാതിരിക്കുവാൻ
ദയയുണ്ടായാൽപ്പോരും!
ഇത്തരം സ്ത്രീരത്നത്തെ
വാങ്ങുവാൻ മതിയാമോ
ലുബ്ധനാം ഭവാൻ നേടി
ക്കൂട്ടിയ പൊൽക്കുമ്പാരം?"

ത്രമേ ചാർത്തിയുള്ളുവെന്നുമാത്രം. സഭ്യർ-വിവാഹസദസ്സിൽ സന്നിഹിതരായവർ.

3. പന്തലിൻെറ ഒരു ഭാഗത്ത് നിന്നു് ഈ ചോദ്യമുയന്നു. ധനാഢ്യനായ താങ്കൾ സമുദായത്തെ സ്നേഹിച്ചില്ലെങ്കിൽ വേണ്ട, ദ്വേഷിക്കാതിരുന്നാൽ മതി; ഇത്തരം ഒരു സ്ത്രീരത്നത്തെ വാങ്ങാൻ തക്ക വിലപ്പിടിപ്പുള്ളതാണോ താങ്കൾ സമ്പാദിച്ചുകൂട്ടിയ പൊന്നിൻകുമ്പാരം? ഈ രത്നം അതിലധികം വിലപ്പിടിപ്പുള്ളതാണെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

12. വിദ്യാരംഭം

(കാകളി)

1. ജ്ഞാരത്തിയ്യാൽക്കരിഞ്ഞു മങ്ങും മല-
നാടിനെച്ചെററു വെളുപ്പിച്ചുകൊണ്ടിതാ
കൊയ്ത്തു തീരാത്ത പാടങ്ങളിലൂടെ വ-
ന്നെത്തിയല്ലോ, ശരത്തിപ്പുത്തനാണ്ടിലും.
യാതൊന്നു ലോകരെദ്ദുർഗ്ഗാച്ചനത്തിനായ്-
ഗ്ഗീതവാദ്യാദികലോദ്യതരാക്കുമോ
അന്നവരാത്രത്തെ നമ്മൾക്കു നല്ലവാൻ
വന്നെത്തിയാശ്വിനശുക്ലപ്രഥമയും.

1127 കന്നിമാസത്തിൽ എഴുതിയത്.

1. ജ്ഞാരത്തിയ്യാൽ=ജ്ഞരത്തിലുള്ള (ഭ്രഗർഭത്തിലുള്ള തീയ്യ്.) വേനൽ. വെളുപ്പിച്ചുകൊണ്ടിതാ—വർഷാകാലം കഴിഞ്ഞ് ആകാശം വളരെ തെളിഞ്ഞിരിയ്ക്കും ശരൽക്കാലത്ത്. പുത്തനാണ്ടിൽ=ചിങ്ങം-കന്നിമാസത്തിലാണ് ശരൽക്കാലാരംഭം. ദുർഗ്ഗാച്ചനം=ഭഗവതീപൂജ. ഗീതവാദ്യാദികലോദ്യതർ=ഗീതം, വാദ്യം മുതലായ കലകളിൽ പ്രവൎത്തിയ്ക്കാൻ സന്നദ്ധർ. ഭഗവത്സേവയ്ക്ക് പാട്ടും കൊട്ടും മററും പതിവുള്ളതോർക്കുക. ആശ്വിനശുക്ലപ്രഥമ=ആശ്വിനമാസത്തിലെ വെളുത്ത പ്രഥമ. നവരാത്രിയുടെ ആരംഭം ആശ്വിനത്തിലെ പ്രഥമ മുതല്ക്കാണ്. കാശങ്ങൾ=കുതിരവാൽപ്പുല്ലുകൾ. ദ്യോവ്=ആകാശം. നീരലർത്തൂമണം=താമരപ്പൂസൌരഭ്യം. ആകെ ഒരുത്സവച്ഛായ പരക്കട്ടെ. രാജകീയാതിഥിയാണ് എഴുന്നള്ളി

Digitized By Kerala Sahitya Akademi

കാശങ്ങൾ പൂങ്കുലകൊണ്ടു വെൺചാമരം
വീശട്ടെ; പാടിപ്പുകഴ്ത്തട്ടെ പക്ഷികൾ;
ദ്യോവിൽ നിരക്കട്ടെ നക്ഷത്രദീപങ്ങൾ;
ഭൂവിൽപ്പരക്കട്ടെ നീരലർത്തുമണം:
ബാലേന്ദുവെ ക്രമത്താലേ വളർത്തുന്ന
പാലൊളിഗാത്രിമാരാകിയ ധാത്രിമാർ
കാലാകരോദ്ധൃതങ്ങളൊമ്പതു രത്നങ്ങൾ,
മാലോകർ മാനിപ്പുമീ നവരാത്രികൾ!

2. ദുർഗ്ഗതിദുഷ്കൃതദുഃഖപ്രണാശിനി,
ദുർഗ്ഗേ ഭഗവതി, ദുർവ്വാരവിക്രമേ,
ഇസ്സുദിനങ്ങളിൽക്കൈക്കൊള്ളുകെ,ങ്ങൾതൻ
നിസ്സാരനൈവേദ്യമുദ്യൽപ്രസാദയായ്!

തന്നഭിപ്രായം. ബാലേന്ദു=കുട്ടിച്ചന്ദ്രൻ. പാലൊളിഗാത്രിമാർ=പാലുപോലെ വെളുത്ത ശരീരത്തോടുകൂടിയവർ. ക്രമത്താലെ=ഓരോ ദിവസമായിട്ടാണല്ലോ ചന്ദ്രൻെറകലകൾ വളൎന്നുവരുന്നതു്. ധാത്രിമാർ=വളർത്തമ്മമാർ. കാലാകരോദ്ധൃതങ്ങൾ=കാലത്തിൻെറ ഈട്ടുവെപ്പിൽനിന്നു് പൊക്കിക്കൊണ്ടുവരപ്പെട്ട. ഈ നവരാത്രികൾ കാലത്തിൻെറ ഈട്ടുവെപ്പിൽനിന്നു് പൊക്കിക്കൊണ്ടുവരപ്പെട്ട നവരത്നങ്ങളാണു്. അത്രയ്ക്കും മേന്മയുള്ളതാണെന്നഭിപ്രായം.

2. ദുർഗ്ഗതി............പ്രണാശിനി=ഗതികേടിനെയും ദുഷ്കൃതങ്ങളെയും ദുഃഖങ്ങളെയും നശിപ്പിക്കുന്നവൾ. ദുർവ്വാരവിക്രമ=തടുക്കാൻ വയ്യാത്ത പരാക്രമത്തോടുകൂടിയവൾ. ഉദ്യൽപ്രസാദ=സന്തോഷമുദിച്ചവൾ. ഗ്രന്ഥസംഭാരം........ ....നിവൃത്തിയെ=ഗ്രന്ഥശേഖരം സരസ്വതിയുടെ മൂർത്തിഭാവമാണെന്നഭിപ്രായം. (സരസ്വതീപൂജയ്ക്കു് ഗ്രന്ഥ

Digitized By Kerala Sahitya Akademi

ഗ്രന്ഥസംഭാരമാം നിൻമൂർത്തിയെധൂപ-
ഗന്ധപുഷ്പാദിയാൽപ്പൂജിയ്ക്കുമാളുകൾ
എന്തെന്തു സംസ്കൃതി നേടുകില്ലെ?-ഞങ്ങ-
ളൊങ്ങിപ്പടരില്ല, തൽക്കർമ്മസൌരഭം?

3. "അച്ഛനെഴുത്തിനിരുത്തണ,മെൻനാവി-
ലച്ഛൻ ഹരിശ്രീയെഴുതണം പൊന്നിനാൽ"
വെച്ചു വെച്ചിങ്ങനെ കൊഞ്ചുമാറുണ്ടെ,ൻെറ
കൊച്ചുദൌഹിത്രനിടയ്ക്കിടയ്ക്കൻപൊടേ.
അക്കർമ്മമിന്നു സുപൂജിതയാം മഹാ-
ദുർഗ്ഗതൻ മുന്നിൽവെച്ചാചരിച്ചേനിവൻ:
ചാലേ പഴുത്തിയ വെള്ളരിയിൽച്ചില
ചാലവൻ കീറിനാൻ, കൈവിരൽക്കുമ്പിനാൽ,

ങ്ങൾ കൂട്ടിവെയ്ക്കാറുള്ളതിനെ ഓക്കുക.) സംസ്കൃതി=സംസ്കാരം. തൽക്കർമ്മസൌരഭം=ആ കർമ്മത്തിൻെറ സുഗന്ധം. ധൂപത്തിന്നും മററുമുള്ള മണം സരസ്വതീപൂജയാകുന്ന കർമ്മത്തിൻെറ സൌരഭ്യമാണെന്നു വ്യംഗ്യം.

3. ദൌഹിത്രൻ=മകളുടെ മകൻ. സുപൂജിത=ഏററവും നന്നായി പൂജിയ്ക്കപ്പെട്ടവൾ. ദുർഗ്ഗ=പാർവ്വതി കൈവിരൽക്കുമ്പ്—ഇളംതളിരുപോലുള്ള കൈവിരല്. കുമ്പ് എന്നതു കൊണ്ടു് വെള്ളരിയിൽ കീറിയ ചാലുപോലും അവ്യക്തമായിരുന്നുവെന്നു് സൂചിപ്പിയ്ക്കുന്നു. അവന്നു് അതിന്നുപോലും ശേഷിയുണ്ടായിരുന്നില്ല. കർമ്മഭൂവ്=കർമ്മയോഗത്തിൻെറ വിളനിലമായ ഭാരതം. ഈ കൃഷിയ്ക്കു് പാട്ടം നികുതിയും ഒന്നും, ആവശ്യമില്ല. ഇത്തി=ഇത്തിരി. സരസ്വതീദേവി ഒത്തിരി

Digitized By Kerala Sahitya Akademi

ഇമ്മട്ടറിവിൻ കൃഷിയിലിറക്കിനേൻ,
കമ്മഭ്രമക്കളിലൊന്നാമിവനെ ഞാൻ.
ജന്മിയ്ക്കു പാട്ടം കൊടുക്കേണ്ടതില്ലിതിൽ-
ച്ചുമ്മാ നികുതിയും നല്ലേണ്ടതില്ലിവൻ;
അമ്മേ, മഹേശ്വരി, നിൻ കരുണാമൃത-
മിമ്മി പൊഴിയ്ക്കുകിവൻെറ യത്നങ്ങളിൽ!
ആ മുലപ്പാലാകെ വററിയിട്ടില്ലാത്ത
വായ്മലർകൊണ്ടോന്നുമെമ്പതുമക്ഷരം
എൻ തളിർക്കുഞ്ഞുച്ചരിച്ചതൊരാത്മീയ-
മന്ത്രമാണെന്നു ഗണിയ്ക്കുകട്ടെ ഭാരതി!

4\. ആരബ്ധവിദ്യരാകേണ്ടുമസംഖ്യരാം
കാരണവന്മാർ നിനക്കുണ്ടു പൈതലേ!
ശാരദാദേവിതൻ പേരും ശ്രവിയ്ക്കാതെ
ക്രൂരിരുൾക്കുണ്ടിൽക്കിടക്കുകയാണവർ;

കരുണാമൃതം (ദയയാകുന്ന അമൃതമെന്നും വെള്ളമെന്നും) തൂകുകയേ വേണ്ടു, ഈ കൃഷി പൊടിയ്ക്കുകയായി! ആത്മീയമന്ത്രം=തന്നെക്കുറിച്ചുള്ള മന്ത്രം. ഭാരതി=സരസ്വതി.

4\. ആരബ്ധവിദ്യർ=വിദ്യാഭ്യാസം ആരംഭിയ്ക്കേണ്ടുന്നവർ. കാരണവന്മാർ—ഈ നാട്ടിൽ പ്രായമെത്തിയവർതന്നെ എത്രപേരുണ്ട്, വിദ്യാഭ്യാസം നേടേണ്ടവരായിട്ട്! ശാരദാദേവി=സരസ്വതി. സരസ്വതിയുടെ പേർപോലും കേൾക്കാതെ അവർ അജ്ഞതയുടെ ക്രൂരിരുൾക്കുണ്ടിൽ കിടക്കുകയാണ്. ശാരദാദേവി എന്നു പറഞ്ഞതുകൊണ്ട്, വെളുത്ത ശ

Digitized By Kerala Sahitya Akademi

ഗൌരിക്കു കത്തിച്ച ദീപാവലിയുടെ
ഗൌരപ്രകാശമൊട്ടദ്ദയനീയരിൽ
ചേരാവൂ—ചെന്നുചേൎന്നാലേ സഫലമായ്
ത്തീരുകയുള്ളൂ, വിദ്യാരംഭമാക്കമേ!

രീരത്തോടു കൂടിയവൾ എന്നു ധ്വനിക്കുന്നു. വെള്ളവെളിച്ചത്തിൻെറ പേരുതന്നെ കേൾക്കാത്തവർ കൂരിരുൾക്കണ്ടിൽ കിടക്കുന്നതിൽ അത്ഭുതമില്ലല്ലൊ. ഗൌരിക്കു്=ദുർഗ്ഗാദേവിക്കു്. ആ ദീപാവലിയുടെ ഗൌരപ്രകാശം (വെളുത്ത പ്രകാശം) ആദയനീയരായ ആൾക്കാരിൽ പതിയട്ടെ—എന്നാലേ, വിദ്യാരംഭം ഏതൊരാൾക്കും സഫലമാവൂ. അജ്ഞത തീൎക്കാൻ കഴിഞ്ഞാലേ വിദ്യാരംഭം ഫലിച്ചതായി കരുതാനാവൂ എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

13. വിവാഹമോചനം

(അന്നനട)

1. പുരസ്ഥലേ കൃതപ്രണാമയായൊരു
പുരന്ധ്രിതൻ വ്യഥ പുരണ്ട വക്ത്രത്തിൽ
ഒരു ജിജ്ഞാസയാ പതിഞ്ഞിതേ, കാന്തേ
മരുവിന നബിയുടെ നയനങ്ങൾ.
വിറക്കൊള്ളും ഗളതലത്തോടെ,ത്തോ
പുറപ്പെട്ട കതിപയാക്ഷരങ്ങളാൽ
അറിയിച്ചാളവൾ:-"പിതാക്കളന്നെങ്കൽ
മുറുകെക്കെട്ടിയ വിവാഹപാശത്തെ

1117-മീനത്തിൽ എഴുതിയത്.

1. പുരസ്ഥലേ=മുമ്പിൽ. കൃതപ്രണാമ=നമസ്കരിച്ചവൾ പുരന്ധ്രി=കുലീനസ്ത്രീ. വ്യഥ=ദുഃഖം. പുരണ്ട—മുഖത്തെല്ലായിടത്തും ദുഃഖം പതിഞ്ഞിരുന്നതിനാൽ അതു നിസ്സാരമല്ലെന്നു വ്യംഗം. പുരന്ധ്രിഎന്നതുകൊണ്ട്, സ്വന്തം ഭാഗത്തുള്ള തെററു കൊണ്ടു് അങ്ങനെ വരാവുന്നതല്ലല്ലോ എന്നഭിപ്രായം. അതു കൊണ്ടാണ് ജിജ്ഞാസയാ (ജിജ്ഞാസയോടുകൂടി) നോക്കി എന്നു പറഞ്ഞത്. ഏകാന്തേ=ഒററക്കിരിക്കേ. വിറക്കൊള്ളും ഗളതലം=വിറക്കൊള്ളുന്ന കണ്ഠം. കതിപയാക്ഷരങ്ങളാൽ= ഏതാനും അക്ഷരങ്ങളാൽ. അവൾ നബിയോട് കേണപേക്ഷിച്ചു: പിതാക്കൾ (അച്ഛനമ്മമാർ) അന്നു് മുറുകെ കെട്ടിയ വിവാഹപാശത്തെ (വിവാഹബന്ധമാകുന്ന ചരടിനെ) മുറിച്ചുനീക്കി തന്നെ സ്വതന്ത്രയാക്കണം. മുറുകെക്കെട്ടിയ—അതൊരിക്കലും അഴിയില്ലെന്നും അഴിയാൻ പാടില്ലെന്നും അവർ കരുതിയിരുന്നുവെന്നു സ്പഷ്ടം. തുറുക്ക്—വിവാഹബന്ധം അ

Digitized By Kerala Sahitya Akademi

മുറിച്ചുനീക്കി,യിത്തുറുങ്കിൽനിന്നെന്നെ
പ്പുറത്താക്കാൻ കനിഞ്ഞരുളുകെൻ പ്രഭോ!"

2. ഒരു സംഭ്രമത്തിൻ നിഴൽ പാഞ്ഞു, ധീര-
തരമായ മുഹമ്മദിൻ വദനത്തിൽ:
ഇരുദേഹികളെയിണക്കിക്കെട്ടിയ
പരിണയപ്പട്ടുചരടിനെ സ്വയം
വലിച്ചുപൊട്ടിച്ചുകളകയോ, കരൾ-
ച്ചലിപ്പിന്നു കീഴ്പെട്ട,വരിൽവെച്ചോരാൾ!
അവിച്ഛേദ്യമായുള്ളോരു ബന്ധമല്ലോ
വിവാഹമെന്നതു പുരുഷന്നും സ്ത്രീക്കും;
സ്വവർഗ്ഗധർമ്മാനുഗുണചരിതയാ-
മിവൾക്കെന്താണി,പ്പോൾ മറിച്ചു തോന്നുവാൻ?
അരുൾ ചെയ്താൻ ഗുരു:-"വറിയുമല്ലോ, നിൻ
പരിണേതാവായ ഖയിസ്സിനെയീ ഞാൻ;

വൾക്കൊരു കൽത്തുറുങ്കായിത്തീർന്നു. അസ്വാതന്ത്ര്യതയാണ് അവളെ വിഷമിപ്പിച്ചിരുന്നതെന്നു വ്യക്തം.

2. ധീരതരമായ.........വദനത്തിൽ—വാസ്തവത്തിൽ ആ സംഭ്രമത്തിന്റെ നിഴൽ ആ ധീരമുഖത്തു വീശാൻ ഞെരുക്കമുണ്ടായിരുന്നു; എങ്കിലും അങ്ങനെയൊന്നുണ്ടായതു് സംഭവത്തിന്റെ ഗൌരവത്തെ കാണിക്കുന്നു. പരിണയപ്പട്ടുചരടു് —താലികെട്ടിനെ ഓർക്കുക. അതു വലിച്ചു പൊട്ടിച്ചുകളയാൻ വൈധവ്യം സ്വയം വരിക്കാൻ ഒരുങ്ങുന്നു, അവൾ! അവിച്ഛേദ്യം=മുറിക്കാൻ വയ്യാത്തതു്. സ്വവർഗ്ഗധർമ്മാനുഗുണചരിത=സ്വന്തംവർഗ്ഗ (സമുദായ) ത്തിന്റെ ധർമ്മത്തിന്നനുസരിച്ച നടത്തയോടുകൂടിയവൾ. അങ്ങനെയുള്ള അവൾക്കു് ഇതു

Digitized By Kerala Sahitya Akademi

വിരൂപനല്ലവൻ, വിമൂഢനല്ലവൻ,
ദരിദ്രനല്ലവൻ, പിശുക്കനല്ലവൻ;
തരുണനും പ്രേമപ്രവണനുമല്ലോ
പിരിയുന്നതെന്തിന്നവനിൽനിന്നു നീ?"

3. നിതംബിനിയുടെ നിഭൃതമാം മുഖം,
നിറം പകന്നതാ കുനിഞ്ഞു പേർത്തുമേ,
നിജവിവക്ഷിതം മനസ്സിൻെറയടി-
നിലത്താണ്ടുകിടപ്പതിഞ്ഞെടുക്കാനോ!
അരിപ്പൊന്നിൻ കൂടാണിരിപ്പിടം; തേനും
നറും പാലും പൂവമ്പഴവുമാഹാരം;
പരക്കെ ലാളനം കിടക്കിലും, കാട്ടിൽ-
പ്പറക്കലേ പച്ചക്കിളിക്കൊരു സുഖം!

പൊട്ടിച്ചുകളയാൻ എന്തായിരിക്കാം കാരണം? പരിണേതാവ്=ഭർത്താവ്. ഖയിസ്സ്—അവളുടെ ഭർത്താവിൻെറ പേർ. പ്രേമപ്രവണൻ=പ്രേമതൽപരൻ.

3. നിതംബിനി=സുന്ദരി. നിഭൃതം=ശാന്തം. അവളുടെ മുഖഭാവം പെട്ടെന്നുമാറി, അവൾ കീഴ്പോട്ടു നോക്കി. അതു കണ്ടാൽ നിജവിവക്ഷിതം (തൻെറ മനസ്സിലുള്ളത്—പറയാനാഗ്രഹിക്കുന്നത്) മനസ്സിൻെറ അടിത്തട്ടിൽനിന്നെടുക്കാനായിരുന്നുവോ എന്നു തോന്നും! കാട്ടിൽപ്പറക്കലേ... ....സുഖം— കൂട്ടിലിട്ട കിളിക്കു് പാലും തേനും പഴവും ഒക്കെ കിട്ടുന്നുണ്ട്; കൂട് പൊന്നുകൊണ്ടുള്ളതുമാണ്. എങ്കിലും സ്വാതന്ത്ര്യമായി ആകാശത്തിൽ പറക്കാൻ സാധിച്ചാലേ അതിന്നു സുഖമുള്ളു. പച്ചക്കിളി—മുഹമ്മദീയർ പ്രേയസിയെ വിളിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. ഇവൾക്കു മറ്റൊ

Digitized By Kerala Sahitya Akademi

ഇവൾക്കു മറെറാന്നും പറവാനില്ല പോൽ:
വിവാഹത്തിൽനിന്നു വിടുതി കിട്ടണം!

4. കലീനയും ശീലാവതിയുമാണിവൾ,
മലിനവൃത്തയല്ല, രാഗയുമല്ല;
പതിയൊരു മയിൽ, മരാളിപതി,യെ-
ന്നതിനാലോ, ബാലയ്ക്കുകലുവാൻ തോന്നീ?
ദയാവശഗനു വളർപുരികമൊ-
ന്നുയന്നു, പാതിയുമടഞ്ഞു കണ്ണുകൾ;
നിനവിതാമെന്നു വരാമവിടത്തെ-
യ്ക്കനഘോദാരമാമകക്കാമ്പിലപ്പോൾ:-
"ഗൃഹദേവതയെക്കളിപ്പാവയാക്കി

ന്നും പറയാനില്ലപോൽ— മറെറാന്നുമല്ല ആവശ്യം വിവാഹത്തിൽനിന്നു വിടുതി കിട്ടണമെന്നുള്ളതാണ്.

4. മലിനവൃത്ത=ദുർവൃത്ത. അരാഗ=സ്നേഹമില്ലാത്തവൾ. മരാളി=അരയന്നപ്പിട. ഭർത്താവു കറുത്തിട്ടും ഭാര്യവെളുത്തിട്ടുമാണെന്നതായിരിയ്ക്കുമോ, ഭർത്താവിൽനിന്നു പിരിയാൻ ഇവൾക്കു തോന്നിച്ചത്? ബാല—പെൺകിടാവ് പെൺകിടാങ്ങളാകുമ്പോൾ ബുദ്ധിയുറച്ചിരിയ്ക്കാൻ വഴിയില്ലല്ലോ എന്നഭിപ്രായം. ദയാവശഗൻ=ദയയ്ക്കു വശപ്പെട്ടവൻ. വളർപുരികം=വലിയ പുരികം. മഹാത്മാക്കളുടെ ലക്ഷണം: പാതിയടഞ്ഞു കണ്ണുകൾ—ധ്യാനത്തിൽപ്പെട്ടുവെന്നഭിപ്രായം. അനഘോദാരം=കളങ്കമററതും ശ്രേഷ്ഠവുമായത്. അദ്ദേഹത്തിൻെറ മനസ്സിലുണ്ടായ വിചാരം ഇതായിരിയ്ക്കാമെന്നു കവി പറയുന്നു: ഗൃഹദേവത=ഗൃഹലക്ഷ്മി. സ്ത്രീ ഗൃഹത്തിൻെറ ല

Digitized By Kerala Sahitya Akademi

വിഹരിയ്ക്കും പ്രിയസഹോദരന്മാരേ,
ഹഹ, തരിമ്പുമൊന്നറിഞ്ഞിട്ടുണ്ടോ നാം
മഹിളയാകുന്ന നിഗൂഢവസ്തുവെ?''
ജമിലയെ—ഇതാണവളുടെ നാമം—
സമാശ്വസിപ്പിച്ചാനൊടുവിലാ മഹാൻ:-
''പതിനാറായിരം പണം തന്നിട്ടില്ലേ
പതി നിനക്കു;തു തിരിച്ചേകിയേച്ചാൽ
സ്വാതന്ത്ര്യം നിന്റെ സഖിയായിക്കൊള്ളു-
മിതാ, വിടുത്തു നിൻ വിവാഹബന്ധം ഞാൻ!''

ക്തിയാണെന്നാണ് ഹിന്ദുക്കളായ ആചാര്യന്മാർ പറഞ്ഞിട്ടുള്ളത്. മഹിള........വസ്തുവെ—സ്ത്രീയെന്ന നിഗൂഢവസ്തുവെ യഥാർത്ഥത്തിൽ അറിഞ്ഞവർ അതിനെ വെറും കളിപ്പാവയാക്കി ഉപയോഗിയ്ക്കില്ല. അതിനെ ആദരിയ്ക്കുകയും പൂജിയ്ക്കുകയും ചെയ്യും! ''യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ'' (സ്ത്രീകൾ പൂജിയ്ക്കപ്പെടുന്നേടത്ത് ദേവകൾ കളിയാടുന്നു.) എന്ന ആപ്തവചനം ഓർക്കുക.

ഒടുവിൽ നബിപ്രവാചകൻ ജമീലയെ ഇങ്ങനെ ആശ്വസിപ്പിച്ചു: ''ഭർത്താവ് വിവാഹം കഴിയ്ക്കുമ്പോൾ കൊടുത്ത പതിനാറായിരം പണം മടക്കിക്കൊടുത്താൽ നീ സ്വതന്ത്രയായി. നിന്റെ വിവാഹബന്ധം ഇതാ ഞാൻ വിടുത്തിത്തരുന്നു'' സ്ത്രീയെ വിലയ്ക്കു വാങ്ങുന്ന സമ്പ്രദായമാണ് അന്നു നിലനിന്നിരുന്നത്. ആ വില തിരിച്ചുകൊടുത്താൽ വിവാഹബന്ധം വിടുത്താമെന്നായിരുന്നു വ്യവസ്ഥ. മുഹമ്മദീയരുടെ ഇടയിൽ ഇന്നും ഈ ആചാരം നിലവിലുണ്ടെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

14. സ്വാഗതം

(കേക)

1. ദുശ്ശമം, ദുഷ്കാലത്തിൻ
   ജൃംഭണമൃഷിഭൂവേ:
വിശ്വനാശാർത്ഥം വെമ്പും
   ഹിംസതന്നലർച്ചകൾ,
നിച്ചലുമഹിംസതൻ
   ഗീതമേ നുകർന്ന നിൻ-
ത്തൂച്ചെവിയെയും തീണ്ടാൻ
   പാഞ്ഞടുത്തല്ലോ ദൂരാൽ!
സുധയാൽസ്സവിത്രിതൻ
   ദാസ്യത്തെ വിടുർത്താനോ,
ഹൃതയാം പാതിവ്രത്യ-
   ശ്രീയെ വീണ്ടെടുപ്പാനോ,

1117 മേടം 10-ാംനു എഴുതിയത്.

1. ദുശ്ശമം=ശമിപ്പിക്കാൻ പ്രയാസമുള്ളത്. ജൃംഭണം=വളർച്ച. ഋഷിഭൂവ്=ഭാരതഭൂമി. വിശ്വനാശാർത്ഥം=ലോകത്തെ നശിപ്പിക്കാനായി. ചീത്തകാലത്തിന്റെ വളർച്ചയെ ശമിപ്പിക്കാൻ പ്രയാസമായിരിക്കുന്നു; എന്തെന്നാൽ ലോകത്തെ നശിപ്പിക്കാനായി വെമ്പുന്ന ഹിംസയുടെ അലർച്ചകൾ, നിച്ചലും(=നിത്യവും) അഹിംസയുടെ പാട്ടുകേട്ടു കുളിർത്തുപോന്ന ഈ ഭാരതഭൂമിയുടെ ചെവിയെയും അശുദ്ധമാക്കാൻ ദൂരത്തുനിന്ന് അലച്ചെത്തിച്ചേർന്നിരിക്കുന്നു. സുധ=അമൃത്. സവിത്രി=

Digitized By Kerala Sahitya Akademi

ധർമ്മവീരത്വം താൻ താൻ
　　പറന്നു പോരാടിയ
നിർമ്മലവിശാലമാം
　　ഭാരതാന്തരീക്ഷത്തിൽ,
ബന്ധുവർഗ്ഗത്തെപ്പാര-
　　തന്ത്ര്യത്തിൽപ്പതിപ്പിച്ചും
ബന്ധുരസംസ്കാരത്തെ-
　　ബ്ബഹുധാ പറപ്പിച്ചും
വന്നുകേറുകയെന്നോ
　　വൈധർമ്മ്യവിമാനങ്ങൾ!

മാതൃഭൂമി. പണ്ട് ഗരുഡന്റെ അമ്മയായ വിനതയും സർപ്പ ങ്ങളുടെ മാതാവായ കദ്രുവും ഒരു കാര്യത്തെച്ചൊല്ലി വാദമു ണ്ടായി. അതിൽ തോററ ആൾ ജയിച്ച ആളുടെ ദാസിയാ യിരിക്കണമെന്നായിരുന്നു നിശ്ചയം. വാദത്തിൽ വിനത തോററു, കദ്രുവിന്റെ ദാസിയായി. ദാസ്യത്തിൽനിന്നു വി ടുതി കിട്ടണമെങ്കിൽ, സ്വർഗ്ഗത്തിൽപോയി അമൃതു കൊണ്ടു വരണമെന്നായിരുന്നു, കദ്രുവിന്റെ തീർപ്പ്. അതനുസരിച്ച വിനതയുടെ മകനായ ഗരുഡൻ അമൃതു കൊണ്ടുവരാനായി സ്വർഗ്ഗത്തിലേക്കു പോയി. അമൃതു കൊണ്ടുപോരുമ്പോൾ ഇ ന്ദ്രനുമായി ഏററുമുട്ടി. യുദ്ധം ചെയ്തു കഴിയു എന്നായി. ഒടു വിൽ ഗരുഡൻ ഇന്ദ്രനെ യുദ്ധത്തിൽ തോല്പിച്ച് അമൃതു കൊ ണ്ടുവന്ന് അമ്മയെ ദാസ്യത്തിൽനിന്നു മോചിപ്പിച്ചു എന്നു പു രാണം. ഹൃത=അപഹരിക്കപ്പെട്ടവൾ. പാതിവ്രത്യശ്രീ=പാ തിവ്രത്യത്തിന്ന് അലങ്കാരമായിട്ടുള്ളവൾ. സീതാപഹരണ ത്തെ ഓർക്കുക. ഇതു രണ്ടിന്നുമായി ധർമ്മവീരത്വം താൻതാൻ മറന്നു, വീരോടെ പറന്നു പോരാടി. അങ്ങനെയുള്ള നിർമ്മല

Digitized By Kerala Sahitya Akademi

നിൻ നിലനില്പിങ്ങെത്ര-
ണ്ടാകും വിരുദ്ധതേ?

2. ഉച്ചത്തിൽപ്പറക്കട്ടെ,
തീയുണ്ടയെറിയട്ടെ,-
യുച്ചണ്ഡമലറട്ടെ
പേക്കോലപ്പിശാചുക്കൾ;
പേടിയാൾക്കിതുകൊണ്ടെൻ
ഭ്രാതാക്കൾ: ഭയത്തിൻെറ-
യേടുണ്ടോ യഥാൎത്ഥമാം
ഭാരതചരിത്രത്തിൽ?
നമ്മൾ നാല്പതു കോടി-
യാളുകൾ ചലിപ്പിക്കു-
മമ്മതൻ കൊടിയുടെ
നനുത്ത കാററിൽപ്പോലും

വും വിശാലവുമായ ഈ ഭാരതാന്തരീക്ഷത്തിൽ ബന്ധുരാജ്യ ങ്ങളെ അസ്വാതന്ത്ര്യത്തിന്നടിപെടുത്തിയും ബന്ധുര(മനോഹ ര)ങ്ങളായ സംസ്കാരങ്ങളെ പലവിധത്തിലും പറപ്പിച്ചും അ ധർമ്മത്തിൻെറ വിമാനങ്ങൾ വന്നുകേറുകയെന്നത് എത്ര ആ ശ്ചൎയ്യകരമാണ്! ഈ വിരുദ്ധതയ്ക്ക് (വൈപരീത്യത്തിന്ന്) എ ത്രകണ്ട് നിലനില്പുണ്ടാവാനാണ്! വിപരീതലക്ഷണയാൽ നിലനില്പുണ്ടാവില്ലെന്ന്.

2. ഉച്ചണ്ഡം=ഘോരം. ഈ പേക്കോലപ്പിശാചുക്കൾ ഉച്ചത്തിൽ പറക്കുകയും ഘോരമായി അലറുകയും തീയുണ്ടയു തിർക്കുകയും മററും ചെയ്തുകൊള്ളട്ടെ; എന്നാലും നാം തരി മ്പും പേടിക്കില്ല: പേടി എന്നതു നമ്മുടെ ചരിത്രത്തിൽ

Digitized By Kerala Sahitya Akademi

ഇമ്മാററാർവിമാനങ്ങൾ
കച്ചിലപ്രായങ്ങളാം:
ധർമ്മമെങ്ങങ്ങേ ജയ-
മെന്നല്ലോ, ഗുരുപ്രോക്തം.
ആയുധവിഹീനർ പോ-
ലൊന്നര ന്ദററാണ്ടായ് നാ,-
മായുധം നമുക്കെന്തി?-
ന്നാരോമൽസ്സഹജരേ?
ദിവ്യാസ്ത്രത്തങ്ങളെ
ബ്രഹ്മദണ്ഡാന്നാൽത്തട്ട-
ത്തവ്യഥം വാണ മുനി-
ശ്രേഷ്ഠന്റെ നാട്ടാർ, നമ്മൾ!
ആയുധപ്രയോഗോപ-
സംഹാരപ്രബോധക-
മായുള്ള ധനർവേദം
ജനിച്ച രാജ്യത്തുണ്ടോ,

ഇല്ലതന്നെ. നാല്പതു കോടി ആളുകൾ (ഇന്ത്യ വിഭക്തയാകുന്നതിന്നു മുമ്പുള്ള ജനസംഖ്യക്കണക്ക്.) ഒത്തൊരുമിച്ചു ചലിപ്പിയ്ക്കുന്ന കൊടികളുടെ കാററിൽ പറന്നുപോകുന്ന വെറും കച്ചില (കരിയില)കൾ മാത്രമാണീവിമാനങ്ങൾ; നമ്മുടെ യോജിപ്പ് ശത്രുക്കളെ പറപ്പിയ്ക്കാൻ പോന്നതാണെന്നഭിപ്രായം. മാററാർ=ശത്രുക്കൾ, കാരണം, നമുക്കറിയാം, ധർമ്മം എവിടെയോ അവിടെയാണ് ജയം എന്നു നമ്മുടെ ഗുരുക്കന്മാർ ഉപദേശിച്ചിട്ടുണ്ടെന്ന്. (പ്രകൃതത്തിൽ ഗാന്ധിജിയെ സൂചിപ്പിയ്ക്കുന്നു) ആയുധവിഹീനർ—ഒന്നൊന്നര ന്ദററാണ്ടായി ആയുധമില്ലാത്തവരാണല്ലോ, പിന്നെ എങ്ങനെ ശത്രുക്കളെ നേ

Digitized By Kerala Sahitya Akademi

സ്ത്രീബാലാതുരവൃദ്ധ-
ക്ഷേത്രവേശ്മാദിഗവ്യംസ-
വ്യാപൃതമാമീ യുദ്ധം
യുദ്ധമായ്ത്തോന്നീടുന്നു?
നിങ്ങൾ പോരാളികളേ,
പൂർവ്വർതൻ തല കാഞ്ഞി..
ട്ടങ്ങളു ലഭിച്ചതാം
പ്രകൃതിജ്ഞാനത്തിയ്യാൽ,
തങ്ങൾതൻ മർത്ത്യതചത്തെ-
ത്തന്നെ വെണ്ണീറാക്കുന്ന-

രിട്ടം എന്നാണ് പരിഭ്രമമെങ്കിൽ, നമുക്ക് ആയുധം ആവശ്യമില്ലെന്ന്: ദിവ്യാസ്ത്രശതങ്ങളെ...............നമ്മൾ— വിശ്വാമിത്രനും വസിഷ്ഠനും തമ്മിലുണ്ടായ ബലപരീക്ഷയിൽ വിശ്വാമിത്രൻ പല ദിവ്യാസ്ത്രങ്ങളുമെടുത്തു പയററിയെങ്കിലും, വസിഷ്ഠൻ ബ്രഹ്മദണ്ഡുകൊണ്ടുമാത്രം അവയെല്ലാം ഭസ്മമാക്കിക്കളഞ്ഞു! 'വിഴങ്ങി ബ്രഹ്മദണ്ഡാലേ വസിഷ്ഠൻ തീരെ രാഘവ' (വാല്മീകിരാമായണം ബാലകാണ്ഡം ഐമ്പത്തിരണ്ടാം സർഗ്ഗം മുതല്ക്ക് ഐമ്പത്താറു സർഗ്ഗംവരെയുള്ള കഥ നോക്കുക.) അവ്യഥ=വ്യഥകൂടാതെ. അങ്ങനെ ബ്രഹ്മദണ്ഡൊന്നുകൊണ്ട് നൂറുനൂറു ദിവ്യാസ്ത്രങ്ങളെ നേരിട്ട മുനിശ്രേഷ്ഠന്റെ (വസിഷ്ഠന്റെ) നാട്ടുകാരായ നമുക്ക് ധർമ്മമെന്ന ഒരായുധംമാത്രം മതി എന്നാശയം. ആയുധപ്രയോഗോ ....പ്രബോധകം=ആയുധപ്രയോഗത്തെ അവസാനിപ്പിക്കാൻ ഉദ്ബോധിപ്പിക്കുന്നു. സ്ത്രീ ബാലാ............... വ്യാപൃതം=സ്ത്രീകൾ, കുട്ടികൾ, രോഗികൾ, വൃദ്ധന്മാർ ക്ഷേ

Digitized By Kerala Sahitya Akademi

തി,ങ്ങ ശാന്തിയ്ക്കു വളം-
വെയ്ക്കുവാനാകിൽ,ക്കൊള്ളാം!

3. നാലിടത്തിലുമാപ-
ത്താഞ്ഞടിയ്ക്കിലും, സ്വന്തം
കാലിന്മേൽ നിലക്കൊള്ളും,
വീഴ്ചപററാതെ നമ്മൾ:
വേല നാം ചെയ്യും; രത്ന-
ഗർഭ നമ്മുടെ ഭൂമി;
ലാലസ പണ്ടേ നമു-
ക്കില്ലല്ലോ പരസ്വത്തിൽ.
നഗരെപ്പൃതപ്പിയ്ക്കും,
തന്നുടൽത്തൊലികൊണ്ടും;
രുഗ്ണരെത്തൻ നെഞ്ചത്തും
കിടത്തിശ്ശുശ്രൂഷിയ്ക്കും;

ത്രങ്ങൾ എന്നിവയെ നശിപ്പിയ്ക്കുന്നതിൽ ഏൎപ്പെട്ടിരിയ്ക്കുന്നു. പൂൎവ്വർ=കാരണവന്മാർ.

3. രത്നഗർഭ=രത്നങ്ങൾ അന്തർഭാഗത്തുള്ളവൾ. ലാലസ=കൊതി. പരസ്വം=അന്യന്റെ സ്വത്ത്. അന്യസ്വത്തിൽ കൊതിയുള്ളവരേ പോരടിയ്ക്കാൻ പോവൂ. ഇന്ത്യയ്ക്കതില്ല. രുഗ്ണർ=രോഗികൾ. തപ്തർ=ദുഃഖിതർ (ചൂടുള്ളവർ എന്നും.) നമ്മുടെ ജീവവായുകൊണ്ടുപോലും നാം തപ്തരായ ആളുകളെ വീശി ആശ്വസിപ്പിയ്ക്കും. നാം അത്രയ്ക്കും സുസ്ഥിരമായ ത്യാഗശീലത്തോടു കൂടിയവരാണ്. അതുകൊണ്ട് ഹിംസയ്ക്കു എഴ

Digitized By Kerala Sahitya Akademi

അപ്പുരെത്തത്തൽക്കാലേ
    വീശിയാശ്വസിപ്പിയ്ക്കും,
സുസ്ഥിരത്യാഗന്മാർ നാം
    തൻ പ്രാണമരുത്വാലും!
എന്തിനു വിളംബിപ്പ-
    തി?–ഞെങ്ങളെല്ലാമല്ലോ–
നിന്തിരുവടിയ്ക്കിതാ;
    സ്വാഗതം ഭദ്രേ, ഹിംസേ—
ഇന്ത്യയാം വരാകിതൻ
    ധൈര്യവും സൌഭ്രാത്രവും
ചിന്തനവിശുദ്ധിയും
    കണ്ടനുഗ്രഹിപ്പാനായി!

ന്നുള്ളാമെന്ന്. വരാകിയായ (ദുഃഖിതയായ) ഇന്ത്യയുടെ ധൈര്യവും സഹോദരസ്നേഹവും ചിന്താശുദ്ധിയും കണ്ടനുഗ്രഹിക്കാം—നമ്മെ ഇളക്കിവിടാൻ കഴിയില്ലെന്ന്—എന്നിട്ട് വന്നവഴിയേ തിരിച്ചു പോകാം എന്നു വ്യംഗ്യം.

അന്നു റഷ്യൻവന്നിരുന്ന യുദ്ധവിപത്തിനെ കണ്ടിട്ട് എഴുതിയതാണീക്കവിത. പതിനേഴുകൊല്ലത്തിന്നുശേഷം അത്തരമൊരു ഭീകരാന്തരീക്ഷം വീണ്ടും ഇതാ നമ്മെ തുറിച്ചുനോക്കുന്നു!

Digitized By Kerala Sahitya Akademi

15. കന്നാലികളല്ല

1. ഇതാ, കൊലപ്പെട്ടു നിലംപതിച്ച
മൃഗത്തെ നായാടികളെന്നപോലെ,
വിഭഗ്നമാം ജർമ്മനിയെപ്പിടിച്ചു
വീതിച്ചെടുക്കുന്നു ബുഭുക്ഷിതന്മാർ!

2. യന്ത്രങ്ങൾ തൻ കൂട്ടതലാൽജ്ജയശ്രീ-
സംശ്ലേഷസന്തുഷ്ടി ലഭിച്ച നിങ്ങൾ
മനുഷ്യഭാവത്തെ വെടിഞ്ഞ,നാത്മ-
യന്ത്രങ്ങളായ്ത്തന്നെ ചമഞ്ഞുവെന്നോ?

1120 മിഥുനത്തിൽ എഴുതിയത്.

യുദ്ധാനന്തരം ജർമ്മനിയെ ഭാഗിച്ചതിനെപ്പററി.

1. വിഭഗ്നം=മുറിപ്പെട്ടത്. ബുഭുക്ഷിതന്മാർ=തീററക്കൊതിയന്മാർ. നായാട്ടുകാർ കൊലപ്പെട്ടു നിലംപതിച്ച മൃഗത്തെ വെട്ടിപ്പകുക്കുന്നപോലെയാണ്, യുദ്ധത്തിൽ നിലംപൊത്തിയ ജർമ്മനിയെ തീററക്കൊതിയരായ സാമ്രാജ്യവാദികൾ മുറിച്ചു പങ്കു വെച്ചതെന്നഭിപ്രായം. വെട്ടിപ്പകുത്തതിലുള്ള പ്രാകൃതത്വം വ്യഞ്ജിപ്പിക്കുന്നു.

2. ജയശ്രീസംശ്ലേഷസന്തുഷ്ടി=ജയലക്ഷ്മിയുടെ ആലിംഗനത്താൽ ലഭിച്ച സന്തോഷം. അനാത്മയന്ത്രങ്ങൾ=ആത്മാവില്ലാ (ജീവനില്ലാ)ത്ത യന്ത്രങ്ങൾ. യന്ത്രങ്ങളുടെ സമൃദ്ധി നിമിത്തം ജയം വരിച്ച സാമ്രാജ്യലോഭികൾ സന്തോഷത്താൽ മതിമറന്ന് വെറും യന്ത്രങ്ങളായിത്തീർന്നുവോ? മനുഷ്യസ്വഭാവം തീരേ പോയ്പോയോ?

Digitized By Kerala Sahitya Akademi

3. കെല്പില്ല കയ്യേതിനു, പോരിൽ വീണ
നാടിൻ മുറിപ്പാടിനു വീതികൂട്ടാൻ?
എന്നാലതിന്നൊത്ത മരുന്നു വെയ്ക്ക-
ലാകുന്നു, വീരോചിതമായ കമ്മം.

4. നമിച്ച നാടിൻ മുതുകെല്ലതന്മേ-
ല,തിന്നിമേൽപ്പേരെത്തുഴുനേററിടായ്വാൻ
കല്ലേററിവെയ്ക്കുന്നതു ശൌയ്യമാണോ?
വല്ലായ്മയെന്നല്ലിയിതിൻെറ നാമം!

5. ഈ വീരരാ നാസിസ-ഫാസിസത്തെ-
ത്തീയുണ്ടയാൽച്ചുട്ടു പൊടിച്ചുവെങ്കിൽ,
അതിൻെറ വെണ്ണീറു ജനാധിപത്യ-
ക്കടയ്ക്കൽ വെയ്ക്കട്ടെ വളത്തിനായി.

3. യുദ്ധത്തിൽ നിലംപൊത്തിയ ശത്രുവിൻെറ മുറി പ്പാടിനു വീതി കൂട്ടാൻ ഏതു കയ്യിന്നും കെൽപ്പുണ്ടാവും. എന്നാൽ വീരന്മാരുടെ ധമ്മം, ശത്രുതയെ മറന്ന്, ആ മുറിവ് ഉണക്കാൻ മരുന്നു വെച്ചു കെട്ടുകയാണ്.

4. നമിച്ച=നമസ്കരിച്ച; നിലംപൊത്തിയ. മിത്രരാജ്യങ്ങൾ നാസിസത്തെയും ഫാസിസത്തെയും ബോമ്പിട്ടു നശിപ്പിച്ചുവെങ്കിൽ, അതിൻെറ ചാരം ജനാധിപതിത്തിൻെറ കടയ്ക്കൽ വളമായി വെയ്ക്കട്ടെ. എന്നാലേ ജനാധിപത്യത്തെ രക്ഷിയ്ക്കാനാണ് യുദ്ധം ചെയ്തത് എന്നു് പറഞ്ഞിരുന്നത് യാഥാത്ഥമാവൂ. വെണ്ണീർ കൃഷിയ്ക്കു വളമാണല്ലോ.

Digitized By Kerala Sahitya Akademi

6. സാമ്രാജ്യഭ്രതക്കരുതിയ്ക്കവേണ്ടി-
യാണിത്ര ചെഞ്ചോര പൊഴിച്ചതെങ്കിൽ,
സംസ്കരമാർഗ്ഗച്യുതരായ്ക്കിരാത-
ക്കൂട്ടത്തിലെയ്ക്കാണി,വർ ചെന്നതെന്നാം.

7. നിന്മിത്രരാം കോയ്മകൾ വാസ്തവത്തി-
ലധീശതോത്സർഗ്ഗകദര്യരത്രേ;
തത്സംഗമാൽത്താദൃശിതന്നെയായോ
റഷ്യ സമത്വത്തെ വളത്ത നീയും?

8. എന്നിയ്ക്കുറപ്പുണ്ടൊരു ചാഞ്ഞടിഞ്ഞ
രാജ്യത്തെ മൂരുന്നതിനുള്ളതല്ല;

6. അതല്ല, സാമ്രാജ്യഭ്രതത്തെ മനുഷ്യരക്തമാകുന്ന കതതികൊണ്ടു തപ്പണം ചെയ്തു പ്രസാദിപ്പിയ്ക്കാനാണ് ഇത്രയും അസംഖ്യം ആളുകളുടെ ചോരയൊഴുക്കിയതെങ്കിൽ, ഇവർ സംസ്കാരത്തിൻെറ മാർഗ്ഗത്തിൽനിന്ന് ച്യുതരായ (അധഃപതിച്ച) കിരാത (കാട്ടാള)ന്മാരുടെ കൂട്ടക്കാരാവുകയാണ് ചെയ്തത്.

7. മിത്രരാജ്യങ്ങളിൽ റഷ്യ സമത്വത്തിന്നായി നിലക്കൊള്ളുന്നതായിട്ടാണ് ലോകത്തിലെ ഭൂരിപക്ഷം ആളുകൾ വിശ്വസിയ്ക്കുന്നത്. അതിനാൽ കവി റഷ്യയോടു മാത്രമായി ചോദിയ്ക്കുന്നു: 'നിൻെറ മിത്രങ്ങളായ ബ്രിട്ടനും അമേരിയ്ക്കയും മററും അധീശതോത്സർഗ്ഗകദര്യരാണ് (സാമ്രാജ്യത്വക്കോയ്മയെ ഉപേക്ഷിയ്ക്കുന്നതിൽ മടിയുള്ളവർ) തത്സംഗമാൽ= അവരുമായി കൂട്ടുചേന്നുകൊണ്ട്. താദൃശി=അങ്ങനത്തവൾ. ചീത്ത സംസർഗ്ഗംകൊണ്ട്, സമത്വത്തെ വളത്തിപ്പോന്ന റഷ്യയും അങ്ങനെയായോ എന്നു സംശയിച്ചുപോകുന്നു.

Digitized By Kerala Sahitya Akademi

അനീതിവാസ്സാം കളയൊക്കെയും കൊ-
യ്തുകററുവാനാണരിവൾ ദൃഢം തേ.

9. നീചോച്ചഭേദത്തെയടിച്ചുടച്ചാ-
നല്ലോ, കട്ടം ചുററിക നീ വഹിച്ചു;
ജേതാക്കൾപോലേ ജിതരും സഗർഭ്യ-
രാണെന്ന സത്യത്തെ മറന്നിടാ നീ!

10. സംസ്കാരബുദ്ധിവ്യവസായസംപ-
ദ്വൈദുഷ്യവാണിജ്യബലാദിയാലേ
മികച്ചുനിന്നീടിന നാടൊരാൾ തൽ
ചവുട്ടടിപ്പാട്ടിലമർന്നടഞ്ഞു.

8. എന്നാൽ ആ സംശയം അടിസ്ഥാനരഹിതമാണെന്നു തനിക്കുറപ്പുണ്ടെന്ന്. റഷ്യയുടെ കൊടിയടയാളമായ അരിവാൾ ചാഞ്ഞടിഞ്ഞ രാജ്യത്തെ (യുദ്ധത്തിൽത്തോററു നിലം പൊത്തിയ രാജ്യത്തെ) അരിയാനുള്ളതല്ല; വളർന്നുവരുന്ന അനീതിയുടെ കളകളെ അരിഞ്ഞുകററാനുള്ളതാണ്. മിത്രരാജ്യങ്ങൾ എല്ലാം ഒരുപോലെയാണെന്ന തൽപരകക്ഷികളുടെ പ്രചാരവേലയ്ക്കു മറുപടി.

9. നീചോച്ചഭേദത്തെ=താഴ്ന്നവരും ഉയർന്നവരുമെന്ന വ്യത്യാസത്തെ. അതിനെ അടിച്ചുടച്ചാനാണ് റഷ്യ ചുററിക (കൊടിയടയാളം അരിവാളും ചുററികയുമാണല്ലോ) വഹിച്ചിട്ടുള്ളതെന്ന്. ജേതാക്കൾ=ജയിച്ചവർ. ജിതർ=ജയിക്കപ്പെട്ടവർ (തോററവർ). സഗർഭ്യർ=സഹോദരർ. സമത്വത്തെ മാനിക്കുന്ന രാജ്യമായതുകൊണ്ടു ജയിച്ചവരും തോററവരും സഹോദരന്മാരാണെന്ന വാസ്തവം റഷ്യ മറക്കുകയില്ല.

10. സംസ്കാര.........ദിയാലേ=സംസ്കാരം, ബുദ്ധി, വ്യവസായം, സംപത്ത്, പാണ്ഡിത്യം, വാണിജ്യം, സൈന്യശക്തി എന്നിവയാൽ ലോകത്തിലെ മികച്ച രാജ്യങ്ങളിലൊ

Digitized By Kerala Sahitya Akademi

11. ഏകാധിപത്യച്ചുഴിയിൽക്കടുങ്ങി–
ക്കീഴ്പോട്ടടിഞ്ഞൂ, പെരിയോരു രാജ്യം;
അന്ധൻ ബലാൽക്കൊണ്ടുനടക്കമന്ധ–
രായ്പ്പോയ്, ക്രമാൽജ്ജെമ്മനിതൻ ജനങ്ങൾ.

12. സമസ്തരാജ്യാധിപതിത്വലോഭ–
പ്രമത്തനാ ഹിററ്ലരെങ്ങിദാനീം?
വിശ്വം വിഴുങ്ങാൻ വിരിവായ് പിളർത്ത
വിദ്വാനെ വിശ്വംഭര താൻ വിഴുങ്ങീ!

13. സാമ്രാജ്യമേ, നിൻെറ സുവർണ്ണരത്ന–
സിംഹാസനത്തിൻ കൊടുതാം കനത്താൽ

ന്നായിരുന്ന ജർമ്മനി ഒരേകാധിപതിയുടെ—ഹിററ്ലരുടെ—ചവുട്ടടിയിൽ അമൎന്നു തരിപ്പണമായി. ഏകാധിപത്യം ഇവയെയൊക്കെ നശിപ്പിയ്ക്കുന്നതാണെന്നാശയം.

11. കുരുടൻ കുരുടന്മാരെ നയിച്ചാലത്തെ അനുഭവമാണ് ജർമ്മനിയ്ക്കു വന്നുചേൎന്നത്.

12. സമസ്ത............പ്രമത്തൻ=എല്ലാ രാജ്യങ്ങളുടെയും ആധിപത്യം കിട്ടാനുള്ള കൊതിമൂലം ലക്കില്ലായവൻ. ഇദാനീം=ഇപ്പോൾ. വിശ്വം.........പിളരും—ഹിററ്ലർ വായ് പൊളിച്ചുനില്ക്കുന്ന ചിത്രത്തെ ഓൎക്കുക. ലോകത്തെ വിഴുങ്ങാൻ വായ്പിളൎന്നു നിന്ന ആ വിദ്വാനെ വിശ്വംഭര(ഭൂമി) തന്നെ വിഴുങ്ങി! എന്തൊരു വിധിവൈപരീത്യം! സ്വേച്ഛാധിപതികളുടെ ഗതി ഇതാണെന്ന്.

3. സുവൎണ്ണസിംഹാസനം—സാമ്രാജ്യാധിപത്യത്തിൻെറ സിംഹാസനം. അതിൻെറ കനം താങ്ങാൻ വയ്യാതെ ഏതേതു ഭൂഖണ്ഡമാണ് (ഏഷ്യ-ആഫ്രിക്ക എന്നിവ) പൊട്ടക്കളിമണ്ണുപോലെ താഴ്ന്നുപോകാത്തത്? ഏഷ്യയിലേയും

Digitized By Kerala Sahitya Akademi

ഏതേതു ഭൂഖണ്ഡമമത്തൂതാഴ്ത്ത
പ്പെട്ടീല, പൊട്ടച്ചളിമണ്ണുപോലെ?

14 തൃപ്പൊങ്കിരീടത്തെയിതക്കനെന്നു
വന്ദിയ്ക്കയാൽ വഞ്ചിതമായി ലോകം:
അതിന്നിരുട്ടാണു, വെളിച്ചമല്ല,
തേജസ്സിനാൽക്കിട്ടിയതീ,യുഗത്തിൽ!

15. 'തണുപ്പ'രാകം തിരുമേനിമാക്ക
വെൺചാമരം വീശിയ സാധുശീലർ
അതിൻെറ കാററാൽ സ്വവിഭൂതിദീപം
പൊലിഞ്ഞുപോകുന്നതറിഞ്ഞതില്ല

ആഫ്രിക്കയിലേയും രാജ്യങ്ങൾ സാമ്രാജ്യക്കോയ്മയുടെ ചവിട്ട ടിയിൽ അമൎന്നു് അധഃപതിച്ചുപോയതിനെ സൂചിപ്പിയ്ക്കുന്നു.

14. തൃപ്പൊൻകിരീടത്തെ—സാമ്രാജ്യചക്രവത്തിയുടെ കിരീടം. അക്കൻ=സൂൎയ്യൻ. അതിൻെറ പ്രകാശധോരണികണ്ടു് ലോകത്തിലെ ജനങ്ങൾ സൂൎയ്യനാണെന്നു കരുതി ആദ്യമാദ്യം വന്ദിച്ചു; പക്ഷേ, അവക്ക ക്രമേണ മനസ്സിലായി, ഈ കിരീ ടമാകുന്ന സൂൎയ്യൻ, വെളിച്ചമല്ല ഇരുട്ടാണു് (ലോകത്തിന്നു) നല്കുന്നതെന്നു്. (അടിമത്തം ജനങ്ങളെ അജ്ഞരും അന്ധരും നിരക്ഷരും പട്ടിണിക്കാരുമാക്കിത്തീൎത്തു.) ഈ യുഗത്തിൽ— ഈ യുഗത്തിൻെറ ഒരു വിധിവൈപരീത്യം! കാലം കലിയുഗ മാണല്ലോ.

15. തണുപ്പർ—അലസർ. സ്വതേ തണുപ്പുള്ളതാണു് യൂറോപ്യൻരാജ്യങ്ങളെല്ലാമെന്നതുകൂടി ഓക്കുക. ചക്രവത്തിമാ രെ വെൺചാമരം വീശിപ്പോന്ന പാവങ്ങൾ, ആ കാററിൽ തങ്ങളുടെ ഐശ്വൎയ്യത്തിൻെറ വിളക്കു കെട്ടുപോവുന്നതു് അ റിയുന്നില്ല! ഈ വാസ്തവം മനസ്സിലാക്കാൻപോലും കഴിയാ

Digitized By Kerala Sahitya Akademi

16. ചിരാലിതാ, ചിന്ത തെളിഞ്ഞു; മേലിൽ-
സ്സമ്രാട്ട്പദത്തിൽ സ്ഥിതിയേട്ടിൽ മാത്രം;
ചെംകോലു പൊങ്ങിച്ചൊരുവന്നു മേയ്ക്കാ
നാവുന്ന കന്നാലികളല്ല മർത്ത്യർ!

ത്തവണ്ണം അവരെ അത്ര അജ്ഞാതരാക്കിത്തീർത്തിരുന്നു അടി മത്തം.

16. ചിരാൽ=കുറച്ചുകാലമായി. ആ അജ്ഞതനീങ്ങി ആളുകളുടെ ആലോചനാശീലം തെളിഞ്ഞുവന്നുതുടങ്ങി; ഇനി മേലിൽ സാമ്രാജ്യാധിപത്യം പുസ്തകത്തിന്റെ ഏട്ടിലേ കാണൂ. സാമ്രാജ്യാധിപത്യത്തിന്റെ ചെംകോലുകൊണ്ടു മേയ്ക്കാവുന്ന കന്നാലികളല്ലാതായിത്തീർന്നിരിയ്ക്കുന്നു, മനുഷ്യർ. രാജ്യങ്ങളുടെയും മനുഷ്യരുടെയും സമത്വബോധം വളർന്നുതുടങ്ങി എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

16. മിഥ്യാഭിമാനം

(പാന)

1 അദ്ദിനാന്തത്തിലൊററക്കയർകൊണ്ടു
ബദ്ധകണ്ഠങ്ങളെട്ടുപത്താളുകൾ,
ഒത്തൊരേവരിയായി നടകൊണ്ടു
യുദ്ധയാത്രയിൽക്കാലാൾകൾപോലവേ,
ഉണ്ടവയ്ക്കു പിറകേ; മുടിക്കോലും-
കൊണ്ടൊരു ക്കുററനായ സുബേദാരും;
കണ്ടുനിന്നു സഹഷം, നിരത്തിൻെറ
രണ്ടു വക്കിലും ബാലവിദ്യാത്ഥികൾ.
വൃദ്ധസൂയ്യൻെറ തൃക്കര ശില്പമാം
ചിത്രമേഘവ്രജത്തിൽനിന്നഞ്ജസാ

1117-കക്കടകത്തിൽ എഴുതിയതു്

1. ദിനാന്തം=സന്ധ്യാസമയം. ബദ്ധകണ്ഠങ്ങൾ=കഴുത്തു ബന്ധിക്കപ്പെട്ടവ. ഒരു കയർകൊണ്ടു് എട്ടു-പത്താടുകളെഒന്നിച്ചു കെട്ടിയിരിക്കുകയാണ്. അവ ഒരേവരിയായി ക്രമംതെററാതെയാണു് നടന്നിരുന്നതു്. അതു കണ്ടാൽ യുദ്ധത്തിൽ പട്ടാളക്കാർ നടന്നിരുന്നതുപോലെ തോന്നും. സുബേദാർ സൈന്യപക്ഷത്തിൽ സൈന്യത്തിൻെറ മേലാൾ; ആടുകളെല്ലാം ബന്ധിച്ചിടത്തോളം ആടിനെ മേയ്ക്കുന്ന ആൾ. സഹഷം=സന്തോഷത്തോടേ. കുട്ടികൾ ഈ പട്ടാളത്തെ സന്തോഷത്തോടെ നോക്കിനിന്നു. വൃദ്ധസൂയ്യൻ—അസ്തമിക്കാറായസൂയ്യൻ ചിത്രമേഘവ്രജം=നാനാ വണ്ണത്തിലുള്ളമേഘങ്ങളുടെ കൂട്ടം. അഞ്ജസാ=പെട്ടെന്നു്. പൃത്ഥ്വി=ഭൂമി. രക്തശുഭ്രാസിതങ്ങൾ=

Digitized By Kerala Sahitya Akademi

പൃഥ്വിയിൽ വീണുപോയ കഷ്ണങ്ങളോ,
രക്തശുഭ്രാസിതങ്ങളീ മേഷങ്ങൾ!

2. ചഞ്ചലമായ ചുണ്ടാൽ വഴിയ്ക്കുള്ള
പിഞ്ചിലകളോടോരോന്നു മന്ത്രിച്ചും,
കിഞ്ചന കുളർമെപൊച്ചയുമുൾച്ചേരു-
മഞ്ചിതങ്ങളാം 'മേമേ' സ്വരങ്ങളാൽ
അധ്വപാർശ്വേ പതഞ്ഞൊഴുകും ജല
മൊത്ത തോടിനെ പുഞ്ചിരിക്കൊള്ളിച്ചും,
പിന്നിൽ നേതാവുമായിഗ്ഗമിച്ചിതാ,
വഹ്നിവാഹനവംശ്യരാം പ്രാണികൾ.

3. ആലയിൽക്കൊണ്ടുചെന്നാക്കി, വേണ്ടതു-
പോലെ തീനേകി രക്ഷിയ്ക്കുവാനല്ല,
നാളെയല്ലെങ്കിലിന്നുതന്നേ ഗള-
നാളിയിൽക്കത്തി പായിപ്പതിനല്ലോ

ചുവന്നും വെളുത്തും കറുത്തുമുള്ളവ. മേഷങ്ങൾ=ആടുകൾ. ചുവന്നും വെളുത്തും കറുത്തുമുള്ള ഈ ആടുകളെക്കണ്ടാൽ, ആകാശത്തിൽനിന്നു നാനാവർണ്ണത്തിലുള്ള മേഘങ്ങൾ പെട്ടെന്നു താഴെ വീണതാണോ എന്നു തോന്നും.

2. ചഞ്ചലം=ഇളകുന്നത്. ആടുകളുടേ ചുണ്ടുകൾ എല്ലായ്പ്പോഴും ഇളകിക്കൊണ്ടിരിയ്ക്കും. ആടുകൾ ചുണ്ടനക്കി പിഞ്ചിലകളുടെ അടുക്കൽ ചെല്ലുന്നതു കണ്ടാൽ, അവയോടു് എന്തോ മന്ത്രിയ്ക്കുകയാണെന്നു തോന്നും. കിഞ്ചന=കുറഞ്ഞൊന്നു. അഞ്ചിതങ്ങൾ=മനോഹരങ്ങൾ. അധ്വപാർശ്വേ=പാതയുടെ ഒരു വശത്തൂടേ. പാതയുടെ പാർശ്വഭാഗത്തുള്ള തോടു്. ആടുകളുടെ മനോഹരമായ 'മേമേ' സ്വരങ്ങൾ കേട്ടു് പതയാൽ പുഞ്ചിരിക്കൊണ്ടു. വഹ്നിവാഹനവംശ്യർ=അഗ്നിയുടെ വാഹനത്തിൻെറതായ വംശത്തിൽപ്പിറന്നവർ (അഗ്നിയുടെ വാഹനം ആടാണത്രെ.)

Digitized By Kerala Sahitya Akademi

കൊണ്ടുപോവതിക്കൊച്ചുമൃഗങ്ങളെ,
രണ്ടു കാലിൽ നടക്കുന്നൊരു മൃഗം.
ജീവിതാന്തത്തിലെത്തുമാണു തങ്ങളി-
പ്പോവതെന്നിടർകൊണ്ടീല പാവങ്ങൾ;
ഭാവഭേദമൊരല്പവുമില്ലവ-
യ്ക്കാവതീയെത്ര ശാന്തിദ,യജ്ഞതേ!

4. ജീവനെ വിററു ജീവനെപ്പോററലോ
മൈ വിഴങ്ങി മൈ വീപ്പിയ്ക്കയോ ചിരാൽ
ത്യക്തമായില ബുദ്ധന്റെ നാടാലും:
സുസ്ഥിരം തന്നെ, ഹിംസതൻ പ്രാഭവം!
മാംസവില്പനക്കാരന്റെ മുററത്തിൻ
മാതിരികളെക്കാട്ടുവാൻ വേണ്ടിയോ,

3. ഗളനാളി=കഴുത്തു്. രണ്ടുകാലിൽ.........മൃഗം—മനുഷ്യൻ. ഇതിനെ തെളിച്ചുകൊണ്ടുപോകുന്ന ആൾ മറേറ മൃഗങ്ങളിൽനിന്നു വ്യത്യാസപ്പെട്ടവനല്ല എന്നാശയം. ജീവിതാന്തം=ആയുസ്സിന്റെ അറുതി. ശാന്തിദ=ആശ്വാസം നല്കുന്നവൾ. അജ്ഞത പാവങ്ങൾക്കു് എത്ര ആശ്വാസദായകമാണു്! തങ്ങളെ കൊല്ലാനാണു് കൊണ്ടുപോകുന്നതെന്ന വാസ്തവം ആ പാവപ്പെട്ട മൃഗങ്ങൾ അറിഞ്ഞില്ല. അതുകൊണ്ടു് അവയ്ക്കു് യാതൊരു ഭാവഭേദവുമുണ്ടായില്ല.

4. മൈ=ശരീരം. ത്യക്തം=ഉപേക്ഷിയ്ക്കപ്പെട്ടതു്. അഹിംസയുടെ ജന്മഭൂമിയായ ബുദ്ധന്റെ നാടായ ഈ ഭാരതവും ജീവനെ വിററു ജീവനെ പോററലോ, മറെറാരാളുടെ ദേഹം വിഴങ്ങി സ്വന്തം തടിവീപ്പിയ്ക്കലോ വളരെക്കാലമായിട്ടും കൈവടിഞ്ഞിട്ടില്ല. ഹിംസയുടെ പ്രാഭവം (മേന്മ) ശാശ്വതംതന്നെ എന്നു തോന്നിപ്പോകുന്നു! വാരുണാശ=പടിഞ്ഞാ

Digitized By Kerala Sahitya Akademi

ചോര വാറെറാലിയ്ക്കുന്നതാക്കി തദാ
വാരുണാശയെ,ക്കാലവിചേഷ്ടിതം!

5. മിണ്ടവാനറിയാത്ത ജന്തുക്കളെ-
ക്കൊണ്ടുപോകുന്നു മർത്ത്യൻ കശാപ്പിനായ്;
മർത്ത്യനും ഹാ, തെളിയ്ക്കപ്പെടുന്നതു,
മൃത്യുവിൻ ചന്തയിങ്കലെയ്ക്കനച്ചഹം!
വെട്ടു കിട്ടുമ്പോൾ വീഴുകയെന്നല്ലാ..
തൊട്ടുമോപ്പ്രിലിതിങ്ങിരുകൂട്ടരും!
മിഥ്യ നിന്നഭിമാനം: മൃഗത്തെക്കാൾ
ബുദ്ധിയേറിയോനാണോ, മനുഷ്യ, നീ?

റേ ദിക്ക്. പടിഞ്ഞാറേ ആകാശത്തെ കാലത്തിൻെറ വിചേഷ്ടിതം (വികൃതി) ചോരവാറെറാലിയ്ക്കുന്നതുപോലെയാക്കി (അന്തിച്ചുവപ്പിനെ ചോരയൊലിയ്ക്കുന്നതായി സങ്കല്പിച്ചിരിയ്ക്കുന്നു)—ഇതു കണ്ടാൽ കശാപ്പുകാരൻെറ മുററത്തിൻെറ മാതിരി കാണിയ്ക്കാൻവേണ്ടിയാണോ എന്നു തോന്നിപ്പോകും.

5. മിണ്ടാപ്രാണികളെ മനുഷ്യൻ കശാപ്പുശാലയിലേയ്ക്കു കൊണ്ടുപോകുന്നു; ആ മനുഷ്യനും അനച്ചഹം (നിത്യം) മരണത്തിൻെറ കശാപ്പുശാലയിലേയ്ക്കുതന്നെ ആനയിയ്ക്കപ്പെടുന്നു. രണ്ടു കൂട്ടരും മരണം തങ്ങളെ വെട്ടിവീഴ്ത്തി എന്നാവുമ്പോൾ മറിഞ്ഞുവീഴുന്നു; രണ്ടുകൂട്ടരുടെ മരണവും ഒാക്കാപ്പുറത്താണ്. അപ്പോൾ മനുഷ്യൻ മൃഗത്തെക്കാൾ ബുദ്ധിയുള്ളവനാണെന്ന അഭിമാനം മിഥ്യ (അയഥാർത്ഥ)മല്ലേ!

———

Digitized By Kerala Sahitya Akademi

17. കേരളം

(കേക)

1 ഭാഗ്യദേവതാഭദ്ര-
പ്രതിഷ്ഠയ്ക്കൊക്കെയും വണ്ണം
ഭാർഗ്ഗവമുനിയാകു-
മപൂർവശില്പീന്ദ്രനാൽ,
തന്മഹാപരശ്വധ-
മാമൊരായുധംകൊണ്ടു
നിർമ്മിതമിദം ഭജേ
കേരളപുണ്യക്ഷേത്രം.
വടക്കും കിഴക്കും വൻ
മലകൾ മതിലുകൾ
കടലാമാഴം കൂട്ടം
കിടങ്ങു തെക്കും മേക്കും;

1095-കർക്കടകം25-ാംനു തിങ്കളാഴ്ച എഴുതിയത്.

1. ഭാഗ്യദേവതാഭദ്രപ്രതിഷ്ഠ=ഭാഗ്യദേവതയുടെ മംഗളകരമായ പ്രതിഷ്ഠ. ഭാർഗ്ഗവമുനി=പരശുരാമൻ. അപൂർവശില്പീന്ദ്രൻ=അസാധാരണനായ ശില്പിശ്രേഷ്ഠൻ. ഭാഗ്യദേവതയെ പ്രതിഷ്ഠിക്കുക മുമ്പുണ്ടാകാത്തതത്രെ, അതുകൊണ്ടാണ് അതിന്നനുരൂപനായ അപൂർവശില്പിശ്രേഷ്ഠനെന്നു വിശേഷിപ്പിച്ചത്. പരശ്വധം=മഴു. ഒരായുധം=ഒരൊററ ആയുധം. നിർമ്മിതം=നിർമ്മിച്ചത്. ഇദം=ഈ. ഇതും മുമ്പുണ്ടാകാത്തതാണ്: ഒരൊററ ആയുധംകൊണ്ട് ഒരു വാസസ്ഥാനം

Digitized By Kerala Sahitya Akademi

പ്രകൃത്യാ ദുരാധൎഷം,
പ്രകൃതീരമണീയം
സുകൃതൈകാവാപ്യം ഹാ,
ദേവി നിൻ വാസസ്ഥാനം!
താഴ്ചയുമുയൎച്ചയു-
മെന്റരള്ള ഭേദം പുറം-
കാഴ്ചയിൽ മാത്രം നിന-
ക്കദ്വൈതോദയഭൂവേ:
പറയക്കുടിൽപോലും
ബ്രഹ്മവൎച്ചസംകൊണ്ടു
നിറയുമാറാക്കുന്നോ-
ന്നല്ലി നിന്നനുഭാവം!

നിൎമ്മിക്കുക എന്നതു്? ഇതു നിൎമ്മാതാവിൻെറയും നിൎമ്മാതാവിൻെറ ആയുധത്തിൻെറയും അപൂൎവശില്പസാമൎത്ഥ്യത്തെ വ്യഞ്ജിപ്പിക്കുന്നു. ഭജേ=ഞാൻ ഭജിക്കുന്നു. കേരളം പുണ്യക്ഷേത്രമായതുകൊണ്ടാണു്, ഭദ്രമായപ്രതിഷ്ഠ എന്നു പറഞ്ഞതു്. ദുരാധൎഷം=ആക്രമിക്കാൻ വയ്യാത്തതു്. പ്രകൃതി തന്നെ ഈ പുണ്യക്ഷേത്രത്തിന്നു കോട്ടകെട്ടിയിരിക്കുന്നു. അതുകൊണ്ടു് അതിനെ ആക്രമിക്കുക എളുപ്പമല്ല. സുകൃതൈകാവാപ്യം=പുണ്യകൎമ്മംകൊണ്ടുമാത്രം പ്രാപിക്കാവുന്നതു്. പുണ്യം ചെയ്യുവൎക്കേ ഈ ദേവിയുടെ വാസസ്ഥാനത്തെ പ്രാപിക്കാനാവൂ! പുറം കാഴ്ചയിൽ മാത്രം—പുറമേ കാണുന്ന കുന്നും കുഴികളും നിമിത്തമുള്ള ഉയൎച്ചയും താഴ്ചയും ഇല്ലെന്നൎത്ഥം. എല്ലാററിനെയും സമഭാവനയോടെയാണ് ഈ അദ്വൈതഭൂവ്(അദ്വൈതം പിറന്ന ഭൂമി വീക്ഷിക്കുന്നതു്. പറയക്കുടിൽ

Digitized By Kerala Sahitya Akademi

നിൻകോവില്ക്കകത്തുനി-
    ന്നുച്ചത്തിൽ പ്രസരിച്ച
ശങ്കരശ്രീമൽകണ്ണ-
    ശംഖമംഗളശബ്ദം
ഭയദമാകും ദ്വൈത
    ബുദ്ധിയാം തമസ്സിങ്കൽ
മയങ്ങും ജഗത്തിനെ-
    യെത്രമേലുണർത്തീലാ?
നിന്നിൽ വാൾ കൊണ്ട കരി-
    ങ്കുവളപ്പൂമാലയും
മിന്നിയ പരിചയാൽ
    കുങ്കമപ്പൊട്ടും ചാർത്തി,

പോലും..............ഭാവം—പാക്കനാരെ ഓക്കുക. ബ്രഹ്മവച്ച് സാ=ബ്രഹ്മതേജസ്സ്. അനുഭാവം=പ്രഭാവം. പ്രസരിച്ച=ഒഴുകിയ. ശങ്കര..........ശബ്ദം=ശങ്കരൻെറ ശ്രീമത്തായ (ശ്രേഷ്ഠമായ) കണ്ണമാകുന്ന ശംഖത്തിൻെറ മംഗളശബ്ദം. (അദ്വൈതത്തിൻെറ മംഗളധ്വനി) ഈ നീണ്ട പദസംഘാതം, ശങ്കരാചാര്യരുടെ അദ്വൈതമംഗളധ്വനി ആസേതുഹിമാചലം വ്യാപിച്ചതിൻെറ പ്രതീതി ഉണ്ടാക്കുന്നു! ഭയദം=പേടിപ്പെടുത്തുന്ന. ദ്വൈതബുദ്ധി=രണ്ടെന്ന ഭാവം. തമസ്സ്=ഇരുട്ട്; അജ്ഞാനം. അജ്ഞാനമാണ് ദ്വൈതബുദ്ധിക്ക് കാരണമെന്നാശയം. ശ്രീശങ്കരൻെറ അദ്വൈതത്തിൻെറ മന്ത്രമായ മംഗളധ്വനിയാണ് അന്നേവരെ ഭീഷണമായ ദ്വൈതബുദ്ധിയുടെ ഇരുട്ടിൽക്കിടന്നു മയങ്ങിയിരുന്ന ലോകത്തെ തട്ടിയുണർത്തിയതു്. നിന്നിൽ ചാർത്തി=വാൾകൊണ്ട കരിംകുവളപ്പൂമാലയും (രണ്ടിനും തമ്മിലുള്ള സാമ്യം പ്രസിദ്ധം) മിന്നിയ പരിചയാൽ

Digitized By Kerala Sahitya Akademi

ധന്യയാം ഭവതിയെ-
    സ്സേവിച്ച വീരശ്രീ പ-
ണ്ടന്യതോ ദുഷ്പ്രാപമാം
    സുപ്രശസ്തിയെ നേടീ.
പേരാറും പെരിയാറും
    മററുമാം നനക്കാരാൽ
ധാരാളം വളർത്തപ്പെ-
    ട്ടുള്ള നിന്നാരാമത്തിൽ
തേൻകനി നുകൎന്നുകൊ-
    ണ്ടങ്ങിങ്ങു തത്തിപ്പാറി-
പ്പൈങ്കിളി പാടും പാട്ടും
    പണ്ഡിതൎക്കൊരു വേദം!

കുങ്കുമപ്പൊട്ടും (പരിചയുടെ നിറം ചുവപ്പാണല്ലോ. അതു കണ്ടാൽ കുങ്കുമപ്പൊട്ടാണെന്നു തോന്നും) ചാർത്തി, ഭവതി (കേരള)യെസ്സേവിച്ചുകൊണ്ട്, വീരശ്രീ (വീരലക്ഷ്മി) പണ്ട് അന്യതഃ (മറെറാരിടത്തുനിന്നു്) ദുഷപ്രാപമായ സുപ്രശസ്തിയെ നേടിക്കളഞ്ഞു. വാളും കരിംകുവളമാലയും തമ്മിലും പരിചയും കുങ്കുമപ്പൊട്ടുംതമ്മിലും യാതൊരു ഭേദവും കല്പിച്ചിരുന്നില്ല, ഈ അദ്വൈതഭൂവായ കേരളം. ഈ അദ്വൈതബുദ്ധി മറെറാരിടത്ത് ദുർല്ലഭമായിരുന്നതിനാലാണ്, മറെറാരിടത്തു ദുഷ്പ്രാപമായ സുപ്രശസ്തിയെ നേടി എന്നു പറഞ്ഞത്. പൈങ്കിളി പാട്ടും..............വേദം—തുഞ്ചത്തു എഴുത്തച്ഛൻ കിളിയെക്കൊണ്ടാണല്ലോ രാമായണ-ഭാരതകഥകൾ പറയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്ന് കിളിപ്പാട്ട് ഒരു വേദംതന്നെയായിരുന്നു! (ഭാരതത്തെ പഞ്ചമവേദമായിട്ടാണ് പരിഗണിക്കാറ്.) രണ്ടും തമ്മിൽ യാതൊരുവ്യത്യാസവും തോന്നിയിരുന്നില്ല.

Digitized By Kerala Sahitya Akademi

2 കാറകന്നിതാ, വാനം-
ഉവെള്ളിവിതാനമായ്,
ചാതുകമ്മായം തേച്ച-
മട്ടിലായ് ദിഗ്ഭിത്തികൾ;
തെളിപൊയ്കകൾ പൂകി-
ത്തണ്ടലർ മണം പൂശും
കുളിർകാറേററു പല
കൊടികൾ കൂത്താടുന്നൂ,
സൌരച്ചെംകതിരുകൾ
പട്ടകൾക്കുള്ളിൽച്ചിന്നും
കേരങ്ങളാകും പീലി-
ക്കുടകൾ പൊങ്ങിക്കാണ്മൂ;
കൈവില്ലിൻ കളകപാണം-
കലന്ന കിടാങ്ങൾതൻ

2. കാറകന്ന്—ഓണക്കാലത്ത് ആകാശം പൊതുവിൽ മഴക്കാറുകളെല്ലാം അകന്ന് സ്ഫടികനിർമ്മലമായി പ്രകാശിക്കാറുണ്ടല്ലോ. ചാതുകമ്മായം തേച്ച........ ദിഗ്ഭിത്തികൾ—വിശേഷാവസരങ്ങളിൽ വീട്ടുകൾ വെള്ള വലിക്കാറുള്ളതിനെ അനുസ്മരിക്കുക. തണ്ടലർ=താമരപ്പൂ. കൊടികൾ—കുരുമുളക—വെററിലക്കൊടികൾ. കൂത്താടുന്നു=നൃത്തം ചെയ്യുന്നു. സൌരച്ചെംകതിരുകൾ—സൂര്യന്റെ ചെംകതിരുകൾ. അലുക്കിട്ട കുടകളുയർത്തിയിരിക്കുന്നതായികല്പിച്ചിരിക്കുന്നു. കളകപാണം=മധുരശബ്ദം. പൂരിക്കുക=നിറയുക. ഓണക്കാലത്തെ ഉത്സവത്തിന്റെ ആഹ്ലാദകോലാഹലങ്ങൾ നീളെ കാണുന്നു.

Digitized By Kerala Sahitya Akademi

'പൂവിളി'ക്കോലാഹലം
പൂരിയ്ക്കുന്നിതു നീളേ.

3\. നെല്ലുകൾ വിളഞ്ഞുള്ള
പാടമാം തുമഞ്ഞപ്പ-
ട്ടുല്ലാസാലുടുത്ത,ണി-
ത്തുമ്പപ്പൂഹാരത്തോടും,
നൂതനനാനാസസ്യ-
ശ്യാമളോത്തരീയയായ്,
ശ്രീതഴച്ചരുളുന്ന
നിന്തിരുവടിയുടെ
ശ്രാവണോത്സവം ദൂരാ-
ലിവിടെയ്ക്കാകർഷിപ്പൂ
ദേവലോകൈശ്വര്യഭു-
ക്കായ മാബലിയെയും!

3\. നെല്ലുകൾ...............തുമഞ്ഞപ്പട്ട്—നെല്ലു വിളഞ്ഞ പാടങ്ങൾ കണ്ടാൽ, കേരളശ്രീ തുമഞ്ഞപ്പട്ടുടുത്തതായി തോന്നും. തുമ്പപ്പൂഹാരം—മുത്തുമാല. നൂതന...........ഉത്തരീയയായ്=പുതിയ പലവിധം സസ്യാവലികളാൽ പച്ചനിറത്തിലുള്ള ഉത്തരീയം (മേൽമുണ്ട്)ധരിച്ചുകൊണ്ട്. ശ്രീ=ഐശ്വര്യം. ഉത്സവത്തിന്നനുരൂപമായ വേഷവിധാനമത്രേ മേൽപ്പറഞ്ഞതു്. ശ്രാവണോത്സവം=(ശ്രാവണമാസത്തിലെ) ഓണമാകുന്ന ഉത്സവം. ദൂരാൽ=ദൂരത്തുനിന്നു്. ദേവലോകൈശ്വര്യഭുക്ക്=ദേവലോകത്തിലെ ഐശ്വര്യം ഭുജിയ്ക്കുന്ന മഹാബലിയെക്കൂടി ഓണം ഇങ്ങോട്ടാകർഷിയ്ക്കുന്നു. മഹാബലി

Digitized By Kerala Sahitya Akademi

ഹന്ത, നിൻ സൌഭാഗ്യമേ
സൌഭാഗ്യമമ്മേ! ഞങ്ങൾ -
ക്കെന്തിതിൽപ്പരം വേണ്ടൂ?
നിന്മക്കളല്ലോ ഞങ്ങൾ!

കേരളം സന്ദർശിയ്ക്കുന്നതിനെ പ്രമാണിച്ചാണല്ലോ ഓണാഘോഷം. ഇതിൽപ്പരം ഏന്തു സൌഭാഗ്യമാണ് നമുക്കവേണ്ടത്? ഇതാണ് യഥാർത്ഥമായ സൌഭാഗ്യം: നാം കേരളത്തിൻെറ മക്കളാണെന്നതുതന്നെ നമ്മെ കൃതാർത്ഥരാക്കാൻ പോന്നതാണ്!

—ജി. കെ. സി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi